കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2021 ജൂൺ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ



**ഖസാക്കിലെ തുമ്പികൾ**
(വൈജ്ഞാനികം)
**സെബാസ്റ്റ്യൻ പള്ളിത്തോട്**
വില ₹70




**സ്റ്റീഫൻ ഹോക്കിങ്**
(ശാസ്ത്രം)
**ഡോ. ജോർജ്ജ് വർഗീസ്**
വില ₹100.00



**കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്** (വൈജ്ഞാനികം)
**ഡോ. ബി ഇക്ബാൽ**
വില ₹210.00




**കാണാപ്പുറങ്ങൾ**
(കഥ)
**ബ്രിജി കെ റ്റി**
വില ₹80.00



**പഴമ മലയാളം**
(വൈജ്ഞാനികം)
**പള്ളിയറ ശ്രീധരൻ**
വില ₹90



**ചിന്നുവിന്റെ ചിരിക്കാലം** (നോവൽ)
**അഖില എം**
വില ₹60



**തച്ചനാർ**
(കഥ)
**സി രാധാകൃഷ്ണൻ**
വില ₹90




**ഗലീലിയോ**
(വൈജ്ഞാനികം)
**അരുൺ സി ജി**
വില ₹100



**ഇ എം എസിന്റെ ജീവിതകഥ** (ജീവചരിത്രം)
**പയ്യന്നൂർ കുഞ്ഞിരാമൻ**
വില ₹70



**കുട്ടികളുടെ ലോകം**
(വൈജ്ഞാനികം)
**ഡോ. എം ആർ തമ്പാൻ**
വില ₹40



**പച്ചപ്പനങ്കിളി**
(കവിത)
**ഡോ. എസ് രാജശേഖരൻ**
വില ₹45




**മാർക്കോണി**
(ജീവചരിത്രം)
**സുധീർ പൂച്ചാലി**
വില ₹60

**കൂടുതൽ പുസ്തകങ്ങൾക്ക്** **website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ജൂൺ 2021**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

**ഉള്ളടക്കം**

## പരിസ്ഥിതി ചിന്തകൾ

8

**എസ് സതീഷ്**

ജൂൺ 5 – ലോക പരിസ്ഥിതി ദിനം. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിന്റെ മുദ്രാവാക്യം പരിസ്ഥിതി പുനഃസ്ഥാപനമാണ്. മാനവരാശിയുടെ നിലനില്പിന്റെ അടിസ്ഥാനമായ പരിസ്ഥിതിക്ക് ദോഷം വരുന്നതൊന്നും ഇനി മേലിൽ ചെയ്യില്ലെന്ന് നമുക്ക് ദൃഢപ്രതിജ്ഞ ചെയ്യാം...



## ഒരിടത്തൊരിടത്ത്...

22

**ഡോ. കെ ശ്രീകുമാർ**



ആരെയും പിടിച്ചിരുത്തുന്ന കഥാഖ്യാന ശൈലിയിലൂടെ കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ രസിപ്പിച്ച സുമംഗല ഇനി ആ കഥകളിലൂടെ നമ്മുടെ മനസ്സിൽ ജീവിക്കും. പ്രണാമം...

## ചുവന്ന പേഴ്സ്

26

**പ്രേമജ ഹരീന്ദ്രൻ**

വായനശാലയിൽ പോകാനും പുസ്തകം വായിക്കാനുമൊക്കെയിഷ്ടമുള്ള അനൂപിനെ ദാമുവേട്ടന്റെ കടയിലിരിക്കുന്ന ആ സമ്പൂർണ ചിത്രകഥ രണ്ടുമൂന്നു ദിവസമായി നോക്കി കൊതിപ്പിക്കുകയാണ്. അനൂപിന് പുസ്തകം കിട്ടിയോന്നറിയണ്ടേ കൂട്ടുകാർക്ക്...




**എഡിറ്റോറിയൽ**...4
പള്ളിയറ ശ്രീധരൻ
**ആനക്കാര്യം**...5
രാജീവ് എൻ ടി
**കവിതാപരിചയം**...6
സുഗതകുമാരി
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 40 വയസ്സ്**...15
**ചെറിപ്പഴങ്ങൾ**...16
വീണ എം
**സ്കൂൾഡെയ്സ്**...19
രാജീവ് എൻ ടി
**ഭൂമിക്കൊരു കവിത**...20
സ്വതന്ത്ര മൊഴിമാറ്റം : എസ് ശാന്തി
**മിന്നുവിന്റെ പുള്ളിപ്പൂമ്പാറ്റ**...25
ബീന മേലഴി
**ശ്രീകണ്ഠേശ്വരം ; മറന്നുകൂടാത്ത മഹാപ്രതിഭ**...30
എൻ എസ് സുമേഷ്കൃഷ്ണൻ
**നാക്കും മൂക്കുമെന്തിനാ ?**...32
പി കെ സുധി
**മാതൃക**...36
എം കൃഷ്ണദാസ്
**മിന്നാമിന്നി തേടുന്നതെന്തേ ?**...39
സാഗാ ജെയിംസ്
**യാക്ക്: മലയോരജനതയുടെ സഹചാരികൾ**...40
റഫീഖ് പുതുപൊന്നാനി
**പുല്ലേല ഗോപീചരന്ദ്**...42
സനിൽ പി തോമസ്
**ടോം സോയറുടെ സാഹസിക ജീവിതം**...44
പുനരാഖ്യാനം : ജോളി വർഗീസ്
**മഹാഭാരതം**...48
സുഗതകുമാരി
**ഇളംതളിര്**...51
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**...55

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ദേവപ്രകാശ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail :** thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

പ്രിയപ്പെട്ട കുട്ടികളേ,

പുതിയ അധ്യയനവർഷം തുടങ്ങി കൂട്ടുകാർ സ്കൂളിൽ പോകേണ്ട സമയമായിരിക്കുന്നു. പുത്തൻ യൂണിഫോമൊക്കെയിട്ട് സ്കൂളിൽ പോയി കൂട്ടുകാരെയൊക്കെ കാണാമെന്ന പ്രതീക്ഷയിലിരിക്കുമ്പോഴാണ് കോവിഡ് രണ്ടാംതരംഗത്തിന്റെ വരവ്. ഇനി എന്ന് സ്കൂൾ തുറക്കുമെന്നോ പഴയതുപോലെ സ്കൂളിൽ പോയി കൂട്ടുകാരെ കാണാനാകുമെന്നോ അറിയാതെ എല്ലാവരും ആശങ്കയിലാണ്.

ആദ്യത്തേതുപോലെയല്ല, അതിലും ശക്തിയോടെയാണ് കോവിഡിന്റെ രണ്ടാംവരവ്. നമ്മെ ഏറെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്ന ഈ വിപത്തിനെ നമുക്ക് അതിജീവിച്ചേമതിയാകൂ. പഴയതുപോലെ നമുക്ക് പേടിയില്ലാതെ പുറത്തിറങ്ങി നടക്കണ്ടേ ... ബന്ധുക്കളെയും സ്നേഹിതരെയുമൊക്കെ കാണണ്ടേ? അതിന് ഇന്നു നമുക്ക് കരുതലോടെ ജീവിക്കേണ്ടതുണ്ട്. ഒറ്റക്കെട്ടായി കോവിഡിനെ നമുക്ക്





വര : രാജീവ് എൻ ടി

നേരിടാം. ആരോഗ്യപ്രവർത്തകരും പോലീസും നൽകുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കാൻ കൂട്ടുകാർ പ്രത്യേകം ശ്രദ്ധിക്കണം. എല്ലാവരും സുരക്ഷിതരായി വീട്ടിൽ തന്നെ ഇരിക്കണം. ഇനി മഴക്കാലമാണ്. മഴ നനഞ്ഞ് പനിയും ജലദോഷവുമൊന്നും പിടിക്കാതെ നോക്കണം. ഇന്ന് നമുക്ക് കരുതലോടെ ജീവിക്കാം നാളെ കരുത്തോടെ തിരിച്ചുവരാനാകുമെന്ന പ്രതീക്ഷയിൽ...


ഈ കടുത്തകാലത്തെയും നാം അതിജീവിക്കും. പുത്തൻ പ്രതീക്ഷകളും നല്ലചിന്തകളുമായി നമുക്ക് കാത്തിരിക്കാം. കൂട്ടുകാരോടൊത്ത് കളിച്ചുല്ലസിച്ച് തോളോടുതോൾചേർന്ന് നടക്കുന്ന കാലം വിദൂരമല്ല. എല്ലാവർക്കും നന്മയുടെയും പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും നല്ലനാളുകൾ ആശംസിക്കുന്നു.

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**

എഡിറ്റർ

**ആദ്യത്തേതുപോലെയല്ല, അതിലും ശക്തിയോടെയാണ് കോവിഡിന്റെ രണ്ടാംവരവ്. നമ്മെ ഏറെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്ന ഈ വിപത്തിനെ നമുക്ക് അതിജീവിച്ചേമതിയാകൂ. പഴയതുപോലെ നമുക്ക് പേടിയില്ലാതെ പുറത്തിറങ്ങി നടക്കണ്ടേ... ബന്ധുക്കളെയും സ്നേഹിതരെയുമൊക്കെ കാണണ്ടേ? അതിന് ഇന്നു നമുക്ക് കരുതലോടെ ജീവിക്കേണ്ടതുണ്ട്. ഒറ്റക്കെട്ടായി കോവിഡിനെ നമുക്ക് നേരിടാം.**



കവിതാപരിചയം


# മഴയത്ത് ചെറിയ കുട്ടി

സുഗതകുമാരി

ചെറിയ കുട്ടി, യിറയപ്പടിമേൽ
മഴവരുന്നതും കണ്ടിരിക്കുന്നു
മഴയും വെയ്‌ലും ചിരിച്ചുകൈകോർത്തു
കളിതുടങ്ങുന്നു കാറ്റു വരുന്നൂ!
വെയിലൊളിച്ചുകളയുന്നു, ചുറ്റും
കരിയിലകൾ പറന്നുവീഴുന്നൂ
മഴനനഞ്ഞു ചെടികൾ തുള്ളുന്നു!
മഴനനഞ്ഞു കുനിയുന്നു പൂക്കൾ
ചെറിയ കുട്ടി വിടർന്ന കണ്ണോടെ
മതിമറന്നതു കണ്ടിരിക്കുന്നു



വര: സുധീർ പി വൈ



മഴകനക്കുന്നു, മുറ്റത്തുചാലി-
ട്ടരുവിയൊന്നുണ്ടൊലിച്ചു വരുന്നൂ
അതിലൂടിങ്ങോട്ടൊഴുകിയെത്തുന്നു
കുമിളകൾ, മഴവില്ലുകൾ, പൂക്കൾ
ചെറിയകുട്ടി കൊലുസിട്ട കാലാൽ
മഴയൊഴുക്കിൽ കളിച്ചുതൊടുന്നു
അരുമയായിത്തൻ പുസ്തകം ചീന്തി-
യതിലൊഴുക്കിയൊഴുക്കി വിടുന്നു
പിറകേതൻ ചോന്നപെൻസിലും വിട്ടി-
ട്ടവൾ ചിരിക്കുന്നു കയ്യുകൊട്ടുന്നു

ചിരിപൊടുന്നനെ നിൽക്കുന്നൂ! നോക്കൂ;
മഴയൊഴുക്കിൻ നെടും ചാലിലൂടെ
മുങ്ങിപ്പൊങ്ങിയൊലിച്ചു വരുന്നു
കുഞ്ഞുറുമ്പൊന്നു, പാവമേ പാവം!
ചെറിയ കുട്ടി തൻ പൂവിരൽത്തുമ്പാ-
ലതിനെ മെല്ലെയെടുത്തുയർത്തുന്നു
''ഇനിനീയെന്നെക്കടിച്ചു പോകൊല്ലെ''
ന്നതിനെശ്ശാസിച്ചു വിട്ടയയ്ക്കുന്നു

വരികയാണതാ വീണ്ടുമുറുമ്പൊ-
ന്നതിനെയുമവൾ കേറ്റിവിടുന്നു
ഒഴുകിയെത്തുന്നതാ വീണ്ടുമഞ്ചെ-
ട്ടതിനു പിൻപേ, യിനിയെന്തുവേണ്ടൂ?

ചെറിയ കുട്ടി മഴയത്തിറങ്ങി
ഒരു പിലാവില ചെന്നെടുക്കുന്നു

അവയെയെല്ലാമെടുത്തുകേറ്റുന്നു
മഴകനക്കുന്നു, കാറ്റിരമ്പുന്നൂ
തെരുതെരെയതാ വീണ്ടും വരുന്നൂ
ഒരു നൂറെണ്ണം! കരച്ചിൽ വരുന്നു
മഴനനഞ്ഞുടുപ്പാകെ നനഞ്ഞു,
തലമുടിക്കൊച്ചുപിന്നൽ നനഞ്ഞു
കണ്ണീരും മഴനീരുമൊലിക്കും
പൊന്മുഖം കുനിച്ചെന്തുവേഗത്തിൽ
മുങ്ങിച്ചാകുമുറുമ്പുകൾക്കായി
കുഞ്ഞിക്കൈകൾ പണിയെടുക്കുന്നു!

''അമ്മുവെങ്ങോട്ടുപോയ്?'' എന്നകായിൽ
അമ്മ തേടുവോരൊച്ച കേട്ടാലും
കുഞ്ഞുറുമ്പുകൾ നൂറുനൂറെണ്ണം
മുങ്ങിപ്പൊങ്ങി വരുന്നതും നോക്കി
ചെറിയകുട്ടി മഴനനഞ്ഞും കൊ-
ണ്ടവിടെത്തന്നെ വിതുമ്പിനിൽക്കുന്നു
ചെറുപിലാവില കൊച്ചുകൈവിട്ടാ-
മഴവെള്ളത്തിലൊലിച്ചു പോകുന്നൂ...

എഴുപതുമേഴുമാണ്ടു കഴിഞ്ഞു
മഴയൊരായിരം പെയ്തു മറഞ്ഞു
വരിവരിയായുറുമ്പുകളെന്നും
കടലാഴത്തിലേക്കാഞ്ഞൊലിക്കുന്നു
ചെറിയകുട്ടി മഴ നനഞ്ഞുംകൊ-
ണ്ടവിടെത്തന്നെ പകച്ചു നിൽക്കുന്നു...



ജൂൺ 5 - ലോക പരിസ്ഥിതി ദിനം. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിന്റെ മുദ്രാവാക്യം പരിസ്ഥിതി പുനഃസ്ഥാപനമാണ്. നിലനിൽക്കാൻ ജൈവമണ്ഡലത്തെ പൂർണമായി ആശ്രയിക്കേണ്ട നമുക്ക് നമ്മുടെ ചുറ്റുപാടുകളെ കുറച്ചുകൂടി സ്നേഹത്തോടെ, ആദരവോടെ കാണാം. മനുഷ്യരാശിയുടെ നിലനില്പിന്റെ അടിസ്ഥാനമായ പരിസ്ഥിതിക്ക് ദോഷം വരുന്നതൊന്നും ഇനി മേലിൽ ചെയ്യില്ലെന്ന് നമുക്ക് ദൃഢപ്രതിജ്ഞ ചെയ്യാം...

# പരിസ്ഥിതി

## ചിന്തകൾ

**എസ് സതീഷ്**





ഒരു വർഷം കൂടി കടന്നു പോയിരിക്കുന്നു. വീണ്ടും ഒരു ജൂൺ മാസം വന്നെത്തിയിരിക്കുന്നു. നമ്മുടെ ജീവസാഹചര്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തതയിൽ, സത്യസന്ധതയിൽ ചിന്തിക്കാനൊരു പ്രത്യേക ദിവസം കൂടി വന്നുചേർന്നിരിക്കുന്നു; ജൂൺ 5, 2021. മനസ്സുകളിലും ഹൃദയങ്ങളിലും നനവാർന്ന, വളരുന്ന, ഹരിതാഭചിന്തകളുടെ പുന:സ്ഥാപനത്തിന് ഒരു ദിവസം.

ഏറെ ദീർഘവീക്ഷണത്തോടെ ഒന്നുമല്ലെങ്കിലും കഴിഞ്ഞ കാലത്തെ ജീവിതാനുഭവങ്ങളുടെ പിൻബലത്തിൽ, ജീവസാഹചര്യങ്ങൾ ഏകദേശം ഇതൊക്കെ പോലെ തുടരുമെന്ന കണക്കുകൂട്ടലിൽ, പലരും പറഞ്ഞതു കേട്ടും പലരും ആവർത്തിച്ചു ചെയ്യുന്നതു കണ്ടും, അതുപോലൊക്കെ നമുക്കും ആകാമെന്ന വിശ്വാസത്തിലായിരുന്നു നാമൊക്കെ മുൻപോട്ടു പൊയ്ക്കൊണ്ടിരുന്നത്. എന്നാൽ വളരെ പെട്ടെന്നാണ് ആ കണക്കുകൂട്ടലുകളെക്കുറിച്ചും നിശ്ചയങ്ങളെക്കുറിച്ചും നമുക്ക് വിശ്വാസം നഷ്ടപ്പെട്ടത്. കഴിഞ്ഞൊരു വർഷം മനുഷ്യനും മനുഷ്യനെ നിലനിർത്തുന്ന ലോകസാഹചര്യങ്ങൾക്കും വളരെയേറെ മാറ്റങ്ങളാണ് സംഭവിച്ചത്.

മുൻപ് പേരുപോലും കേട്ടിട്ടില്ലാത്ത ഏതോ വിദേശരാജ്യത്തു പഠിക്കാൻ അയച്ച കുട്ടി ഒറ്റയ്ക്ക് ഒരാലംബവുമില്ലാതെ ലോക്ക്ഡൗൺ കാലത്തു പിടയ്ക്കുന്നു. ജീവിക്കാൻ അല്പം കൂടി വരുമാനം മാത്രം പ്രതീക്ഷിച്ച് വിദൂര നഗരച്ചേരികളിൽ എത്തിയ കോടിക്കണക്കിനു മനുഷ്യർ പ്ലാസ്റ്റിക് ചാക്കിൽ വലിച്ചെറിയാൻ ആവാത്ത ഭൗതികസമ്പാദ്യങ്ങളും പേറി, കൈപിടിച്ചും ചുമലിലേറ്റിയും ജനിതകസമ്പാദ്യങ്ങളെയും കൂട്ടി, ഈ വിശാലഭൂമിയുടെ തണലില്ലാത്ത അതിവേഗ യാത്രയ്ക്ക് മാത്രമുള്ള പാതകളുടെ തിളയ്ക്കുന്ന ഓരങ്ങളിലൂടെ തളർന്നു മെല്ലെ അടുത്തതെന്തെന്നറിയാതെ മടങ്ങുന്നു. അകലെ പണ്ട് പരിചിതമായിരുന്ന ഗ്രാമങ്ങളിലെങ്കിലും സമാന്തരപാളങ്ങൾ ഒന്നിച്ചുവരുമെന്ന പ്രതീക്ഷ ഉള്ളിലുണ്ടായിരുന്നിരിക്കാം അവർക്ക്.

നമുക്ക് നാം ജീവിക്കുന്ന ലോകത്തിലും നമ്മിലും ഒരുപോലെ വിശ്വാസം നഷ്ടപ്പെടുന്നു. നമ്മുടെ ചുറ്റുപാടു

കളിൽ വിശ്വാസമർപ്പിക്കാതെ, നമ്മിലും ആ ചുറ്റുപാടുകളിലും പ്രതീക്ഷകളില്ലാതെ, ആത്മധൈര്യമില്ലാത്തൊരു ജീവിതവും നമുക്കാവില്ല.

ജീവിച്ചിരിക്കുന്ന ആർക്കും നേരിട്ടനുഭവങ്ങളില്ലാത്ത, കേട്ടുകേൾവി പോലുമില്ലാത്ത രൂക്ഷമായ പ്രകൃതിദുരന്തങ്ങളായിരുന്നു കുറച്ചു വർഷങ്ങളായി ലോകത്തു പലയിടങ്ങളിലും മനുഷ്യജീവിതങ്ങളുടെ അടിത്തറകൾ ആകെ ഉലച്ചത്. സുനാമിയും ചുഴലിക്കൊടുങ്കാറ്റുകളും മലകളെപ്പോലും കടപുഴക്കിയെറിയുന്ന പ്രളയങ്ങളും നമ്മുടെ കൊച്ചുകേരളത്തിലും ജീവിതങ്ങളെ ഇളക്കിമറിച്ചു. പണ്ടും ഇതിലും ഭീകര പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായിരുന്നിരിക്കാം. എന്നാൽ അന്ന് മനുഷ്യരുടെ എണ്ണം വളരെ കുറവായിരുന്നു. പ്രകൃതിക്ഷോഭങ്ങൾ കാരണമുള്ള വസ്തുവകകളുടെ, സമ്പത്തിന്റെ, മനുഷ്യജീവിതങ്ങളുടെ നാശം എങ്ങോ ചിതറിയ സാംസ്കാരികകേന്ദ്രങ്ങളെ ബാധിച്ചിട്ടുമുണ്ടാകാം. ഹാരപ്പൻ സംസ്കാരത്തിന്റെ തകർച്ച നമുക്കൊരു വൈകാരിക യാഥാർഥ്യമല്ല, കേവലമൊരു ചരിത്ര വസ്തുത മാത്രമാണ്. ആധുനിക വാർത്താവിനിമയ ഉപാധികൾ ഇല്ലാതിരുന്ന കാലത്ത് മഹാദുരന്തങ്ങൾ ആദിമ പ്രളയസങ്കല്പത്തിലും പ്രാദേശിക ഐതിഹ്യങ്ങളിലും പിന്നെ പുരാവസ്തു ഗവേഷകരുടെ ഉൽഖനന പഠനനിഗമനങ്ങളിലുമായി ഒതുങ്ങിനിന്നു. ഈ അവ്യക്തചിത്രങ്ങൾ ലോകത്ത് വളരെ കുറച്ചു പേരുടെ ബൗദ്ധികതലത്തിൽ മാത്രവും.

**ജീവിച്ചിരിക്കുന്ന ആർക്കും നേരിട്ടനുഭവങ്ങളില്ലാത്ത, കേട്ടുകേൾവി പോലുമില്ലാത്ത രൂക്ഷമായ പ്രകൃതിദുരന്തങ്ങളായിരുന്നു കുറച്ചുവർഷങ്ങളായി ലോകത്തു പലയിടങ്ങളിലും മനുഷ്യജീവിതങ്ങളുടെ അടിത്തറകൾ ആകെ ഉലച്ചത്. സുനാമിയും ചുഴലിക്കൊടുങ്കാറ്റുകളും മലകളെപ്പോലും കടപുഴക്കിയെറിയുന്ന പ്രളയങ്ങളും നമ്മുടെ കൊച്ചുകേരളത്തിലും ജീവിതങ്ങളെ ഇളക്കിമറിച്ചു.**

എന്നാലിന്ന് ഉത്പാദനം, സാമ്പത്തികം, വിപണനം എന്നൊക്കെയുള്ള കാണാച്ചരടുകൾ ലോകത്തെ മനുഷ്യരെ എല്ലാം ഒരുമിച്ചു കൂട്ടിക്കെട്ടി വരിഞ്ഞുമുറുക്കിക്കഴിഞ്ഞിരിക്കുന്നു. ഒന്നുകിൽ എല്ലാവരും, അല്ലെങ്കിൽ ആരുമൊന്നുമില്ലെന്നൊരു സ്ഥിതി. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ തന്നെ സംഭവിച്ച കത്രീനയും ഫുക്കുസീമയും പാകിസ്താനിലെ സിന്ധു നദിയിലെ വെള്ളപ്പൊക്കവും ഉത്തരാഖണ്ഡിലെ ഗംഗാതലപ്പത്തെ പ്രളയങ്ങളും കാലിഫോർണിയയിലെ, ആമസോണിലെ, ഓസ്ട്രേലിയയിലെ കാട്ടുതീകളും ഇതിനൊക്കെ പിന്നാലെ വന്ന പ്രളയങ്ങളും ചേർത്തുവെച്ചു വായിച്ച്, നാം എങ്ങോട്ട് എന്ന് ചോദിക്കാൻ ഇനിയും മനുഷ്യരാശി തുടങ്ങാനിരിക്കുന്നതേയുള്ളൂ. പക്ഷേ, ഭൂപ്രതലത്തിലെ ജലപ്രവാഹങ്ങൾക്കു വന്ന മാറ്റങ്ങൾ, ഊർജ്ജനൃത്തത്തിന്റെ താളമാറ്റം എന്നിവയ്ക്കൊക്കെ സമാനതകൾ ഉണ്ട് എന്ന തിരിച്ചറിവിൽ എത്താൻ വാസ്തവത്തിൽ വളരെ എളുപ്പവുമാണ്.

ആകാശത്തിനും കടലുകൾക്കും അതിരുകളില്ല. ജീവൻ എന്ന അവസ്ഥയുടെ എല്ലാ ജീവരൂപങ്ങളിലുമുള്ള പ്രതിഫലനം പ്രകാശരശ്മി ഒരു പ്രിസത്തിലൂടെ കടത്തിവിട്ടാൽ സപ്തവർണങ്ങളായി പിരിയുന്നത് പോലെ മാത്രമേയുള്ളൂ. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നമുക്ക് വേണ്ടുന്ന പരിസ്ഥിതിബോധം ഇതുപോലൊരു ഏകലോക ഏകജീവചിന്തയാണ്. എല്ലായിടത്തും സംഭവിക്കുന്നതൊക്കെയും ഒരുപോലെ എല്ലാപേരെയും








ബാധിക്കുമെന്നും അതേപോലെ എവിടെ എത്ര ചെറിയൊരു നല്ല പ്രവൃത്തി ചെയ്താലും അതും എല്ലായിടത്തും എല്ലാ തിരുത്തൽശക്തികൾക്കും ആക്കം കൂട്ടുക തന്നെചെയ്യുമെന്നും നാം വിശ്വസിക്കണം. നാം ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തിയുടെ വ്യാപ്തിയല്ല, അതിന്റെ ശക്തിയല്ല പ്രധാനം, നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലുള്ള, നാം എന്തിനായി ആ പ്രവൃത്തി ചെയ്യുന്നു എന്ന ബോധമാണ് പരമപ്രധാനം.

അതിരറിയാൻ ആവാത്ത പ്രപഞ്ചത്തിന്റെ ഏതോ ഒരു കോണിൽ ഒരു ചെറിയ നക്ഷത്ര വ്യൂഹത്തിൽ ഒരു ചെറിയ നക്ഷത്രത്തെ പ്രദക്ഷിണം വെക്കുന്നൊരു സാധാരണ ഗ്രഹം നമ്മുടെ മാതൃഭൂമി. ആ ഗോളത്തിൽ ഏതോ അസാധാരണ സാഹചര്യത്തിൽ ഉടലെടുത്ത, അർത്ഥപൂർണതയില്ലാത്ത, വാക്കുകളിൽ ഒതുങ്ങാത്ത, ജീവൻ എന്ന് നാം വിളിക്കുന്ന പ്രതിഭാസം. ജീവന്റെ ആവർത്തിച്ചുള്ള പലേ പ്രതിസന്ധികളിലൂടെയുള്ള കോടാനുകോടി വർഷങ്ങളിലെ തുടർച്ച, രൂപമാറ്റങ്ങൾ. അത് ചെന്നെത്തുന്ന എണ്ണിയാൽ തീരാത്തത്ര ജൈവവൈവിധ്യം. അവ ഒത്തൊരുമിച്ചു നിലനിർത്തുന്ന ജീവസാഹചര്യപരിചരണം. ആ തൊട്ടിലിൽ വളർന്ന, ഒരു പ്രത്യേക പ്രയോജനശക്തിയും ഇല്ലാത്ത, മനുഷ്യൻ എന്ന ജീവി. ആ ജീവി, മനുഷ്യൻ, വിവേകമോ വിചിന്തനമോ ഇല്ലാതെ എല്ലാത്തിനെയും മാറ്റിമറിച്ചു സൃഷ്ടിക്കുന്ന ആന്ത്രപ്പോസീൻ (മാനവയുഗം) എന്ന ഈ കാലഘട്ടം.

മറ്റൊരു ജീവകോശത്തിൽ കടന്നുചെന്ന് അതിനെ സ്വാധീനിച്ചു മാത്രം ജീവപ്രവൃത്തികളിൽ എത്തിപ്പെടാൻ ആവുന്ന ഒരു അതിസൂക്ഷ്മ രാസക്കൂട്. ആ കൂടിനുള്ളിൽ ഒരൊറ്റ നാര് ആർ എൻ എ മോളിക്യൂൾ. ഈ അതിസൂക്ഷ്മജീവിയെ കൊറോണ 19 എന്ന് നാം പേരിട്ടു വിളിച്ചിട്ട് രണ്ടുവർഷങ്ങൾ ആയിട്ടില്ല. എന്നിട്ടാണിത് മനുഷ്യലോകത്തെ മുഴുവൻ, എല്ലാ രാഷ്ട്രങ്ങളെയും എല്ലാ ജനതകളെയും നമ്മൾ ഓരോരുത്തരെയും ഇത്ര കുറച്ചു സമയംകൊണ്ട്, നാളെയെക്കുറിച്ചു ചിന്തിക്കാൻ പോലും ഭയപ്പെടുന്ന സ്ഥിതിവിശേഷത്തിൽ എത്തിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് പരിസ്ഥിതിചിന്തകൾക്കു മുൻപൊരിക്കലും ഇല്ലാത്തത്ര വ്യക്തത ഈ ജൂൺ അഞ്ചിന് നാം നൽകേണ്ടുന്നതും. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിന്റെ മുദ്രാവാക്യം പരിസ്ഥിതി പുനഃസ്ഥാപനമാണ്.



**എല്ലാ വിഭാഗീയതകൾക്കും സ്വാർത്ഥ, സങ്കുചിത ചിന്തകൾ ക്കുമപ്പുറം ലോകം ഒന്നാണെന്നും നാം എല്ലാപേരും ഒരുപോലെ അതിന്റെ യഥാർത്ഥരൂപത്തിൽ, അതിന്റെ ശക്തിയും ലോലതയും ഒരുപോലെ ഉൾക്കൊണ്ടാൽ മാത്രമേ ആ ലോകവും നമ്മെ സ്വീകരിക്കു എന്നതുമാണ് ലളിത സത്യം. ലോകത്ത് എവിടെ എന്തു സംഭവിച്ചാലും അത് ലോകത്തെ ല്ലായിടത്തും എല്ലാത്തിനെയും ബാധിക്കും.**

വാസ്തവത്തിൽ നമുക്ക് ചുറ്റു മുള്ള ലോകത്തിലെ ഹരിത പുനഃസ്ഥാപനത്തിനു മുൻപേ വേണ്ടത് നമ്മുടെ ഓരോരു ത്തരുടെയും ഉള്ളിലെ സമാ ധാനത്തിന്റെ, പ്രതീക്ഷയുടെ, കൂട്ടായി പ്രവർത്തിക്കാനുള്ള സ്നേഹത്തിന്റെ പുനഃസ്ഥാപന മാണ്.

എല്ലാ വിഭാഗീയതകൾക്കും സ്വാർത്ഥ, സങ്കുചിത ചിന്തകൾ ക്കുമപ്പുറം ലോകം ഒന്നാണെന്നും നാം എല്ലാപേരും ഒരുപോലെ അതിന്റെ യഥാർത്ഥരൂപത്തിൽ, അതിന്റെ ശക്തിയും ലോലതയും ഒരുപോലെ ഉൾക്കൊണ്ടാൽ മാത്രമേ ആ ലോകവും നമ്മെ സ്വീകരിക്കൂ എന്നതുമാണ് ലളിതസത്യം. ലോകത്ത് എവിടെ എന്തുസംഭവിച്ചാലും അത് ലോകത്തെല്ലായിടത്തും എല്ലാത്തിനെയും ബാധിക്കും. ഒരുതലമുറയിലെ മനുഷ്യ രുടെ ഇഷ്ടത്തിന്, അവരുടെ സുഖസൗകര്യങ്ങൾക്ക്, അവ രുടെ ആചാരവിശ്വാസങ്ങൾക്ക് മാത്രമായി പുനർക്രമീക രിച്ചു നിർമിക്കുന്ന ലോകമാണ് ആധുനികലോകം എന്ന് നാം തെറ്റിദ്ധരിക്കുന്നു. എന്നാൽ ഈ 'ആധുനിക' ചട്ടക്കൂടിന് അതിന്റെ അനാവശ്യ സങ്കീർണത കൊണ്ടു തന്നെ അതീവ ദുർബ ലതയും ഉണ്ട്. നിലനിൽക്കുന്ന വികസനം എന്നൊക്കെ നാം സങ്കല്പിച്ചാലും നിലനിൽക്കു ന്നതെന്തും പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ആശ്ര യിച്ചു മാത്രമായിരിക്കും. കൊറോണക്കാലം നമ്മെ കാണിച്ചുതരുന്നത് നമ്മുടെ സുസ്ഥിരതയുടെ സങ്കൽപ്പങ്ങൾ ഒരു ചീട്ടുകൊട്ടാരം തകരുന്നത് പോലെ നിലംപതിക്കുന്നതാണ്.

മറ്റു ജീവികളുമായി താരതമ്യപ്പെടുത്തിയാൽ മനു ഷ്യന് വളരെ വികസിച്ചൊരു തലച്ചോറുണ്ടെന്നത് ശരിയാണ്. മറ്റു ജീവികൾ ഒന്നും ശ്രമി ക്കാത്ത ഗോളാന്തര യാത്ര കളും ഗവേഷണ പര്യവേക്ഷണ



മില്ല. ഇതൊക്കെ നമുക്കാണ്, നമ്മുടെ ഉള്ളിൽ മാത്രമാണ്. നാമാണ് മരത്തെ, ജീവനും വസ്തുവകകൾക്കും അപകടകരമായ ഒന്നായി മുദ്രകുത്തുന്നത്. നമ്മുടെ ലോകവീക്ഷണ ഭാഷയിലാണ് വന്യമൃഗം ആക്രമിക്കുന്നതും സസ്യം കളസസ്യമാവുന്നതും ഷഡ്പദം ക്ഷുദ്രജീവിയാവുന്നതും. യുദ്ധത്തിന് പുറപ്പെട്ട നമ്മൾ ആണ് പ്രകൃതിപ്രവർത്തനത്തെ തിരിച്ചടിയായി കാണുന്നത്.

മറ്റെല്ലാ ജീവഘടകങ്ങളും എന്ന പോലെ അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ജീവമണ്ഡലത്തിലെ വൈവിധ്യമാർന്ന സാഹചര്യങ്ങളിൽ ഓരോ വംശവും അതിന്റെ നിലനിൽപ്പിനായി സ്വഭാവമാറ്റങ്ങൾ വരുത്തുന്നതാണ് ജീവപരിണാമം. ബോധപൂർവം ഇത്തരം സ്വഭാവമാറ്റങ്ങൾ പരീക്ഷിച്ച്, വിജയിച്ച് അതൊരു സംസ്കാരമാക്കുന്നതാണ് നാമിന്നുൾക്കൊള്ളേണ്ട പരിസ്ഥിതിപാഠം.

പ്രാണവായുവിനായി വിലപിക്കുന്ന നമ്മുടെ മുൻപിൽ ഓക്സിജൻ പ്ലാന്റുകളുമായി വന്നിറങ്ങുന്ന പടുകൂറ്റൻ വിമാനങ്ങളുടെയും കപ്പലുകളുടെയും തീവണ്ടികളുടെയും, സിലിണ്ടറുകൾ ചുമലിലേറ്റിയ മനുഷ്യരുടേയുമൊക്കെ ചിത്രങ്ങൾ ആണ് മാധ്യമങ്ങളിൽ എല്ലാം. നമുക്കിതിലൊക്കെ മതിപ്പും അഭിമാനവും പ്രതീക്ഷയുമുണ്ട്. എന്നാൽ ആ പ്രാണവായു നാം ആവശ്യപ്പെടാതെ, വിലയൊന്നും ചോദിക്കാതെ ഇക്കാലമത്രയും നിർമിച്ചുകൊണ്ടേയിരിക്കുന്ന പച്ചിലച്ചാർത്തിനിന്നും നമ്മുടെ ബോധതലത്തിൽ കാര്യമായ സ്ഥാനമില്ല. ഇവിടെയാണൊരു വ്യത്യസ്ത കാഴ്ചപ്പാടിന്റെ പുനഃസ്ഥാപനാവശ്യം. നമുക്കിന്നും കാടും മലയും പുഴയുങ്ങളും നാം ചെയ്യുന്നു എന്നതും ശരിയാണ്. പക്ഷേ പരിസ്ഥിതി എന്ന് നാം വിളിക്കുന്ന, എല്ലാ ജീവനെയും നിലനിർത്തുന്ന അതിസങ്കീർണ്ണ ജീവസാഹചര്യത്തെ നാം അമിത ലളിതവത്കരിച്ചാണ് കാണുന്നത്. മനുഷ്യവംശത്തെ മാത്രം ആ ജീവശൃംഖലയിൽ നിന്ന് അടർത്തിമാറ്റി, സ്വയം ഒരു ഉയർന്ന പീഠത്തിൽ ഇരുന്ന്, നമുക്ക് അതിനെയൊക്കെ നിയന്ത്രിക്കാം എന്ന് കരുതുന്നത് വളരെ ബാലിശമായൊരു മൗഢ്യം മാത്രമാണ്. നമുക്കിന്നും ജീവലോകത്തിന്റെ പരസ്പരാശ്രിത പരസ്പരപൂരക സന്തുലിതാവസ്ഥയെക്കുറിച്ചോ ഭൂമുഖത്തു നടക്കുന്ന മറ്റു ഭൗമപ്രവർത്തനങ്ങളെക്കുറിച്ചോ വളരെ കുറച്ചു മാത്രമേ അറിയൂ. അതുകൊണ്ടു തന്നെ നമ്മുടെ ഇടപെടലുകളിൽ നമുക്കല്പം കൂടി എളിമ വേണ്ടതുണ്ട്. നിലനിൽക്കാൻ ജൈവമണ്ഡലത്തെ പൂർണമായി ആശ്രയിച്ചേ കഴിയൂ എന്നതുകൊണ്ട് നമുക്കല്പം കൂടി സ്നേഹത്തോടെ, ആദരവോടെ നമ്മുടെ ചുറ്റുപാടുകളെ കണ്ടുകൂടേ എന്നൊരു ചോദ്യം നമ്മൾ ഓരോരുത്തരും നമ്മോടു തന്നെ ചോദിക്കണം.

പരിസ്ഥിതിക്ക് വാസ്തവത്തിൽ പ്രശ്നങ്ങളേയില്ല. അതിനു പ്രതികാരവുമില്ല, പ്രതീക്ഷകളുമില്ല, നിരാശയു

മൊക്കെ പുരോഗതിക്കു വിഘാതം സൃഷ്ടിക്കുന്നവ മാത്രമാണ്. ഇവയെയൊക്കെ മറികടക്കാൻ നമ്മുടെ ആധുനിക ശാസ്ത്രത്തിന്റെ പരിസ്ഥിതി ആഘാതപഠനരേഖ മാത്രം മതിയെന്നാണ് ഇന്ന് നമ്മുടെ തീരുമാനം.

ദില്ലിയിലെ പുകയുന്ന ശ്മശാനങ്ങളുടെ, ഒട്ടേറെ നഗരങ്ങളിൽ മൃതശരീരങ്ങളുമായി നിർത്തിയിട്ടിരിക്കുന്ന ആംബുലൻസുകളുടെ ദൃശ്യങ്ങളൊക്കെ മാധ്യമങ്ങളിൽ ഉണ്ട്. പക്ഷേ, ഇന്നലെകളിലെ ദില്ലിയിലെ അന്തരീക്ഷമലിനീകരണം ആണ് ശ്വാസകോശങ്ങളെ ക്ഷയിപ്പിച്ച് ഇന്നത്തെ രോഗത്തെ സ്വാഗതം ചെയ്യുന്നതെന്ന് പറയാൻ നമുക്ക് മടിയാണ്. ഊർജ്ജ ഉപയോഗമാണ് പുരോഗതിയുടെ അളവുകോലായി നാം കണക്കാക്കുന്നത്. പക്ഷേ, മനുഷ്യരാശിക്ക് ഇന്നത്തെപ്പോലുള്ള പ്രതിസന്ധികളെ മറികടക്കാൻ വേണ്ടുന്ന ഊർജ്ജത്തെ ആർജ്ജവം എന്നും വിളിക്കാം. ഈ ആർജ്ജവം അന്തരീക്ഷ താപനിലയൊന്നും വർധിപ്പിക്കാത്ത ആത്മസംയമനത്തിന്റെ, വിവേകത്തിന്റെ, ശാന്തമായ മനഃശ്ശക്തിയാണ്.

ആവശ്യങ്ങൾ, അവശ്യ ആവശ്യങ്ങളിലേക്കു ചുരുക്കുന്നതാണ് മനുഷ്യനീതി. എണ്ണത്തിൽ ക്രമാതീതമായി പെരുകിയ മനുഷ്യന്റെ നിലനിൽപ്പിനു വേണ്ടുന്ന അടിസ്ഥാന വിഭവങ്ങൾക്ക് പോലും പരിമിതികളുണ്ടെന്നും ആ പരിമിതികൾ പോലും നാം ലംഘിച്ചുകഴിഞ്ഞിരിക്കുന്നു എന്നും ശാസ്ത്രസമൂഹം ചൂണ്ടിക്കാണിക്കാൻ തുടങ്ങിയിട്ടേറെ ദശാബ്ദങ്ങളായിരിക്കുന്നു. പരിമിതമായ ഈ വിഭവങ്ങളെയെല്ലാം സംരക്ഷിച്ച് സൂക്ഷിച്ചുപയോഗിക്കുകയാണ് യഥാർത്ഥ സാംസ്കാരിക ഉൽപ്പതൃഷ്ണത്വമെന്നും അതിനു വേണ്ടുന്ന സാമൂഹ്യപെരുമാറ്റ പുനർക്രമീകരണം ആണ് യഥാർത്ഥ രാഷ്ട്രീയത്തിന്റെ വളർച്ച എന്നും നമുക്കിപ്പോൾ വേണമെങ്കിൽ ഉൾക്കൊള്ളാം.

ഒരു മരം നടുക പ്രതീക്ഷയാണ്. ഒരു തുള്ളി വെള്ളത്തിന്റെ മൂല്യം അറിഞ്ഞുപയോഗിക്കുക എളിമയോടെയുള്ള ഒരു പ്രാർത്ഥനയാണ്. ഉപയോഗിച്ചുകഴിഞ്ഞു വലിച്ചെറിയേണ്ടിവരുന്ന ഒന്ന് സ്വീകരിക്കാതിരിക്കുക ഒരു രാഷ്ട്രീയ ഇടപെടലാണ്. ഇത്തരം വിശ്വാസങ്ങളുടെ പരീക്ഷണമാണ് ജീവിതത്തിന്റെ സൗന്ദര്യം. ഇങ്ങനെയുള്ളൊരു ജീവിതം മാത്രമേ നമുക്ക് സംതൃപ്തിയും നൽകൂ. എന്നാലേ നമുക്ക് പ്രകൃതിയിൽ നമ്മുടെ പുനഃസ്ഥാപനവും സാധ്യമാവൂ.



കവിത

# പ്രിയതരം

**അരുൺ കെ പി**



വര : ആശ ആർ

അക്കരെ നിൽക്കും കുന്നിന്മേൽ
വലിയൊരു കൊന്നമരത്തിന്മേൽ
അലകടൽ താണ്ടിപ്പറന്നു വന്നൊരു
പറവക്കൂട്ടമിരിക്കുന്നു...

പല പല നാടുകൾ കാടുകൾ പുഴകൾ
താണ്ടിവരും ചങ്ങാതികളേ,
ഞങ്ങടെ നാട്ടിലെ വെയിലോ കുളിരോ
പ്രിയതരമെന്നു പറഞ്ഞാട്ടെ...?

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 40 വയസ്സ്

കുട്ടികൾക്കായി പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിൽ കുട്ടികൾക്കായി പ്രസാധന രംഗത്ത് പ്രവർത്തിക്കുന്ന ഏക സർക്കാർ സ്ഥാപനവും ഇതാണ്. 1981 മെയ് 27നാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. സംസ്ഥാന സാംസ്കാരിക വകുപ്പ് മന്ത്രി ചെയർമാനായ സ്ഥാപനത്തിന്റെ ആദ്യ ഡയറക്ടർ പ്രൊഫ. എബ്രഹാം ജോസഫാണ്. ബാലസാഹിത്യ മേഖലയിലെ നിരവധി പ്രമുഖർ ഡയറക്ടർ സ്ഥാനം വഹിച്ച സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ഡയറക്ടർ പള്ളിയറ ശ്രീധരൻ ആണ്. കുട്ടികളുടെ വായനയെയും സർഗാത്മകതയെയും പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പദ്ധതികളാണ് ഇൻസ്റ്റിറ്റ്യൂട്ട്. ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്.

മലയാള ബാലസാഹിത്യത്തിനു മികച്ച സംഭാവനകൾ നൽകുന്ന ബാലസാഹിത്യകാർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ വർഷവും പുരസ്കാരങ്ങൾ നൽകി വരുന്നു. ബാലസാഹിത്യ പുരസ്കാരം, സി ജി ശാന്തകുമാർ സമഗ്രസംഭാവന പുരസ്കാരം, പാലാ കെ എം മാത്യു പുരസ്കാരം തുടങ്ങിയ പുരസ്കാരങ്ങളാണ് നല്കി വരുന്നത്. ബാലസാഹിത്യ പുരസ്കാരം പ്രശസ്തിപത്രവും ശില്പവും 20000 രൂപയും അടങ്ങുന്നതാണ്. 60001 രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്ന പുരസ്കാരമാണ് പാലാ കെ എം മാത്യു പുരസ്കാരം. ഈ വർഷം മുതൽ കുട്ടികളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ആദ്യ ഡയറക്ടർ ഏബ്രഹാം ജോസഫ്, ബാലസാഹിത്യകാരൻ മാത്യു എം കുഴുവേലി എന്നിവരുടെ പേരിൽ കുട്ടികൾക്കായി അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സാഹിത്യം, വൈജ്ഞാനികം തുടങ്ങിയ മേഖലകളിൽ നിരവധി പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഇതിനോടകം പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അക്ഷരയാത്ര, അക്ഷരനിറവ്, തുടങ്ങിയ പദ്ധതികളിലൂടെയും ഇൻസ്റ്റിറ്റ്യൂട്ട് സെയിൽസ് വിഭാഗത്തിലൂടെയും വിവിധ പുസ്തകമേളകളിലൂടെയുമാണ് ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നത്. കോവിഡ് കാലമായിട്ടും ഈ വർഷം ഒന്നരക്കോടി രൂപയുടെ പുസ്തകങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് വിറ്റഴിച്ചത്.

മലയാളത്തിലെ പ്രധാന മാസികകളിൽ ഒന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന തളിര് മാസിക. ഈ അടുത്തകാലത്ത് അന്തരിച്ച പ്രശസ്ത കവി സുഗതകുമാരി ടീച്ചറായിരുന്നു ദീഘകാലം തളിര് മാസികയുടെ ചീഫ് എഡിറ്റർ. മലയാളത്തിലെ പ്രശസ്ത എഴുത്തുകാരുടെ കഥകളും കവിതകളും ലേഖനങ്ങളുമാണ് തളിരിൽ പ്രസിദ്ധീകരിച്ചു വരുന്നത്. തളിര് മാസികയുടെ മുൻ ലക്കങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ (www.ksicl.org) ലഭ്യമാക്കിയിട്ടുണ്ട്.

കഥ, കവിത, നാടകം, സിനിമ, മീഡിയ, ചിത്രരചന, പരിസ്ഥിതി, ശാസ്ത്രം തുടങ്ങി വിവിധ വിഷയങ്ങളിലായി ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ ആദിവാസി വിഭാഗത്തിലെ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി അവർക്കായി പ്രത്യേകം ക്യാമ്പുകളും നടത്തുന്നുണ്ട്. വയനാട്ടിലെ ആറ് ആദിവാസി വിഭാഗത്തിന്റെ തനത് ഭാഷയിൽ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. പുസ്തകങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി ബാലസാഹിത്യകാരന്മാർക്കും ചിത്രകാരന്മാർക്കും പ്രത്യേകം ക്യാമ്പുകളും നടത്തിവരുന്നു.

ലോക്ഡൗണ് കാലത്ത് കുട്ടികൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ മികച്ച പദ്ധതികളിൽ ഒന്നാണ് തളിര് സ്കോളർഷിപ്പ് പരീക്ഷ. സംസ്ഥാന തലത്തിൽ ഓൺലൈനായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ ഒൻപതിനായിരത്തോളം കുട്ടികളാണ് പങ്കെടുത്തത്. പതിനാറ് ലക്ഷം രൂപയുടെ സ്കോളർഷിപ്പാണ് കുട്ടികൾക്ക് വിതരണം ചെയ്തത്.

കുട്ടികൾക്കായി കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും എല്ലാ കുട്ടികളുടെയും ഇടയിലേക്ക് എത്തിക്കാനുമുള്ള നവീനമായ പദ്ധതികൾ നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

# ചെറിപ്പഴങ്ങൾ

**വീണ എം**

*(ചാമ്പക്കയോ പേരക്കയോ മാങ്ങാപ്പഴമോ ചക്കപ്പഴമോ തിന്നുകൊണ്ട് വായിക്കാവുന്ന കഥ)*

അപ്പൂപ്പൻ എന്നോട് സ്നേഹം കാണിച്ചിരുന്നത് ചെറിപ്പഴങ്ങൾ വാങ്ങിത്തന്നുകൊണ്ടാണ്. ചെറിപ്പഴങ്ങൾ വാങ്ങാൻ പോകുന്നതിന് തലേദിവസം തന്നെ അപ്പൂപ്പൻ എന്നോട് പറയും, ''ഞാൻ നിനക്ക് നാളെ ചെറി വാങ്ങി തരാം.'' അപ്പൂപ്പൻ ചെറി വാങ്ങിച്ചുതരുന്ന ദിവസത്തിനായി ഞാൻ കാത്തിരിക്കും. അന്ന് സ്കൂളിലേക്ക് നടക്കുന്ന വഴി മുഴുവനും ഞാൻ ചെറിപ്പഴങ്ങൾ സ്വപ്നം കണ്ടിരിക്കും. രാത്രി ഉറക്കത്തിൽ ഒരു മരത്തിൽ നിന്നും കുലകുലയായി ചെറിപ്പഴങ്ങൾ കൊഴിഞ്ഞു വീഴും. ഞാൻ കുട്ടിയായിരുന്നപ്പോൾ നടന്ന ആ കഥ ഒരു വേനൽക്കാലത്തു ഞാൻ എന്റെ മകന് പറഞ്ഞുകൊടുക്കുകയായിരുന്നു.

''ചെറിപ്പഴങ്ങൾ കാണാൻ എങ്ങനെയിരിക്കും?'' എന്റെ മകൻ എന്നോട് ചോദിച്ചു. ''ഒരു കൊച്ചു ഗോലി പോലിരിക്കും. ചുവന്നു തുടുത്ത കവിളു പോലിരിക്കും. ഭൂമിക്ക് സ്നേഹം വന്നാൽ എങ്ങനെ ഉണ്ടാവും അത് പോലിരിക്കും'' ഞാൻ അവന് പറഞ്ഞു കൊടുത്തു.

എന്നെപ്പോലെ അപ്പൂപ്പനും





വര : സജി വി



തയ്യാറെടുത്തിരിക്കും, ചെറിപ്പഴങ്ങൾ വാങ്ങിച്ച് കൊണ്ടുത്തരാൻ. കച്ചേരി നട വഴി നടന്ന് ആലിന്റെ മൂട് ചുറ്റി മരങ്ങൾ നിറഞ്ഞ ഒരു വഴി കടന്നാണ് അപ്പൂപ്പൻ കേരള ബേക്കറിയിലേക്ക് പോകുക. പോയവഴിയിൽ കണ്ട കാഴ്ചകളെല്ലാം അപ്പൂപ്പൻ ഒരു ക്യാമറ പോലെ മനസ്സിൽ പകർത്തും. കേരള ബേക്കറിയിൽ ചില്ലുകുപ്പികളിൽ പല പല നിറങ്ങളിൽ പലഹാരങ്ങൾ നിരത്തി വച്ചിട്ടുണ്ടാവും. ലഡ്ഡുവും ജിലേബിയും അവലോസുണ്ടയും മധുരമുള്ള ചിരി ചിരിക്കും. മസാല ബിസ്ക്കറ്റും മിക്സ്ചറും പക്കാവടയും എരിവുള്ള മുഖത്തോടെ ഇരിക്കും. ദിൽഖുഷ് എന്നെ എടുക്കൂ എന്ന് കെഞ്ചും. അപ്പൂപ്പൻ ആ ഭാഗത്തേക്ക് തിരിഞ്ഞുനോക്കുകപോലുമില്ല. അപ്പൂപ്പനെ ദൂരെനിന്നും കാണുമ്പോഴേ ബേക്കറിയിൽ സാധനം എടുത്തുകൊടുക്കാൻ നിൽക്കുന്നയാൾ ചെറിപ്പഴം പൊതിഞ്ഞു മേശപ്പുറത്തു വയ്ക്കും. അപ്പൂപ്പൻ അതുമെടുത്ത് എന്നെ കാണാൻ വരും.

“എന്താണ് ആ പഴങ്ങളുടെ നിറം?” എന്റെ മകന് കൊതി വന്നു തുടങ്ങി. കഥ കേട്ടാൽ കൊതി വരുമോ?

**അപ്പൂപ്പൻ ചെറിമരത്തെക്കുറിച്ച് കുറേ കഥകൾ എനിക്കന്ന് പറഞ്ഞുതന്നു. എന്റെ മകന് പറഞ്ഞുകൊടുക്കാൻ ആ കഥകളൊന്നും ഓർമ്മിച്ചുവയ്ക്കാൻ എനിക്ക് കഴിഞ്ഞില്ല. എത്ര ഓർത്തുനോക്കിയിട്ടും ആ കഥകൾ മനസ്സിൽ വരുന്നില്ല. എന്നാൽ എനിക്കിപ്പോഴും ആ കഥകളുടെ നിറം ഓർമ്മയുണ്ട്. കടുംചുവപ്പ് നിറമുള്ള കഥകൾ.**

ചുവപ്പ്. കടും ചുവപ്പ്. അതാണ് ചെറിപ്പഴങ്ങളുടെ നിറം. ചെറിപ്പഴങ്ങൾ പഞ്ചസാര സിറപ്പിൽ മുങ്ങിക്കിടക്കും. മത്ത് പിടിച്ച് ഉറങ്ങുന്ന ചെറിപ്പഴങ്ങളെ മുങ്ങിയെടുത്തു വായിലിട്ടാൽ അവ അലിഞ്ഞുപോകും. ഉറക്കത്തിൽ സ്വപ്നങ്ങൾ ഒഴുകി പോകുന്നത് പോലെ. അന്ന് ഞാൻ അപ്പൂപ്പനെ ചോദ്യങ്ങൾ ചോദിച്ച് കുഴക്കും. എവിടെ നിന്നാണീ ചെറിപ്പഴങ്ങൾ വരുന്നത്? ആരാണത് മരത്തിൽ കയറി പറിക്കുന്നത്? അതോ അവ മരങ്ങളിൽ നിന്നും മഞ്ഞുകാലത്ത് പൊഴിഞ്ഞുവീഴുമോ? ആരാണത് കുട്ടകളിൽ കെട്ടി വയ്ക്കുന്നത്? കുട്ടകളിൽ എടുത്തുവയ്ക്കുന്നതിനിടെ അവരത് തിന്നു നോക്കുമോ?

അപ്പൂപ്പൻ ചെറിമരത്തെക്കുറിച്ച് കുറേ കഥകൾ എനിക്കന്ന് പറഞ്ഞുതന്നു. എന്റെ മകന് പറഞ്ഞുകൊടുക്കാൻ ആ കഥകളൊന്നും ഓർമ്മിച്ചുവയ്ക്കാൻ എനിക്ക് കഴിഞ്ഞില്ല. എത്ര ഓർത്തുനോക്കിയിട്ടും ആ കഥകൾ മനസ്സിൽ വരുന്നില്ല. എന്നാൽ എനിക്കിപ്പോഴും ആ കഥകളുടെ നിറം ഓർമ്മയുണ്ട്. കടുംചുവപ്പ് നിറമുള്ള കഥകൾ. കേട്ടാൽ കേട്ടുകൊണ്ടിരിക്കുന്നയാളും ചുവന്ന് തുടുത്ത് പോകുന്ന കഥകൾ.

ഒരുദിവസം വാശി പിടിച്ച് ഞാനും അപ്പൂപ്പന്റെ കൂടെ ചെറി വാങ്ങിക്കാൻ പോയി. ചുവന്ന സിറ്റി ബസ്സിൽ കയറിയായിരുന്നു ആ യാത്ര. നല്ല രസമുള്ള സർക്കീട്ട് ആയിരുന്നു അത്. കോഫീഹൗസ്സിലെ മസാല ദോശയിൽ നിന്നും ചുവന്ന

**ഞങ്ങളന്ന് ചെറിപ്പഴങ്ങൾ അടച്ച കുപ്പിയും പിടിച്ച് വൈകുന്നേരത്ത് കൂടെ നടന്നു. വൈകുന്നേരത്തിന് ഒരു നിറമുണ്ട്. ആ നിറത്തിൽ വഴിയും അതിലെ പൂക്കളും മയങ്ങി കിടക്കും. ഞങ്ങളന്ന് വീട്ടിൽ എത്തിയപ്പോൾ രാത്രിയായി. അന്നത്തെ അത്താഴം എന്തായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ.**

ബീറ്റ്റൂട്ട് തുണ്ടുകൾ പെറുക്കി തിന്നത് എത്ര രസമായിരുന്നു. ഞങ്ങൾ ബേക്കറിയിലെത്തിയപ്പോൾ വൈകുന്നേരം ആയിരുന്നു. അന്ന് മഞ്ഞ ലഡ്ഡുവിൽ നിന്നുമൊരു ഈച്ച ഓറഞ്ച് ജിലേബിയിൽ പോയിരുന്നത് ഞാനിപ്പോഴും ഓർക്കുന്നു. നിറങ്ങളും മണങ്ങളും കണ്ടും കേട്ടും എനിക്ക് മത്തുപിടിച്ചു. എന്നെയും അപ്പൂപ്പനെയും കണ്ടയുടനെ ബേക്കറിക്കാരൻ ചെറിപ്പഴങ്ങൾ ഇട്ടുവച്ച ഒരു ചില്ലുകുപ്പിയെടുത്ത് മുന്നിൽ വച്ചു. അവിടമാകെ ഒരു ചുവന്ന നിറം പടർന്നു. ''ഓഹോ ഇതാണല്ലേ ചെറി തീറ്റക്കാരി?'' അയാൾ എന്നെ കൗതുകത്തോടെ നോക്കി. ''ഞാൻ വിചാരിച്ചത് ഈ ചെറിയെല്ലാം അപ്പൂപ്പന് തിന്നാനാണെന്നല്ലേ'' ഞാനും അപ്പൂപ്പനും ബേക്കറിക്കാരനും വിടർന്നുചിരിച്ചു. ഞങ്ങളന്ന് ചെറിപ്പഴങ്ങൾ അടച്ച കുപ്പിയും പിടിച്ച് വൈകുന്നേരത്ത് കൂടെ നടന്നു. വൈകുന്നേരത്തിന് ഒരു നിറമുണ്ട്. ആ നിറത്തിൽ വഴിയും അതിലെ പൂക്കളും മയങ്ങി കിടക്കും. ഞങ്ങളന്ന് വീട്ടിൽ എത്തിയപ്പോൾ രാത്രിയായി. അന്നത്തെ അത്താഴം എന്തായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. അന്ന് ഞാൻ നല്ല നിറമുള്ള ഒരു സ്വപ്നം കണ്ടു. ഒരു കുന്നിൻപുറം. അവിടെ വിളഞ്ഞു പഴുത്തുനിൽക്കുന്ന ചെറിപ്പഴങ്ങൾ. അവയ്ക്കിടയിലൂടെ ഓടിപ്പോകുന്ന ഞാൻ.

''എനിക്കും വേണം ചെറിപ്പഴങ്ങൾ'' കഥ മുഴുവനും കേട്ടുകഴിഞ്ഞ എന്റെ മകൻ എന്നോട് പറഞ്ഞു. നേരമിരുട്ടി. ഇപ്പോൾ എവിടെ പോയി വാങ്ങും ചെറിപ്പഴം? ഞാൻ അവനോട് കണ്ണുകൾ അടച്ച് പിടിക്കാൻ പറഞ്ഞു. നല്ല ചുവന്നു തുടുത്ത ഒരു ചെറിപ്പഴം മനസ്സിൽ വരയ്ക്കാൻ പറഞ്ഞു. അവന് ആ കളി ഇഷ്ടമായി.



# കൂട്ടിലെ കുഞ്ഞിന്

**ശശിധരൻ കുണ്ടറ**

കൂട്ടിലെ കുഞ്ഞിന്
കൂട്ടായിരിക്കുവാൻ
കാറ്റോ സുഗന്ധമോ
ചാറ്റൽ മഴത്തേനൊലിയോ?
ചുള്ളിയും നാരും
നിരത്തിയ കൂട്ടിലെ
പഞ്ഞിപ്പതുക്കമോ കൂട്ട്?
അന്തി കറുക്കുമ്പോൾ
കൂട്ടിലെ കുഞ്ഞിന്
ചൂട്ടു പിടിക്കുവാനാര്?
താരയോ തിങ്കളോ
താഴത്തിടം വലം
പാറിപ്പറക്കുന്ന
മിന്നാമിനുങ്ങിൻ തെളിയോ?
കൂട്ടിന് കൂടിരിക്കും മരം
കൂട്ടുകാർ വേറെയൊട്ടേറെ
എന്നാലിരുൾച്ചേല കീറുവാൻ
ഉൾവെളിച്ചം തന്നെ മുഖ്യം.



വര : ആശ ആർ

# സ്കൂൾ ഡെയ്സ്

രാജീവ് എൻ ടി



# ഭൂമിക്കൊരു കവിത

**ഡേവിഡ് സ്പാറൻബെർഗ്**

**(Poem to the Earth by David Sparenberg)**

**(സ്വതന്ത്ര മൊഴിമാറ്റം : എസ് ശാന്തി)**




എനിക്കതിന് അർഹതയില്ലെങ്കിലും
ഞാൻ നിന്നെ സ്നേഹിക്കാൻ ആഗ്രഹിക്കുന്നുണ്ട്
പുൽമേടുകളിൽ തനിച്ചിരുന്ന്
അകലെ ജലാശയത്തിലേക്കു നോക്കി
ഞാൻ എത്രയെത്ര സൂര്യാസ്തമനങ്ങൾ ആസ്വദിച്ചിരിക്കുന്നു.

അതെ എനിക്കതിനർഹതയേ ഇല്ലെങ്കിലും
ഞാൻ നിന്നെ അഗാധമായി സ്നേഹിക്കാൻ ആഗ്രഹിക്കുന്നു.

ചുമന്ന വാലുള്ള പരുന്തു ചുറ്റിപ്പറക്കുന്ന
നീലാകാശത്തിനു കീഴെ
കവിത തുളുമ്പും പുൽമേടുകളിൽ
ഞാനെത്ര നടന്നിരിക്കുന്നു.

നിത്യഹരിതവനങ്ങളിലൂടെ
ശാന്തവും നിശ്ചലവുമായ ഒറ്റയടിപ്പാതകളിലൂടെ
പുഴയൊഴുകും വഴിയിലൂടെ
ജലപാതങ്ങളിലേക്കു ഞാൻ എത്ര





വര : സുധീർ പി വൈ

ആഹ്ലാദത്തോടെ മലകയറിപ്പോയിരിക്കുന്നു

ഇത് സത്യം.
എനിക്കതിനർഹതയേ ഇല്ലെങ്കിലും
ഞാൻ നിന്നെ സ്നേഹിക്കാൻ കൊതിക്കുന്നുണ്ട്.

ഈ ജീവിതത്തോട്
വിടപറയാൻ സമയമാവുമ്പോൾ
ഞാൻ നിന്നോട് ചൊല്ലുന്നത്
ഒരു പ്രണയിയുടെ സ്നേഹമൊഴിയാവട്ടെ.

നിന്നെ മുറിവേൽപ്പിക്കുന്നവരുടെ മേലേ
എന്റെ കണ്ണീർമഴ എത്രയെത്ര പെയ്തിരിക്കുന്നു!
എത്രയേറെ പേരാണ്
അശ്രദ്ധയോടെ നിന്റെ മേലേ നടക്കുന്നത്;
അഹങ്കാരത്തോടെ, അജ്ഞതയോടെ
നിന്നെ കൊല്ലാക്കൊല ചെയ്യുന്നത്!
ഈ ഭൂമി വിട്ടു പോവാൻ സമയമാവുമ്പോൾ

സ്നേഹം നിറഞ്ഞതാവട്ടെ എന്റെ യാത്രാമൊഴി.

ഈ ജീവിതത്തിന്റെ വിസ്മയസൗന്ദര്യത്തിനായി
ഞാൻ എന്തൊക്കെയാണോ
അത് മുഴുവൻ ഞാൻ നൽകാം.

നിന്നെ സ്നേഹിക്കാനാണ്
ഞാൻ മോഹിക്കുന്നത്
എനിക്കതിനർഹതയേ ഇല്ലെങ്കിലും

പരിപാവനയായ ഭൂമീ
നിന്നെ സ്നേഹിക്കാൻ
മാത്രമാണ് ഞാൻ ആശിക്കുന്നത്...

*(ഡേവിഡ് സ്പാറൻബെർഗ് - ലോകപൗരൻ, സമാധാന പ്രവർത്തകൻ, കഥ പറച്ചിലുകാരൻ, അധ്യാപകൻ, കവി.)*



# ഒരിടത്തൊരിടത്ത്...

## (സുമംഗലയുടെ ബാലകഥാലോകം)

ഡോ. കെ ശ്രീകുമാർ

വിഷ്ണുശർമയുടെ ‘പഞ്ചതന്ത്രം ’ മലയാളികളും മലയാളികുട്ടികളും ആർത്തിയോടെ വായിച്ചറിഞ്ഞത് സുമംഗലയുടെ ഹൃദ്യമായ വിവർത്തനത്തിലൂടെയാണ്. മലയാളത്തനിമയുടെ ചൂരും ചൂടും തികഞ്ഞ നാടോടി കഥാമാധുര്യം കുട്ടികൾ നുണഞ്ഞിറക്കിയത് സുമംഗലയുടെ സ്വതന്ത്രപുനരാഖ്യാനങ്ങളിലൂടെയാണ്. എണ്ണമറ്റ പുരാണകഥകളുടെ വിസ്മയലോകത്തേക്ക് അവർ പ്രവേശിച്ചത് സുമംഗലയുടെ പുനരാവിഷ്കാരങ്ങളിലൂടെയാണ്.



കഥകളുടെ ഭാവനാലോകം അവർക്കുമുന്നിൽ മലർക്കെ തുറന്നിട്ടത് സുമംഗലയുടെ മൗലികരചനകളാണ്. മുതിർന്നവായനക്കാർ ‘ശുകസപ്തതി’യുടെ ആപാദമാധുര്യം അനുഭവിച്ചത് സുമംഗലയുടെ തത്ത പറഞ്ഞ കഥകളിലൂടെയാണ്. ചരിത്രകുതുകികൾ ഒരു സാംസ്കാരിക സ്ഥാപനത്തിന്റെ അടിവേരുകൾ തിരഞ്ഞത് ‘കേരളകലാമണ്ഡലത്തിന്റെ ചരിത്രം’ രചിച്ച സുമംഗലയിലൂടെയാണ്.

എത്രമാത്രം വൈവിധ്യപൂർണവും ആഴമേറിയതുമാണ് സുമംഗലയുടെ രചനാലോകം എന്നതിന് മറ്റൊരു തെളിവും ആവശ്യമില്ലല്ലോ. വേദപണ്ഡിതനായ ഒ. എം. സി. നമ്പൂതിരിപ്പാടിന്റെ മകൾ കഥകളെഴുതിക്കൊണ്ട് സാഹിത്യത്തറവാട്ടിലേക്ക് വലംകാൽ വെച്ചുകയറി. ‘മാതൃഭൂമി ആഴ്ചപ്പതിപ്പി’ലും മറ്റും കഥകൾ പ്രസിദ്ധീകരിച്ചുവന്നു. എങ്കിലും അതായിരുന്നില്ല അവരുടെ തട്ടകം. കഥകൾക്കായി എട്ടുവയസ്സുള്ള മകൾ ശാഠ്യം പിടിച്ചപ്പോൾ സുമംഗലയുടെ ബാലഭാവന ഉണർന്നു.

കുട്ടികളെ രസിപ്പിക്കുന്ന, അവരെ കേൾക്കാൻ പ്രേരിപ്പിക്കുന്ന കുറേ ‘ഉണ്ടാക്കിക്കഥകൾ’ യാഥാർഥ്യമായി. ചെറുപ്പത്തിൽ കേട്ടുവളർന്ന കഥകൾ ഓർത്തെടുത്തും പറഞ്ഞു. അങ്ങനെ അമ്മയൊരു കഥാകാരിയായി. മകളൊരു നല്ല ശ്രോതാവായി. ഓരോ രാത്രി പിന്നിടുമ്പോഴും പുതിയ കഥകൾ പിറന്നുകൊണ്ടിരുന്നു. നാടോടിക്കഥകളും പുരാണകഥകളും നമ്പൂരിക്കഥകളും ഐതിഹ്യങ്ങളുമൊക്കെ ആ മനസ്സിൽ നിന്ന് പുതിയരൂപത്തിലും പുതിയഭാവത്തിലും പുറത്തെത്തി. കഥയമ്മയുടെ മനസ്സ് ആർദ്രമായി. പുതുകഥകളുടെ പുത്തൻ മുളകൾ അവിടെ രൂപംകൊണ്ടു.

കാലംപോകെ കഥകേട്ടുറങ്ങിയ മകൾ കഥാകാലം കടന്നു വളർന്നു. പക്ഷേ, കഥയമ്മയ്ക്ക് കഥ പറയാതിരിക്കാനായില്ല.







**എണ്ണമറ്റ രചനകളിലൂടെ കുട്ടികളുടെ മനസ്സിൽ ഇടം പിടിച്ച കഥാകാരിയാണ് സുമംഗല. ഭൗതികമായി വിടപറഞ്ഞെങ്കിലും ലളിതമായ കഥാഖ്യാനശൈലിയിലൂടെ കുട്ടികളെ ഏറെ രസിപ്പിച്ച കഥാകാരി ആ കഥകളിലൂടെ ഇനിയും പതിറ്റാണ്ടുകൾ നമ്മുടെ കുഞ്ഞുമനസ്സുകളിൽ ജീവിക്കും.**




കേൾക്കാൻ ആളില്ലാതെ കഥ പറയുന്നതെങ്ങനെ? കഥയമ്മ നാലുപാടും നോക്കി. പരിചിതരും അപരിചിതരുമായ എത്രയോ കുട്ടികൾ. അവർക്കെല്ലാം കഥ കേൾക്കണം. അവർക്കായി കഥയമ്മ കഥപറച്ചിൽ തുടർന്നു. 'നിങ്ങളുടെ കഥകൾ സ്വന്തം മക്കളിൽ ഒതുക്കി നിർത്തരുതെന്ന്' പൂമ്പാറ്റയുടെ പത്രാധിപർ പി. എ. വാര്യർ ഓർമിപ്പിച്ചു. കഥയമ്മ അത് മനസ്സിൽ സൂക്ഷിച്ച് പറഞ്ഞകഥകൾ പകർത്തിയെഴുതി. കഥകളുടെ അതിധന്യമായ ശേഖരമായി അത്.

'സാഹിത്യപ്രവർത്തക സഹകരണ സംഘം' സുമംഗലയെ ആദ്യമായി എഴുത്തുകാരിയാക്കി. കുട്ടികൾക്ക് വായിക്കാനാവുന്ന കുറച്ചു കഥകൾ വേണമെന്ന് കോട്ടയത്തുനിന്നും കത്തു വന്നു. മകൾക്കു പറഞ്ഞുകൊടുത്തതിൽ കൂടുതൽ തൃപ്തി തോന്നിയ കുറച്ചുകഥകൾ തിരഞ്ഞെടുത്ത്, ചില മിനക്കുപണികൾ നടത്തി പ്രസാധകർക്കയച്ചു.

അങ്ങനെ ആദ്യപുസ്തകം യാഥാർഥ്യമായി. ലീലാനമ്പൂതിരിപ്പാട് എന്ന യഥാർഥ നാമം പുറത്തറിയണ്ട എന്നൊരു തോന്നൽ. ഒരു തൂലികാനാമത്തിനായുള്ള അന്വേഷണം ചെന്നെത്തിയത് 'സുമംഗല'യിൽ. കഥകളിൽ പുതിയ പേരു വച്ചു. ക്രമേണ വായനക്കാർ ലീലാനമ്പൂതിരിപ്പാടിനെ മറന്നു; 'സുമംഗല' യെ നെഞ്ചിലേറ്റി.

സുമംഗലയെ സാഹിത്യലോകത്ത് പ്രതിഷ്ഠിച്ചത് മുൻപു പറഞ്ഞ 'പഞ്ചതന്ത്രം' പരിഭാഷ തന്നെ. വിഷ്ണുശർമയുടെ 'പഞ്ചതന്ത്ര'ത്തിന് ചില പരിഭാഷകളും പുനരാഖ്യാനങ്ങളും അതിനകം തന്നെ വന്നുകഴിഞ്ഞിട്ടുണ്ട്. എന്നാൽ കുഞ്ചൻ നമ്പ്യാരുടെ 'പഞ്ചതന്ത്രം കിളിപ്പാട്ടി'നോളം പോലും ലാളിത്യമോ തെളിമയോ അവയിൽ പലതിനും ഉണ്ടായിരുന്നില്ല. മലയാള ബാലസാഹിത്യം അഭിമാനാർഹമായ ഒരു നിലനിൽപ്പ് സമ്പാദിച്ചിട്ടില്ലാത്ത കാലമായിരുന്നു അത്. മാത്യു എം കുഴിവേലിയുടെ ബാലപുസ്തകങ്ങളും കേരളവർമയുടെ പദ്യ-ഗദ്യ പാഠാവലികളുമൊക്കെ ഉണ്ടായെങ്കിലും അവയെല്ലാം പാഠപുസ്തകങ്ങളുടെ കുറവു പരിഹരിക്കാനാണ് സഹായിച്ചത്. സ്വതന്ത്രവും ആയാസരഹിതവുമായ ബാലവായനയ്ക്ക് ഉതകുന്നവയായിരുന്നില്ല അവ.

1977 നവംബർ 14ന്, ശിശുദിനത്തിൽ സുമംഗല



യുടെ 'പഞ്ചതന്ത്രം' ഡി. സി. കിഴക്കേമുറി പുറത്തിറക്കി. കുട്ടികൾക്കുള്ള ഉദാത്തമായ ശിശുദിനസമ്മാനമായി അത്. ബഹുവർണ ചിത്രങ്ങളോടെ കട്ടിച്ചട്ടയിൽ പുറത്തിറക്കിയ 'പഞ്ചതന്ത്ര'ത്തോടെ ഭാരതീയ കഥാപൈതൃക ത്തിന്റെ പ്രമുഖ പരിച്ഛേദം കുട്ടികൾക്ക് കരത ലാമലകമായി. അഞ്ചുതന്ത്രങ്ങളിലെയും ഹരം പിടിപ്പിക്കുന്ന കഥകൾ അവർ പലയാവർത്തി വായിച്ചു. സംസ്കൃതപ്രചുരമായ സ്ഥലനാമങ്ങളും കഥാപാത്രങ്ങളുടെ പേരുകളും അവർ അനായാ സമായി ആസ്വദിച്ചു. അതിലെ ഗുണപാഠങ്ങൾ അവർ സ്വജീവിതത്തിൽ പകർത്തി. നീലക്കുറു ക്കനും ആപ്പിലായ കുരങ്ങനും അത്തിമരത്തിലെ ഹൃദയവും ആമയുടെ ആകാശയാത്രയുമൊക്കെ അവരുടെ ഭാവനകളെ ഉത്തേജിപ്പിച്ചു. പല തലമുറകൾ 'പഞ്ചതന്ത്ര'ത്തെ ഹൃദയത്തിലേ റ്റുവാങ്ങി. മുതിർന്നവർ ഗൃഹാതുരത്വത്തോടെ അവ വീണ്ടും വീണ്ടും വായിച്ചു. നാളിതുവരെ രണ്ടരലക്ഷത്തോളം കോപ്പികളാണ് സുമംഗല യുടെ 'പഞ്ചതന്ത്രം' വിറ്റഴിഞ്ഞത്.

മിഠായിപ്പൊതി, നെയ്പ്പായസം, മഞ്ചാടിക്കുരു, തങ്കക്കിങ്ങിണി, നടന്നുതീരാത്ത വഴികൾ തുടങ്ങി എത്രയോ മൗലികരചനകളിലൂടെ സുമംഗല കുട്ടികളുടെ മനം കവർന്നു. ശുദ്ധവും തെളിമ യാർന്നതുമായ ഭാഷയിൽ കുട്ടികൾ അതുവരെ അനുഭവിക്കാത്ത വൈകാരികലോകമാണ് അവ യിൽ ഇതൾവിരിഞ്ഞത്. വായനാനന്തരവും ഈ കഥകൾ അവരെ വിടാതെ പിന്തുടർന്നു. ഈ കഥ കേട്ടിട്ടുണ്ടോ, മിഠായിപ്പൊതി പോലുള്ള ബൃഹദ്ഗ്രന്ഥങ്ങളും കുട്ടികൾ ഒറ്റയിരിപ്പിനു വായിച്ചുതീർത്തവയാണ്. ശ്രീകൃഷ്ണനും ഗുരു വായൂരപ്പനും ശിവനും യമധർമനും ഹനുമാനും കർണനും പരീക്ഷിത്തും ശ്രീരാമനുമൊക്കെ അവ രുടെ പുനരാഖ്യാനങ്ങളിലൂടെ കുട്ടികൾക്ക് പ്രിയങ്കര രായി. നാടോടിക്കഥകളിൽ നിന്നും ബാലഭാവനയെ വളർത്താനുതകുന്ന എണ്ണമറ്റ കഥകൾ തിരഞ്ഞെ ടുത്ത് അവർ മലയാളിക്കുട്ടികൾക്കു സമ്മാനിച്ചു. അതിലൂടെ അവർ ബാലമനസ്സുകളിലേക്ക് പകർന്നത് നമ്മുടെ സംസ്കൃതിയുടെ തനിമ തന്നെയാണ്.

അത്രയൊന്നും പഴമ അവകാശപ്പെടാനില്ലാത്ത മലയാള ബാലസാഹിത്യശാഖയ്ക്ക് ഈടുറ്റ കൃതികളിലൂടെ കരുത്തുപകർന്നു എന്നതാണ് സുമംഗലയെന്ന എഴുത്തുകാരിയെ പ്രസക്തയാ ക്കുന്നത്. ജീവിതത്തിലുടനീളം കുട്ടികളുടെ മാനസികമായ വളർച്ചയ്ക്കായി ആത്മാർപ്പണം നടത്തിയ എഴുത്തുകാരിയാണ് സുമംഗല. ബാലസാഹിത്യരംഗത്ത് മറഞ്ഞുനിന്നാണ് കുട്ടി കളുടെ 'കഥയമ്മൂമ്മ' ജീവിതാവസാനംവരെ രചന നടത്തിയത്

കേന്ദ്രസാഹിത്യ അക്കാദമി ബാലസാഹിത്യ പുരസ്കാരം, പദ്മ ബിനാനി ഫൗണ്ടേഷൻ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, ശ്രീപത്മ നാഭസ്വാമി സമ്മാനം എന്നിവയടക്കം നിരവധി അംഗീകാരങ്ങൾ സുമംഗലയ്ക്ക് ലഭിച്ചിട്ടുണ്ട്. ശാരീരികമായ അസ്വസ്ഥതകൾമൂലം ഏതാനും വർഷങ്ങളായി എഴുത്തിൽ നിന്നു മാറിനിൽക്കുക യായിരുന്നു സുമംഗല. കഥാകാരി ഭൗതികമായി നമ്മിൽ നിന്ന് അകന്നുപോയെങ്കിലും അവർ സൃഷ്ടിച്ച കഥാപ്രപഞ്ചം അനശ്വരമായിത്തന്നെ നിലനിൽക്കും.

# മിന്നുവിന്റെ പുള്ളിപ്പൂമ്പാറ്റ

ബീന മേലഴി

സ്കൂൾ അവധിക്കാലം. ടൗൺ ഹാളിൽ കുട്ടികളുടെ ചിത്രകലാക്യാമ്പ് നടക്കുകയാണ്. കുട്ടികളെല്ലാം പടം വരയ്ക്കുകയാണ്. കൊട്ടാരത്തിന്റെ ചിത്രം വരയ്ക്കാൻ ടീച്ചർ പറഞ്ഞു. ഓരോ കുട്ടിയും ഓരോന്ന് വരയ്ക്കണം. കൊട്ടാരം, രാജാവ്, മന്ത്രി, രാജകുമാരി, മന്ത്രവാദി, ഭടന്മാർ, പൂന്തോട്ടം അങ്ങിനെയെല്ലാം.

എല്ലാവരും വരയ്ക്കുന്നത് ഒന്നിനൊന്നു മെച്ചം. മിന്നൂന് വരയ്ക്കാൻ കിട്ടിയത് പൂന്തോട്ടമാണ്. നിറയെ ചെടികൾ. പല നിറത്തിലുള്ള പൂക്കൾ. പൂക്കളിൽ പാറിനടക്കുന്ന വർണ്ണപ്പൂമ്പാറ്റകൾ. പൂമ്പാറ്റകൾ തന്നെ പല തരം. കൂട്ടത്തിൽ ചുവപ്പ് നിറത്തിലൊരു പൂമ്പാറ്റ . ചുവപ്പിൽ കറുപ്പു പുള്ളികൾ. മിന്നു വരച്ചു കഴിഞ്ഞിട്ടും പൂമ്പാറ്റയെത്തന്നെ നോക്കിയിരുന്നു. മിന്നുവിന് കണ്ണുകളെ വിശ്വസിക്കാനായില്ല. പുള്ളിപ്പൂമ്പാറ്റ ഇളകുന്നു. അവൾക്ക് അത്ഭുതമായി. ഓടിനടന്ന് കൂട്ടുകാരെ കാണിച്ചു.

''ദേ ഞാൻ വരച്ച പൂമ്പാറ്റ ഇളകുന്നു.''

എല്ലാവർക്കും അതിശയം. ഓരോരുത്തരും അവരവരുടെ ചിത്രത്തിലേക്ക് നോക്കി. ഒന്നും അനങ്ങുന്നില്ല. മിന്നൂന്റെ പൂമ്പാറ്റ മാത്രം ചിറകുകൾ വിടർത്താൻ നോക്കുന്നു. ആദ്യം മറ്റുള്ളവർക്ക് കുറച്ച് അസൂയയൊക്കെ വന്നു. പിന്നെ കുട്ടികളെല്ലാം ആർത്തുവിളിച്ചു, ''മിന്നൂന്റെ പൂമ്പാറ്റ പറക്കാൻ പോണേ...''

''അയ്യോ, എന്റെ പൂമ്പാറ്റ...'' മിന്നു കരയാൻ തുടങ്ങി. പൂമ്പാറ്റ പറന്ന് പറന്ന് മുകളിലേക്ക് പോവാൻ തുടങ്ങി.

കരച്ചിൽ നിർത്താനാവാതെ മിന്നു നിൽക്കുമ്പോൾ പെട്ടന്ന് അവളുടെ ഉടുപ്പുകളും ഇളകാൻ തുടങ്ങി. പതുക്കെ പതുക്കെ പൊന്തി അവളും മുകളിലേക്ക്: പിന്നെ മിന്നുവും പൂമ്പാറ്റയും കൂടി പറക്കാൻ തുടങ്ങി.



വര : എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

കഥ

# ചുവന്ന പേഴ്സ്

**പ്രേമജ ഹരീന്ദ്രൻ**

അനൂപിന് വല്ലാത്ത സങ്കടം തോന്നി. എന്തൊക്കെ പറഞ്ഞാലും അച്ഛൻ ഇന്നു രാവിലെ പൈസ തരുമെന്നു തന്നെയാണ് കരുതിയത്. പക്ഷേ അവൻ എഴുന്നേൽക്കും മുൻപേ അച്ഛൻ പണിക്കുപോയിക്കഴിഞ്ഞിരുന്നു. ഇത്തിരി നേരത്തെ എഴുന്നേൽക്കാമായിരുന്നു എന്നാണ് അനൂപിന് അപ്പോൾ തോന്നിയത്. അവൻ തന്നത്താൻ പറഞ്ഞു,

'ഹും, നേരത്തെ എണീറ്റാലും കാര്യമൊന്നുമുണ്ടാവാനിടയില്ല. ഇന്നലെ വൈകുന്നേരം അച്ഛനോട് എന്തെല്ലാം പറഞ്ഞതാണ്!'

അപ്പോൾ അച്ഛൻ പറഞ്ഞു,

''മോനേ, അച്ഛനും കൂടെ വരാം. വാ, നമുക്ക് വായനശാലയിൽ പോകാം. അവിടെ എത്ര പുസ്തകങ്ങളുണ്ട്, അതിലൊന്ന് എടുക്കാലോ.''

വായനശാലയിൽ പോകാനും ഇഷ്ടമുള്ള പുസ്തകം കണ്ടെത്തി വായിക്കാനുമൊക്കെ അനൂപിന് ഇഷ്ടമാണ്. പക്ഷേ



വര: അഭിലാഷ് ഹരിതം

ഇപ്പോൾ അതൊന്നുമല്ല വേണ്ടത്.

ടൗണിലെ ദാമുവേട്ടന്റെ കടയിൽ നിന്ന് രണ്ടുമൂന്നു ദിവസമായി ആ സമ്പൂർണ ചിത്രകഥ നോക്കിക്കൊതിപ്പിക്കുന്നു. അത് വായിച്ചേ പറ്റൂ.

''അച്ഛാ, എനിക്ക് കിറ്റി മിറ്റി കഥകളാണ് വേണ്ടത്. അറുപത് രൂപയേ ഉള്ളൂ. അത് വാങ്ങണം പൈസ താ.''

''മോനേ, അത് നമുക്ക് പിന്നെ വാങ്ങിക്കാം. ഇപ്പോതൽക്കാലം അച്ഛന്റെ കൈയിൽ പൈസയില്ല.''

'മിഠായി വാങ്ങാനല്ലല്ലോ ഒരു പുസ്തകം വാങ്ങാനല്ലേ' എന്നൊക്കെ പറഞ്ഞ് കുറേ സമയം അച്ഛനോടു മിണ്ടാതെ






പിണങ്ങിയിരുന്നും രാത്രി ഭക്ഷണം കഴിക്കാതെയുമൊക്കെ നോക്കി. ഒരു ഫലവുമുണ്ടായില്ല.

രാവിലെ പൈസ തന്നാലേ സ്കൂളിൽ പോകൂ എന്ന് അമ്മയോടും വാശിപിടിച്ചു നോക്കി. കാര്യമൊന്നുമുണ്ടായില്ല. ഒടുവിൽ വൈകിയാണ് പുറപ്പെട്ടത്. സാക്കിറും മറ്റു കൂട്ടുകാരുമെല്ലാം അപ്പോഴേക്കും പോയിരുന്നു.

ക്ലാസിൽ രണ്ടുദിവസമായി എല്ലാരുടെയും ചർച്ച കിറ്റി മിറ്റി കഥകളാണ്. ക്ലാസ് ലൈബ്രറിയിലെ വാരികയിൽ ഇടയ്ക്ക് കാണാറുണ്ട് കിറ്റി മിറ്റി കഥകൾ. രണ്ട് പെൺകുട്ടികളും ഒരു പൂച്ചയും ചേർന്നുള്ള തമാശക്കഥകൾ.

വായിച്ചാൽ ചിരിച്ചു ചിരിച്ചു കുടലു പൊട്ടും. അതെല്ലാം ചേർന്ന് ഇപ്പോൾ ഒറ്റ പുസ്തകമായി സമ്പൂർണ ചിത്രകഥയായി വന്നിരിക്കുകയാണ്. അറുപത് രൂപയാണ് വില. ക്ലാസിലെ ഉണൈസിന്റെ ഏട്ടൻ വാങ്ങിച്ചിട്ടുണ്ട്.

എനിക്കുമൊന്ന് വായിക്കാൻ തരണേന്ന് അനൂപ് പറഞ്ഞപ്പോൾ 'ഏയ് അതു സ്കൂളിൽ കൊണ്ടു വരാനൊന്നും ഏട്ടൻ സമ്മതിക്കൂല' എന്നാണ് അവൻ പറഞ്ഞത്.

വഴിയുടെ നടുവിലുണ്ടായിരുന്ന ഒരു ചെറിയ വെള്ളാരം

കല്ല് അനൂപ് ഊക്കോടെ കാലുകൊണ്ട് തട്ടിത്തെറിപ്പിച്ചു. മനസ്സിലുള്ള ദേഷ്യവും നിരാശയും മുഴുവൻ ആ തട്ടലിലുണ്ടായിരുന്നു .

കല്ല് തെറിച്ചുപോയ സ്ഥലത്ത് എന്തോ ഒന്ന് അനൂപിന്റെ കണ്ണിൽ പെട്ടു. എന്താണത്?

ഒരു പേഴ്സ്. സ്ത്രീകൾ ഉപയോഗിക്കുന്നതുപോലെയുള്ള ചെറിയ പേഴ്സ്. ചുവപ്പ് നിറത്തിൽ സ്വർണപ്പുള്ളികളുള്ളത്. വഴിയരികിലെ മുള്ളുകൾക്കിടയിൽ കിടക്കുകയാണ്. പെട്ടെന്നൊന്നും ആരുടെയും ശ്രദ്ധയിൽ പെടില്ല.

കുനിഞ്ഞ് മുള്ളു തട്ടാതെ ശ്രദ്ധയോടെ അനൂപ് അതെടുത്തു .

കുറേ ഉപയോഗിച്ചു പഴകിയതാണ്. എന്നാലും കാണാൻ ഭംഗിയുണ്ട്. അവിടവിടെ കീറി ചുവന്ന നിറം ഇളകിപ്പോയിട്ടുണ്ട്. വേണ്ടാതെ ആരെങ്കിലും വലിച്ചെറിഞ്ഞതാവും.

അനൂപ് വെറുതേ അത് തുറന്നുനോക്കി. അദ്ഭുതംകൊണ്ട് അവന്റെ കണ്ണുകൾ വിടർന്നു. അതിനകത്ത് ഒരു നൂറുരൂപാ നോട്ട്!

ദൈവമുണ്ടെന്ന് പറയുന്നത് വെറുതെയല്ല. ഇന്നലെ എത്ര പ്രാർത്ഥിച്ചതാ അച്ഛൻ ഒരു അറുപതുരൂപ തരാൻ! ദാ, വഴിയിൽ കിടന്നുകിട്ടിയിരിക്കുന്നു നൂറുരൂപ. ദൈവം എന്റെ പ്രാർത്ഥന കേട്ടു. പഴയ പേഴ്സ് കളയുമ്പോൾ അറിയാതെ അതിൽ പെട്ടുപോയതായിരിക്കാം ആ നൂറുരൂപ. അവന് തുള്ളിച്ചാടാൻ തോന്നിപ്പോയി. എന്തായാലും വൈകുന്നേരം സ്കൂളിൽനിന്നു വരുമ്പോൾ കിറ്റി മിറ്റി കഥകൾ വാങ്ങിക്കണം. നാളെ സ്കൂളിൽ കൊണ്ടുപോയി എല്ലാരെയും കാട്ടി കൊതിപ്പിക്കണം.

**ദൈവമുണ്ടെന്ന് പറയുന്നത് വെറുതെയല്ല. ഇന്നലെ എത്ര പ്രാർത്ഥിച്ചതാ അച്ഛൻ ഒരു അറുപതുരൂപ തരാൻ! ദാ, വഴിയിൽ കിടന്നു കിട്ടിയിരിക്കുന്നു നൂറുരൂപ. ദൈവം എന്റെ പ്രാർത്ഥന കേട്ടു. പഴയ പേഴ്സ് കളയുമ്പോൾ അറിയാതെ അതിൽ പെട്ടുപോയതായിരിക്കാം ആ നൂറു രൂപ.**

പിന്നെയും നാൽപത് രൂപ ബാക്കിയുണ്ടാവുമല്ലോ. അതെന്തു ചെയ്യും? ഇരുപത് രൂപയ്ക്ക് ഒരു നല്ല ബോള് വാങ്ങിക്കാം. ബാക്കിക്ക് രണ്ട് കപ്പ് ഐസ്ക്രീം വാങ്ങാം. ഒന്ന് സാക്കിറിനും കൊടുക്കാം. അവനാണ് അനൂപിന്റെ ഉറ്റ ചങ്ങാതി. അനൂപും സാക്കിർ ഹുസൈനും ക്ലാസിലെ ഹാജർ പട്ടികയിലെ ഒന്നാം നമ്പറുകാരനും അവസാന നമ്പറുകാരനുമാണ്. അടുത്തടുത്ത വീട്ടുകാർ. രണ്ടുപേരും അവധിദിവസങ്ങളിൽപ്പോലും ഒപ്പമാണ്. ഐസ്ക്രീം വാങ്ങി സർപ്രൈസായി സാക്കിറിന് കൊടുക്കുന്നതോർത്ത് അനൂപ് തനിയെ ചിരിച്ചു.

നടന്ന് സ്കൂളെത്താറായപ്പോൾ അനൂപിന് ചെറിയൊരു സംശയം തോന്നി...‘ ഇനി ഈ പേഴ്സ് ആരുടെയെങ്കിലും കൈയിൽ നിന്ന് വീണുപോയതായിരിക്കുമോ?

ഏയ്, പഴകിപ്പിഞ്ഞിയ പേഴ്സ്. ആരുപയോഗിക്കും ഇത്!

ഇനി അഥവാ വീണതാണെങ്കിൽ ആരെങ്കിലും തിരഞ്ഞു വരണ്ടേ? ആരും വന്നില്ലല്ലോ. അപ്പോ ഇതാരോ വലിച്ചെറിഞ്ഞതു തന്നെ.’ അവൻ സ്വയം സമാധാനിപ്പിക്കുമ്പോഴേക്കും സ്കൂളിലെത്തിയിരുന്നു.

ഭാഗ്യം! ബെല്ലടിച്ചിട്ടില്ല. ക്ലാസിലെത്തുമ്പോൾ കുട്ടികളെല്ലാരും സാക്കിറിന് ചുറ്റും കൂടിയിരിക്കുകയാണ്.

“എന്താ? എന്താ വിശേഷം?”

അനൂപും ആ തിരക്കിനുള്ളിലേക്ക് നൂണുകയറി. സാക്കിർ മുഖം കുനിച്ച് സങ്കടപ്പെട്ടിരിക്കുകയാണ് .

നീനയാണ് പറഞ്ഞത്,

“സാക്കിർ സഞ്ചയികയിലിടാൻ കൊണ്ടുവന്ന നൂറുരൂപയുള്ള പേഴ്സ് വീണുപോയത്രേ. അവൻ സ്കൂളിലേക്ക് വരുന്ന വഴി ഒരു നായ ഓടിച്ചു. അതിനെ പേടിച്ച് ഓടിയാണത്രേ ഇത്രദൂരം വന്നത്. ഇവിടെത്തി കുറച്ചു നേരം കഴിഞ്ഞ് നോക്കിയപ്പോ പൈസ കാണാനില്ല. പ്രവീണും നിശാന്തും അവനും കൂടി തിരഞ്ഞുപോയതാ... പക്ഷേ കിട്ടിയില്ല.”

അനൂപ് ഒന്നു ഞെട്ടി, ‘ആ ചുവന്ന പേഴ്സ്! അതു സാക്കിറിന്റേതായിരുന്നോ!’

“എടാ, എല്ലാരുടെയും ബാഗ് ഒന്നു പരിശോധിച്ചാലോ? ചിലപ്പോ ക്ലാസിലെത്തിയതിനു ശേഷം അതാരെങ്കിലും അടിച്ചുമാറ്റിയതാണെങ്കിലോ?”

പ്രവീൺ പറഞ്ഞതു കേട്ടപ്പോൾ പരിഭ്രമം കൊണ്ട് ശ്വാസം മുട്ടുന്നതു പോലെ അനൂപിന് തോന്നി. ഇപ്പോൾ സാക്കിറും മറ്റുള്ളവരും ചേർന്ന് ഓരോരുത്തരുടെയും ബാഗ് പരിശോധിക്കും. തന്റെ ബാഗിൽ ആ പേഴ്സ് കാണും. വഴിയിൽ നിന്ന് കിട്ടിയതാണെന്നു പറഞ്ഞാലും

എന്തിനത് കാണിക്കാതെ ഒളിപ്പിച്ചു വെച്ചു എന്നു ചോദിക്കും. അവൻ നിമിഷ നേരം കൊണ്ട് വിയർത്തു കുളിച്ചു. കിറ്റി മിറ്റി കഥകളും ഐസ്ക്രീമും ബോളുമെല്ലാം കണ്ണിനു മുന്നിൽക്കിടന്നു കറങ്ങുന്നതുപോലെ അവൻ കണ്ടു.

അപ്പോൾ ദൂരെയെവിടെയോ നിന്ന് എന്നതുപോലെ സാക്കിറിന്റെ ഒച്ച കേട്ടു.

''അതു വേണ്ട. ഇവിടാരും അതെടുക്കൂല. അതു വഴിയിൽ വീണതായിരിക്കും. ആരുടെയും ബാഗൊന്നും നോക്കണ്ട.''

അനൂപ് ഒന്നാശ്വസിച്ചു. അപ്പോഴേക്കും മുകുന്ദൻ സാർ ക്ലാസിലെത്തി.

''എല്ലാവരും പുസ്തകമെടുക്ക്'' സാർ പറഞ്ഞു. ബാഗ് തുറക്കുമ്പോൾ അനൂപിന് പേടി തോന്നി. ആരെങ്കിലും ആ പേഴ്സ് കാണുമോ? അല്പം കഴിഞ്ഞപ്പോൾ അവൻ നോട്ടുപുസ്തകത്തിൽ നിന്നും മെല്ലെ ഒരു പേജ് കീറിയെടുത്തു . 'അയ്യോ ടെക്സ്റ്റ് മാറിപ്പോയല്ലോ' എന്ന് പറഞ്ഞ് വേറെ ടെക്സ്റ്റ് എടുക്കാനെന്ന പോലെ ബാഗ് തുറന്ന് നോട്ട്ബുക്കിന്റെ വെള്ളപ്പേപ്പർ കൊണ്ട് ആ പേഴ്സ് ഭദ്രമായി പൊതിഞ്ഞ് ബാഗിന്റെ അടിയിലേക്കിട്ടു. ആശ്വാസം!

ഇനിയാരും കാണില്ല ആ ചുവന്ന പേഴ്സ്.

അന്ന് മുകുന്ദൻ സാർ നല്ല രസമുള്ള കഥയാണ് പറഞ്ഞത്. പക്ഷേ അനൂപ് അതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. വല്ലാത്തൊരു പരിഭ്രമം. എങ്ങനെയെങ്കിലും വൈകുന്നേരമായാൽ മതിയായിരുന്നു... എന്തെങ്കിലും സൂത്രം പറഞ്ഞ് കൂട്ടുകാരെ ഒഴിവാക്കി വീട്ടിലേക്കു പോകുന്ന വഴിക്കു തന്നെ കിറ്റി മിറ്റി കഥകൾ വാങ്ങണം.

ഉച്ചഭക്ഷണം കഴിഞ്ഞ് എല്ലാവരും കളിക്കാൻ പോയപ്പോൾ ക്ലാസിൽ അനൂപും സാക്കിറും മാത്രമായി. ബാഗിനടുത്തു നിന്നു മാറാൻ അനൂപിന് പേടി തോന്നി. ആരെങ്കിലും അത് തുറന്നു പരിശോധിച്ചാലോ!

സാക്കിറിന്റെ മുഖം വല്ലാതെ മ്ലാനമാണെന്ന് അനൂപ് കണ്ടു .

''അനൂപേ, രാവിലെ ഞാൻ കുറേനേരം നിന്നെ കാത്തു നിന്നു. കാണാഞ്ഞിട്ടാണ് ഒറ്റയ്ക്കിറങ്ങിയത്. നീയും കൂടെയുണ്ടായിരുന്നെങ്കിൽ അത് പോകില്ലായിരുന്നു.''

സാക്കിർ എഴുന്നേറ്റ് അനൂപിന്റെ അടുത്തുവന്നിരുന്നു. അവന്റെ കൈയിൽ പിടിച്ചു കൊണ്ട് പറഞ്ഞു,

''എടാ, എനിക്ക് ആ പൈസ പോയതിലൊന്നും സങ്കടമില്ല. ഇന്നലെ മാമൻ വന്നപ്പോ എനിക്ക് തന്നതാ ആ നൂറുരൂപ. പക്ഷേ ആ പേഴ്സ്... അത്... അതെന്റെ ഉമ്മച്ചിയുടെയാ ... അതു കൈയിലുള്ളപ്പോ ഉമ്മച്ചി മരിച്ചിട്ടില്ല, എന്റെ കൂടെത്തന്നെയുണ്ട്ന്ന് തോന്നും. വല്ലാണ്ട് ഉമ്മച്ചിയെ കാണാൻ തോന്നുമ്പോ ഞാൻ ആ പേഴ്സെടുത്തു നോക്കും. ഉമ്മച്ചിക്ക് അത്ര ഇഷ്ടായിരുന്നു ആ പേഴ്സ്.''

പറഞ്ഞുതീരുമ്പോഴേക്കും സാക്കിറിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. തൊണ്ടയിടറി.

'സാക്കിറിനെപ്പോലെ നീയും എന്റെ മോനല്ലേടാ. ബയറ് നെറച്ച് തിന്ന് ' എന്നു പറഞ്ഞ് നെയ്ച്ചോറു വിളമ്പിത്തരാറുള്ള ആ ഉമ്മയെ അനൂപ് ഓർത്തു.

തീരെ സുഖമില്ലാതെ കിടന്ന അവസാന നാളുകളിൽപ്പോലും കാണുമ്പോൾ 'സാക്കിറേ, ന്റെ ചങ്ങായിക്കുട്ടി വന്നിട്ട്ണ്ടേന്നു പറഞ്ഞ് ക്ഷീണിച്ച ചിരിയോടെ അടുത്തു ചേർത്തു നിർത്തിയിരുന്ന ഉമ്മ.

അനൂപിന് നെഞ്ചിലെന്തോ കൊളുത്തിവലിക്കുന്നതു പോലെ തോന്നി. 'എന്റെയും ഉമ്മയായിരുന്നല്ലോ അത്.' അവൻ തനിയെ പറഞ്ഞു.

അടുത്തനിമിഷം സാക്കിറിന്റെ രണ്ടുകൈയും ചേർത്തു പിടിച്ചുകൊണ്ട് അനൂപ് പൊട്ടിക്കരഞ്ഞു. സാക്കിർ അതിശയത്തോടെ അവന്റെ മുഖത്തേക്ക് നോക്കി.

''സാക്കിറേ, എന്നോട് ക്ഷമിക്കണം. ആ പേഴ്സ് എന്റെ ബാഗിലുണ്ട്. വരുമ്പോൾ വഴിയിൽ വച്ച് എനിക്ക് വീണു കിട്ടിയതാ. ദുരാഗ്രഹം കൊണ്ട് ഞാൻ അത് ഒളിച്ചുവെച്ചു... മാപ്പ്.''

''അയ്യേ, നീയെന്തിനാ കരയുന്നത്? അല്ലെങ്കിൽത്തന്നെ നീയെന്തു തെറ്റുചെയ്തു മാപ്പു ചോദിക്കാൻ? നിനക്കു കിട്ടിയതു നന്നായി. അതുകൊണ്ട് നഷ്ടപ്പെടാതെ അത് തിരിച്ചു കിട്ടിയല്ലോ.''

സാക്കിർ ചിരിച്ചു. അനൂപ് കൊടുത്ത പേഴ്സെടുത്ത് ബാഗിലിടുമ്പോഴാണ് സാക്കിർ പറഞ്ഞത്,

''അയ്യോ, അനൂപേ ഇന്നത്തെ ഈ ബഹളത്തിൽ ഒന്നു മറന്നു പോയി. നിനക്ക് ഞാൻ ഒരു കാര്യം കൊണ്ടുവന്നിരുന്നു. ഇന്നലെ മാമൻ വരുമ്പോൾ കൊണ്ടത്തന്നതാ. അപ്പോഴേക്കും ഇതു തന്നെ ഉപ്പ എനിക്ക് വാങ്ങിത്തന്നിരുന്നു. എനിക്കെന്തിനാ ഒരു പോലെയുള്ള രണ്ടെണ്ണം. ഒന്നു നീയെടുത്തോ.'

അവൻ ബാഗിൽ നിന്നും പുറത്തെടുത്ത പുസ്തകത്തിന്റെ പേര് അനൂപ് വായിച്ചു, 'കിറ്റി മിറ്റി കഥകൾ.'

ആ പുസ്തകത്തിന്റെ പുറംചട്ടയിലെ പെൺകുട്ടികൾ അവരെ നോക്കി പുഞ്ചിരിക്കുന്നുണ്ടായിരുന്നു.

# ശ്രീകണ്ഠേശ്വരം; മറന്നുകൂടാത്ത മഹാപ്രതിഭ

എൻ എസ് സുമേഷ് കൃഷ്ണൻ

**മലയാളത്തിന് പകരംവയ്ക്കാനില്ലാത്ത തരത്തിൽ ഗംഭീരമായ ഒരു നിഘണ്ടുവാണ് ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ളയുടെ ശബ്ദതാരാവലി. തന്റെ ജീവിതം മുഴുവനും സാഹിത്യരചനയ്ക്കായി ചിലവഴിക്കുകയും 26 വർഷത്തോളം ശബ്ദതാരാവലിയുടെ രചന യ്ക്കായി മാത്രം അധ്വാനിക്കുകയും ചെയ്ത ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ളയെന്ന മഹാപ്രതിഭയെ പുതുതലമുറയിലെ കുട്ടികൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.**

മലയാളത്തിലെ ഏറ്റവും പ്രശസ്തമായ ശബ്ദതാരാവലി എന്ന നിഘണ്ടുവിന്റെ നിർമാതാവാണ് ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള. 2021 ആകുമ്പോൾ അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് 75 വർഷം തികയുന്നു. 1865 ൽ തിരുവനന്തപുരം ജില്ലയിലെ ശ്രീകണ്ഠേശ്വരത്താണ് പത്മനാഭപിള്ളയുടെ ജനനം. മേൽകങ്ങാണം തഹസീൽദാരായിരുന്ന പരുത്തിക്കാട് നാരായണപിള്ളയുടെയും നാരായണിപ്പിള്ളയുടെയും മകനായി ജനിച്ച അദ്ദേഹം സംസ്കൃതം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിൽ അഗാധ പാണ്ഡിത്യം നേടിയ പ്രതിഭയായിരുന്നു. ആയുർവേദത്തിലും അതീവ സാമർഥ്യം നേടിയിട്ടുണ്ടായിരുന്നു.




കുട്ടിക്കാലം മുതൽ കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കൃതികളും കഥകളിയും ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയ്ക്ക് വലിയ ഇഷ്ടമായിരുന്നു. ഈ താത്പര്യം ബാല്യകാലം മുതൽ കവിതാരചനയിൽ അദ്ദേഹത്തിന് വാസനയുണ്ടാക്കാനിടയായി. അതുകൊണ്ടുതന്നെ ഏതാണ്ട് 21 വയസ്സായപ്പോഴേക്കും കവി എന്ന നിലയിൽ അദ്ദേഹം തിരുവനന്തപുരത്തുകാർക്ക് ഏറെ പ്രിയപ്പെട്ടവനായി.

ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള കേരളീയ സാംസ്കാരിക ലോകത്തിന് നൽകിയ പരമപ്രധാനമായ സംഭാവനയാണ് 'ശബ്ദതാരാവലി' എന്ന നിഘണ്ടു. 1897 ലാണ് അദ്ദേഹം നിഘണ്ടുവിന്റെ രചന ആരംഭിച്ചത്. ഇത്രയും വലിയ ഒരു കൃതി ഒറ്റയ്ക്ക് രചിക്കുക എന്നത് ഇന്നത്തെക്കാലത്തുപോലും വലിയ ക്ലേശകരമാണ്. അപ്പോൾ അന്നത്തെ അവസ്ഥ ഒന്ന് ആലോചിച്ചുനോക്കൂ. 'ശബ്ദതാരാവലി' എഴുതുന്നതിനുമുമ്പുതന്നെ അദ്ദേഹം ചില കവിതകൾ



ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള

രചിച്ചിട്ടുണ്ടായിരുന്നു. പക്ഷേ ഗൗരവമായ രചന എന്ന തരത്തിൽ വിലയിരുത്തപ്പെടുന്നത് 'ശബ്ദതാരാവലി' തന്നെയാണ്. അദ്ദേഹത്തിന് മുപ്പത്തിരണ്ട് വയസ്സുള്ളപ്പോഴാണ് ശബ്ദതാരാവലി എഴുതാൻ ആരംഭിച്ചത്. അത് എഴുതി പൂർത്തിയാക്കുമ്പോൾ അദ്ദേഹത്തിന് 58 വയസ്സായിരുന്നു പ്രായം. കാൽനൂറ്റാണ്ട് നീണ്ട പഠനവും അധ്വാനവും കൊണ്ട് സൃഷ്ടിക്കപ്പെട്ട കൃതിയാണ് 'ശബ്ദതാരാവലി' എന്ന നിഘണ്ടു. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെ മലയാളത്തിന് പകരംവയ്ക്കാനില്ലാത്ത തരത്തിൽ ഗംഭീരമായ ഒരു നിഘണ്ടുവാണ് ലഭിച്ചത്. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ പേര് നാടെങ്ങും പ്രശസ്തമായി. കേരളവർമ വലിയകോയിത്തമ്പുരാനും ഏ ആർ രാജരാജവർമയും ശബ്ദതാരാവലിയുടെ രചനയ്ക്കായി തന്നെ പ്രോത്സാഹിപ്പിച്ചിരുന്നു എന്ന് ശ്രീകണ്ഠേശ്വരം എഴുതിയിട്ടുണ്ട്. 'കൈരളിക്കു സമർപ്പിച്ച വിലപേറില്ലാത്ത ഒരു രത്നാഭരണം' എന്നാണ് ശബ്ദതാരാവലിയെക്കുറിച്ച് ഉള്ളൂർ അഭിപ്രായപ്പെട്ടത്.




കൈരളിയുടെ സർഗാത്മകാകാശത്തിൽ എന്നെന്നും ഒളിമങ്ങാത്ത സൂര്യനാണ് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള. തന്റെ ജീവിതം മുഴുവനും സാഹിത്യരചനയ്ക്കായി ചിലവഴിക്കുകയും 26 വർഷത്തോളം ശബ്ദതാരാവലിയുടെ രചനയ്ക്കായി മാത്രം അധ്വാനിക്കുകയും ചെയ്ത ആ നിസ്വാർഥമതിയായ പണ്ഡിതൻ 1946ൽ ഈ ലോകത്തോട് വിടപറഞ്ഞു.

ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ളയെ നമ്മുടെ പുതിയ തലമുറയ്ക്ക് എത്രത്തോളം പരിചയമുണ്ടെന്ന് അറിയില്ല. നാം ഒരിക്കലും മറന്നുകൂടാത്ത മഹാപ്രതിഭയാണ് അദ്ദേഹം. ഒരായുസ്സു മുഴുവൻ മലയാളഭാഷയെ പരിപോഷിപ്പിക്കാൻ മാത്രം യത്നിച്ച ആ മഹനീയ വ്യക്തിത്വത്തിന്റെ എഴുപത്തിയഞ്ചാം ചരമവാർഷികത്തിലും അദ്ദേഹം നമ്മുടെ മനസ്സിൽ ഇപ്പോഴും കനകശോഭയോടെ ജീവിച്ചിരിക്കുന്നു.


## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ,
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34





# നാക്കും മൂക്കുമെന്തിനാ?

**പി കെ സുധി**

വീട്ടിലെ ആടിനും പൂച്ചയ്ക്കും കോഴിക്കും ഒരല്പം ഐസ്ക്രീം കൊടുത്തുനോക്കിയതിനു ശേഷം ഇതു വായിക്കുക. ആടും പശുവും പൂച്ചയുമൊക്കെ ഭക്ഷണത്തെ മണപ്പിച്ചു നോക്കുന്നതു കാണാം. ഭക്ഷ്യയോഗ്യമല്ലെങ്കിൽ പൂച്ചകൾ മുഖം തിരിക്കും. വിഷപ്പച്ചിലപ്പടർപ്പുകൾ വായിലെത്തിയാൽ നാൽക്കാലികൾ അവയെ ഒഴിവാക്കിക്കളയും. അപ്പോൾ നാക്കും മൂക്കുമെന്തിനാണ്? കാര്യം സിമ്പിൾ. ജീവന് അപകടമുണ്ടാക്കുന്ന ഭക്ഷണം ഉള്ളിലെത്താതിരിക്കാൻ അവ സഹായിക്കുന്നു എന്നു ചുരുക്കിപ്പറയാം. അവയുടെ ധർമ്മങ്ങൾ പിന്നെയുമുണ്ട്.

ആകർഷണീയമായ മണവും രുചിയുമുണ്ടായിട്ടും കോഴിക്ക് ഐസ്ക്രീം അത്ര പഥ്യമല്ലാത്തതിനു കാരണം പിടികിട്ടിയല്ലോ. ഐസ്ക്രീം തിന്നുശീലിച്ച പൂച്ചയ്ക്ക് മുന്നിൽ ഒരു ഒഴിഞ്ഞ ഐസ്ക്രിം കപ്പ് കാണിച്ചുനോക്കൂ. അവൻ വാലുംപൊക്കി നിങ്ങളുടെ വരുതിയിൽ നിൽക്കും.

മനുഷ്യരെത്ര സൂക്ഷ്മതയോടെയാണ് ആഹാരം തയ്യാറാക്കുന്നത്. പാചകം ചെയ്യുന്നതിനു മുമ്പു കല്ലും നെല്ലും പെറുക്കിമാറ്റും. ഇറച്ചിയും മീനുമൊക്ക നന്നായി കഴുകിവൃത്തിയാക്കും. ഭക്ഷണപ്പാക്കറ്റിലെ സുരക്ഷിത തീറ്റക്കാലാവധി കഴിഞ്ഞോയെന്നു നാലു തവണ തിരിച്ചുംമറിച്ചും നോക്കും.

ചില ജീവികൾക്ക് അത്തരത്തിലുള്ള നോട്ടങ്ങളൊന്നുമില്ല. ശവം തീനി കഴുകന്മാരെന്താണു കഴിക്കുന്നത്? അതു പിന്നെ പ്രത്യേകം പറയണോ? എത്ര മാരകങ്ങളായ അണുജീവികളാണ് ചീയുന്ന മാംസത്തിലൂടെ അവയുടെ ഉള്ളിലെത്തുന്നത്. അവയ്ക്ക് ഒന്നും പറ്റുന്നില്ല. ഒരു രോഗവും കഴുകന്മാർക്ക് വരുന്നില്ല. അല്പം പഴകിയതെന്തെങ്കിലും ഉള്ളിൽച്ചെന്നാൽ മതി നമുക്ക് ഛർദ്ദിയും ഇളക്കവും തുടങ്ങാൻ!

ഭക്ഷണത്തിലൂടെ ഉള്ളിലെത്തുന്ന സൂക്ഷ്മാണുക്കളെ നശിപ്പിക്കുന്നതിനു വേണ്ടി ജീവികളുടെ ആമാശയത്തിൽ

ചില അണുനാശകസംവിധാനങ്ങളുണ്ട്. കഴുകന്മാരുടെ ആമാശയത്തിലെ ആസിഡിന് മനുഷ്യരുടേതിനേക്കാൾ നൂറിരിട്ടിവരെ ഗാഢതയുണ്ടത്രേ! ഇപ്പോൾ മനസ്സിലായില്ലേ കോഴിയും കാക്കയുമൊക്കെ അഴുകിയതും ചീഞ്ഞതുമെല്ലാം തിന്ന് ഗമയിൽ നടക്കുന്നതിനു കാരണം. ഏത് അണു വയറ്റിൽച്ചെന്നാലും ആമാശയത്തിലെ ആസിഡിന്റെ ശക്തിയിൽ വെന്തുപോകും.

കഴിച്ചാൽമാത്രം പോരല്ലോ. പൂച്ചകളാണ് അക്കാര്യത്തിൽ തനതു വ്യക്തിത്വം പുലർത്തുന്ന ജീവികൾ. പുറത്ത് പോയി കുഴി കുത്തിയാണ് വിസർജ്ജിക്കുന്നത്. നമ്മൾ നാടു ചുറ്റി വന്നാൽ അകത്തുകയറുതിനു മുന്നേ കാല് നന്നായി കഴുകും. ഇപ്പോൾ കൊറോണയ്ക്ക് ശേഷം കൈയും. അതും സോപ്പിട്ട്. അപ്പോൾ ശ്മശാനത്തിൽ ജോലികഴിച്ചു വരുന്ന കഴുകന്റെ കാലുകൾ നിറയെ... ശരിയാണ് അണുക്കളുണ്ട്. അവരതിനുമേൽ അണുനാശിനി പ്രയോഗവും നടത്താറുണ്ട്. കഴുകന്മാരുടെ വിസർജ്ജ്യം കാലിലൂടെ ഒലിച്ചിറങ്ങുകയാണ് പതിവ്. അതുകൊണ്ടെന്താ ഗുണം? വൃത്തികേട് കൂടുകയല്ലേയുള്ളു. എന്നാൽ തെറ്റിപ്പോയി. കഴുകൻ കാഷ്ഠത്തിലെ മൂത്രഘടകം തീവ്ര അണുനാശിനിയാണ്. എന്നുവച്ചിട്ടിതിനെ ഒരു മരുന്നായി കണക്കാക്കരുതേ!

വീട്ടിലും പറമ്പിലുമൊക്കെ നായ്ക്കളും പൂച്ചകളും മൂത്രമൊഴിച്ച് തന്താങ്ങളുടെ വിഹാരയിടങ്ങൾ അടയാളപ്പെടുത്തുന്നത് കണ്ടിരിക്കും. മണ്ണാത്തിക്കിളി പാട്ടുപാടിയിട്ടാണ് വേലി കെട്ടുന്നത്. അവന്റെ പാട്ടുവേലിക്കുള്ളിൽ മറ്റൊരു കിളി അതിക്രമിച്ച് കടക്കില്ല.

**കഴുകന്മാരുടെ ആമാശയത്തിലെ ആസിഡിന് മനുഷ്യരുടേതിനേക്കാൾ നൂറിരിട്ടിവരെ ഗാഢതയുണ്ടത്രേ! ഇപ്പോൾ മനസ്സിലായില്ലേ കോഴിയും കാക്കയുമൊക്കെ അഴുകിയതും ചീഞ്ഞതുമെല്ലാം തിന്ന് ഗമയിൽ നടക്കുന്നതിനു കാരണം. ഏത് അണു വയറ്റിൽച്ചെന്നാലും ആമാശയത്തിലെ ആസിഡിന്റെ ശക്തിയിൽ വെന്തുപോകും.**

ആസ്ട്രേലിയ, ടാസ്മാനിയ എന്നിവിടങ്ങളിൽ വസിക്കുന്ന ജീവിയാണ് വോംബാറ്റ് (Wombat). അതു വാവലല്ല. പേരങ്ങനെയെന്നേയുള്ളൂ. മാളങ്ങളിൽ വസിക്കുന്ന ആളൊരു സഞ്ചിമൃഗമാണ് (Marsupial). ഇവന്റെ വിസർജ്ജ്യത്തിന് ഒരു പ്രത്യേകതയുണ്ട്. ചതുരക്കട്ട രൂപത്തിലാണ് ആമാശത്തിലെ ദഹിക്കാത്ത വസ്തുക്കൾ പുറത്തുവരുന്നത്. ചതുരക്കട്ടചാണകമുള്ള ഏക ജീവിയാണ് വോംബാറ്റ്. ഈ ഉണക്കക്കട്ടകൾ അവർ മറ്റൊരു കാര്യത്തിനുപയോഗിക്കുന്നു. മതിലുകെട്ടുന്നതുമാതിരി അതു നിരത്തി ഇവൻ തന്റെ ഏര്യ അടയാളപ്പെടുത്തിക്കളയും. ചാണകമതി



വോംബാറ്റ്



പാരറ്റ് ഫിഷ്

**ഹവായ് കടലിൽ ഒരു മണൽഫാക്ടറി വീരനുണ്ട്. പാരറ്റ് ഫിഷ് എന്നു പേര്. പ്രതിവർഷം എണ്ണൂറ്റി നാല്പത് പൗണ്ടാണ് ഒരു മുഴുത്ത പാരറ്റ് ഫിഷ് ഉണ്ടാക്കുന്ന മണലളവ്. അതീവസുന്ദരനാണിവൻ. അതിനാലാണ് തത്തമ്മ മത്സ്യമെന്ന പേരുവന്നതുതന്നെ. പകൽനേരത്ത് പ്രധാന പണി തീറ്റയാണ്. പവിഴപ്പുറ്റുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന പായലുകളാണ് മുഖ്യഭക്ഷണം.**



ലുകണ്ടാൽ മറ്റൊരു വോംബാറ്റ് അതിരുമുറിച്ച് കശപിശയ്ക്കു വരില്ല.

കോഴികൾ ഇടയ്ക്കിടെ ചെറുകല്ലുകൾ കൊത്തിവിഴുങ്ങുന്നത് കണ്ടിട്ടില്ലേ? ആഹാരവസ്തുക്കൾ അരച്ചുകിട്ടാനാണ് ഈ കല്ലുതീറ്റ. ഹവായ് കടലിൽ ഒരു മണൽഫാക്ടറി വീരനുണ്ട്. പാരറ്റ് ഫിഷ് എന്നു പേര്. പ്രതിവർഷം എണ്ണൂറ്റി നാല്പത് പൗണ്ടാണ് ഒരു മുഴുത്ത പാരറ്റ് ഫിഷ് ഉണ്ടാക്കുന്ന മണലളവ്. അതീവസുന്ദരനാണിവൻ. അതിനാലാണ് തത്തമ്മ മത്സ്യമെന്ന പേരുവന്നതുതന്നെ. പകൽനേരത്ത് പ്രധാന പണി തീറ്റയാണ്. പവിഴപ്പുറ്റുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന പായലുകളാണ് മുഖ്യഭക്ഷണം. തീറ്റയ്ക്കിടയിൽ കാത്സ്യംകാർബണേറ്റു നിർമ്മിതമായ പവിഴപ്പുറ്റുകളെ തത്തമ്മച്ചുണ്ടുകൊണ്ട് കാർന്നെടുക്കും. ഉള്ളിൽചെന്ന ഈ ദഹിക്കാത്ത വസ്തുവിനെ പൊടിയാക്കി പുറത്തുതള്ളും. അങ്ങനെയാണ് ഹവായിൽ വെള്ള തീരമുണ്ടായത്. എന്നെങ്കിലും ഹവായ്



പെൻഗ്വിൻ

സന്ദർശിക്കുകയാണെങ്കിൽ ആ പഞ്ചാരമണലിൽ കിടക്കുന്നതിനു മുമ്പ് ഇതെങ്ങനെയുണ്ടായി എന്ന് ഒന്നോർക്കണേ!


അന്റാർട്ടിക്കയിൽ ചെന്നാൽ പെൻഗ്വിനുകളെ കാണാൻ വല്ലാണ്ട് അടുത്തുപോകരുത്. ഒരു അഞ്ചാറടി അകലെവേണം നിൽക്കാൻ. പെൻഗ്വിൻ മഞ്ഞുമാതിരി വെളുവെളുപ്പനല്ലേ. ദേഹം നല്ല വെടിപ്പാക്കി നിർത്താൻ പെൻഗ്വിൻ പറ്റത്തിന്റെ കയ്യിലൊരു വിദ്യയുണ്ട്. കഴുകന്മാരെ

മാതിരി സ്വന്തം വിസർജ്ജ്യത്തെ കാലിലേക്ക് ഒഴുക്കിവിടുകയല്ല, നാലടി ദൂരത്തേക്ക് ചീറ്റി തെറിപ്പിക്കലാണ് ഇവറ്റകളുടെ ശീലം. അതു തൂവലിലൊന്നും പറ്റരുത്. പിങ്കു നിറത്തിലെ കൊഞ്ചുവർഗജീവികളെ ആഹരിക്കുന്ന പെൻ ഗ്വിനുകളുടെ കാഷ്ഠത്തിനും നിറം പിങ്കാണ്. പിങ്കുനിറത്തിലെ കാഷ്ഠക്കൂന കാരണം പെൻ ഗ്വിനുകളുടെ ഒരു വൻസംഘം വസിക്കുന്ന ഇടം എളുപ്പത്തിൽ കണ്ടെത്തുവാൻ സാധിക്കും.

സ്കാറ്റോലജി (Scatology) അഥവാ കോപ്രോ ളജി (Coprology) എന്നാൽ ജീവികളുടെ കാഷ്ഠ ത്തിനെ കുറിച്ചു പഠിക്കുന്ന ശാസ്ത്രശാഖയാണ് എന്നു മനസ്സിലാക്കുക. കാഷ്ഠത്തിനെ നിരീക്ഷി ച്ചിട്ടാണ് വനത്തിനുള്ളിൽ വിവിധതരത്തിലുള്ള ജന്തുക്കളുടെ സാന്നിധ്യം മനസ്സിലാക്കുന്നത്.

ചില സൂത്രക്കാരന്മാരായ പുഴുക്കളുണ്ട്. പക്ഷികളുടെ തീറ്റയാവാതിരിക്കാൻ അവ ചില ഒളികളികൾ നടത്താറുണ്ട്. കിളികളുടെ കാഷ്ഠ ത്തിന്റെ രൂപഭാവങ്ങൾ സ്വീകരിച്ച് വൃത്തികെട്ട രീതിയിൽ ഈ പുഴുക്കൾ പെരുമാറും. അയ്യേ! ഇതാരു തിന്നുമെന്നു പറഞ്ഞ് പക്ഷികൾ ആ ഭാഗത്തേക്ക് നോക്കുക കൂടിയില്ല.

നമ്മുടെ മുഖത്തും തൊലിപ്പുറത്തുമൊക്കെ വസിക്കുന്ന ഡെമോഡെക്സ് (Demodex) എന്ന സൂക്ഷ്മജീവികൾ കാഷ്ഠിക്കുന്നതേയില്ല. എന്തൊരു ഭാഗ്യമല്ലേ! ഇവർക്ക് വിസർജ്ജന ദ്വാരമില്ല. ആമാശയം തന്നെയൊരു പത്തായ മാണ്. അവ ചത്തുകഴിയുമ്പോൾ ദഹിക്കാത്ത വസ്തു നശിച്ചുപോകും.



ഡെമോഡെക്സ്

ഇനി കാപ്പികുടിക്കുന്നതു സങ്കല്പിക്കുക. കാപ്പി യെ ആസ്വാദ്യമാക്കുന്നത് രുചിക്കൊപ്പം മണവും ചേർന്നാണ്. അതായത് നാക്കിനും മൂക്കിനും സുപ്രധാന പങ്കുണ്ടെന്നു സാരം. കോപി ലുവേക്ക് (Kopi Luwak) ഇന്തോനേഷ്യയിലെ സുപ്രസിദ്ധ മായ കാപ്പിയാണ്. ഇതൊരു വെരുക് നിർമ്മിത കാപ്പിയാണ് എന്നു പറയാം. ഇന്തോനേഷ്യൻ വെരുകുകൾ കാപ്പിക്കുരു ശാപ്പിടും. ഒന്നുരണ്ടു ദിനങ്ങൾ കഴിഞ്ഞ് ഈ കുരുമാത്രം പുറത്തു വരും. അതിനെ പെറുക്കി പൊടിച്ചാണ് ഈ അതീവവിലയുള്ള സിവെറ്റ്കോഫിയുണ്ടാക്കു ന്നത്. എങ്ങനെയുണ്ട് നാക്കും മൂക്കും ചെയ്യുന്ന പരിപാടികൾ. അതിന്റെ അന്ത്യവും?




# മാതൃക

എം കൃഷ്ണദാസ്

സ്കൂൾ വിടുന്ന നേരത്ത് റോഡൊരു പുഴയാവും. കളിച്ചുചിരിച്ച് കുട്ടികൾ, കുത്തിമറിഞ്ഞൊഴുകുന്ന ഒരു സന്തോഷപ്പുഴ. അതിനെ വകഞ്ഞുമാറ്റിക്കൊണ്ടാണ് ചന്ദ്രൻമാഷ് തന്റെ കറുത്ത കൈബാഗും പിടിച്ചുകൊണ്ട് ഓളമൊന്നുമുണ്ടാക്കാതെ നടന്നിരുന്നത്. ഹെഡ്മാസ്റ്റർ കണ്ടാൽ, കുട്ടികൾ പോയതിനുശേഷം പോയാൽ മതിയെന്നു പറഞ്ഞാലോയെന്നു കരുതി, തലതാഴ്ത്തിയാണ് മാഷ് നടന്നിരുന്നത്. കുഞ്ഞുകുട്ടികൾക്കിടയിലൂടെ തല താഴ്ത്തി നടന്നാലും മാഷ്ടെ ശരീരം ഹിമാലയം പോലെ ഉയർന്നു കാണാമായിരുന്നു.

ആരും കാണാതിരിക്കാൻ കുട്ടികൾക്കിടയിലൂടെ തല താഴ്ത്തി നടക്കുന്നതിനിടയിലാണ് മാഷ്, കുട്ടികളുടെ കാലടികൾക്കിടയിലായി സ്വർണനിറത്തിൽ തിളങ്ങുന്ന, അമൂല്യമായ ഒരു വസ്തുവിനെ കണ്ടെടുത്തത്. സ്കൂളിൽ നിന്നും പുറഞ്ഞാടിയ സന്തോഷത്തിൽ, വീട്ടിലെത്താനുള്ള തിരക്കിനിടയിൽ, കുട്ടികളാരും ആ തിളക്കത്തേയും കണ്ടില്ല. മാഷത് കുമ്പിട്ടെടുക്കുന്നതും കണ്ടില്ല. ആരാനും കാണുന്നുണ്ടോ എന്ന വിചാരത്തോടെ മാഷത് സ്വന്തം കൈബാഗിന്റെ മുന്നറയിൽ അരുമയോടെ ഒളിപ്പിച്ചുവെച്ച്, ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ എന്ന മട്ടിൽ അല്പം തലയുയർത്തി പുഴയിലൂടെ ഒഴുകി.

പലവഴിക്കായി കുട്ടികൾ ചിരിച്ചുകളിച്ച് ഒഴുകിപ്പോയ ശേഷം, മാഷ് സ്വന്തം വീട്ടിലേക്കുള്ള ഇടവഴിയിൽ ഒറ്റയ്ക്കായ നേരത്താണ്, അതുവരെ മനസ്സിലൊതുക്കിവെച്ച ആഹ്ലാദത്തോടെ കൈബാ



വര : എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

**വീട്ടിലെത്തി, വസ്ത്രം മാറ്റിവന്ന് കാപ്പികുടിക്കുമ്പോഴും പതിവുപോലെ പത്രമെടുത്ത് നിവർത്തിയപ്പോഴും പേന തുറന്ന്, എഴുതാനാണ് മാഷ് ഇഷ്ടപ്പെട്ടത്. എത്രയോ കാലമായി, ആഗ്രഹിച്ചത് കൈവന്ന ആനന്ദത്തിൽ ആദ്യം സ്വന്തം ഒപ്പ് പല തവണയിട്ടു.**

ഗിലെ മുന്നറയിൽനിന്നും ആ സ്വർണ്ണത്തിളക്കത്തെ പുറത്തെടുത്തത്.

ചന്ദ്രൻമാഷ്, ആരെങ്കിലും കണുന്നുണ്ടോയെന്ന് ചുറ്റും വീണ്ടും വീണ്ടും നോക്കിക്കൊണ്ടാണ് അത് എടുത്തത്.

തിളങ്ങുന്ന സ്വർണ്ണക്യാപ്പും അടിയിൽ സ്വർണത്തളയുമുള്ള ആ കറുത്ത ഹീറോപ്പേന, പെരുകുന്ന സന്തോഷത്തോടെ അരുമയായി മാഷ് ഉള്ളംകൈയിൽ വെച്ചു.

കുട്ടിക്കാലത്ത്, ഇങ്ങനെയൊന്ന് കിട്ടാൻ എത്ര മോഹിച്ചതാണ്. എത്രയെത്ര ആശിച്ചതാണ് അങ്ങനെയൊരു പേനകൊണ്ടെഴുതാൻ. വാങ്ങിയിട്ട്, അധികം ദിവസമാവാത്ത, തിളക്കമൊട്ടും മങ്ങാത്ത, ലീക്കേതുമില്ലാത്ത ആ ഹീറോപ്പേന, ഇനിയാരേയും പേടിക്കാനില്ലല്ലോ എന്ന വിചാരത്തോടെ, പോക്കറ്റിലുണ്ടായിരുന്ന മഷി തീരാറായ ബോൾപേന ബാഗിലേക്ക് മാറ്റി മാഷ്, പോക്കറ്റിൽ അന്തസ്സോടെ വെച്ചു. മൊബൈലെടുത്ത് ഫ്രണ്ട് ക്യാമറ ഓൺചെയ്ത് മാഷ് സ്വന്തം മുഖത്തേക്കാൾ പോക്കറ്റിലിരിക്കുന്ന പെന്നിന്റെ കുലീനത്വമാണ് ദർശിച്ചത്.



വീട്ടിലെത്തി, വസ്ത്രം മാറ്റിവന്ന് കാപ്പികുടിക്കുമ്പോഴും പതിവുപോലെ പത്രമെടുത്ത് നിവർത്തിയപ്പോഴും പേന തുറന്ന്, എഴുതാനാണ് മാഷ് ഇഷ്ടപ്പെട്ടത്. എത്രയോ കാലമായി, ആഗ്രഹിച്ചത് കൈവന്ന ആനന്ദത്തിൽ ആദ്യം സ്വന്തം ഒപ്പ് പലതവണയിട്ടു. പിന്നെ, എന്നും ചുണ്ടിൽ കൊണ്ടുനടക്കുന്ന 'ആയിരം പാദസരങ്ങൾ കിലുങ്ങി ആലുവാപ്പുഴ പിന്നെയുമൊഴുകി...' എന്ന വരികൾ എഴുതി. അങ്ങനെ, അന്ന് മറ്റൊന്നിനും നിൽക്കാതെ മാഷ്, ആ പേന കൊണ്ട് എഴുതിക്കൊണ്ടിരുന്നു. പിറ്റേന്ന്, സ്കൂളിലേക്കിറങ്ങുമ്പോഴാണ് മാഷ് ആകെ വിഷമത്തിലായത്. പേനയുമായി സ്കൂളിലേക്ക് പോയാൽ, അത് നഷ്ടപ്പെട്ടവൻ അന്വേഷിച്ച് വരുമ്പോൾ അത് തിരികെ കൊടുക്കേണ്ടി വരും. വയ്യാ, ആശിച്ച് മോഹിച്ച് കിട്ടിയ ആ അമൂല്യവസ്തു തിരികെക്കൊടുക്കാൻ മാഷ് ഇഷ്ടപ്പെട്ടില്ല.

അഭിമാനത്തോടെ സ്വന്തം ഡയറിയുടെ മുകളിൽ ആ പേന വെച്ച്, സാധാരണപോലെ ബോൾപ്പേന പോക്കറ്റിൽ തിരുകി സ്കൂളിലേക്ക് പുറപ്പെട്ടു.

പുറത്തേക്കിറങ്ങുമ്പോൾ മാഷ്, തിരിഞ്ഞുനിന്ന് മനസ്സിൽ വിചാരിച്ചു:

'വിഷമിക്കേണ്ട, വൈകുന്നേരം നേരത്തെ വരാട്ടോ...'

ഹീറോപ്പേന, ഒപ്പം കൊണ്ടുവരാൻ പറ്റാത്തതിലുള്ള വിഷമത്തോടെ സ്കൂളിലെത്തിയ മാഷ്, ഒപ്പിടാൻവേണ്ടി ഓഫീസിലേക്ക് കയറാൻ തുടങ്ങുമ്പോഴാണ് ആ കരച്ചിലും പറച്ചിലും കേട്ടത്:

"ആ പേനയില്ലാതെ എനിക്ക് ഇന്ന് വീട്ടിലേക്ക് പോവാനാവില്ലാ..."

ഫസ്റ്റ്ബെല്ലടിക്കുന്നതിനു മുൻപുതന്നെ ആരാണ് കേസുമായി ഹെഡ്മാസ്റ്ററുടടുത്തെത്തിയതെന്നാലോചിച്ച്,

ഇപ്പോൾ ഒപ്പിടാൻ കയറണോ വേണ്ടയോ എന്ന് സംശയിച്ച് ചന്ദ്രൻ മാഷ് വരാന്തയിൽ നിന്നു.

ഹെഡ്മാസ്റ്റർ, അലീനയുമായി പുറത്തേക്കിറങ്ങുമ്പോഴും അവൾ കരയുക തന്നെയായിരുന്നു:

“തൊഴിലുറപ്പിന്റെ പൈസ കിട്ടിയപ്പോൾ അമ്മ വാങ്ങിത്തന്നതാണ് സാർ, ആ പേന...” പറഞ്ഞത് മുഴുവനാക്കാനാവാതെ അവൾ കരച്ചിലിൽ മുങ്ങി.

“ചന്ദൻ മാഷേ, അലീനയുടെ ഹീറോപ്പേന പോയത്രെ, ഒന്നു തിരഞ്ഞു നോക്കാം വരിൻ...”

“മോളുടെ പേന എവിടെയാണ് പോയത്...” ഒന്നുമറിയാത്ത പോലെ ചന്ദ്രൻ മാഷ് ചോദിച്ചു.

“ന്നലെ സ്കൂള് വിട്ട നേരത്തുണ്ടായിരുന്നു സാർ, വീട്ടിലെത്തിയപ്പോഴില്ല...” മുഴുവൻ പറയാനാവാതെ അവൾ

**ആദ്യം അവളുടെ ക്ലാസിലും വരാന്തയിലും ചവിട്ടുപടിയിലും മുറ്റത്തും മൂത്രപ്പുരയിലും നടവഴിയിലും ഗ്രൗണ്ടിലും ഗേറ്റിലും അലിനയോടൊപ്പം ഹെഡ്മാസ്റ്ററും ചന്ദ്രന്മാഷും ചേർന്ന് ഹിറോപ്പേന തിരഞ്ഞു നടന്നു. തിരച്ചിലിനിടയിലെല്ലാം കരച്ചിൽ തോരാതെ തുടർന്നുകൊണ്ടിരുന്നു.**

തേങ്ങിക്കരഞ്ഞു.

“വാ നമുക്ക് തിരഞ്ഞ് നോക്കാം...” മാഷും അവരുടെ കൂടെക്കൂടി.

ആദ്യം അവളുടെ ക്ലാസിലും വരാന്തയിലും ചവിട്ടുപടിയിലും മുറ്റത്തും മൂത്രപ്പുരയിലും നടവഴിയിലും ഗ്രൗണ്ടിലും ഗേറ്റിലും അലിനയോടൊപ്പം ഹെഡ്മാസ്റ്ററും ചന്ദ്രന്മാഷും ചേർന്ന് ഹിറോപ്പേന തിരഞ്ഞു നടന്നു. തിരച്ചിലിനിടയിലെല്ലാം കരച്ചിൽ തോരാതെ തുടർന്നുകൊണ്ടിരുന്നു.

“യ്ക്കിനി മറ്റൊന്നും ഇക്കൊല്ലാം വാങ്ങിത്തരേണ്ടാ പറഞ്ഞിട്ട് വാങ്ങിത്തന്നതാ സാറേ അത്...”

സ്കൂളിലേക്കു വന്നുകൊണ്ടിരുന്ന കുട്ടികളും വിവരമറിഞ്ഞ് അവരോടൊപ്പം തിരയാൻ തുടങ്ങി. സ്കൂളിലെ എല്ലാവർക്കും അലീനയോട് അത്ര ഇഷ്ടമാണ്. അവൾ നന്നായി ചിത്രംവരക്കും, പാട്ടു പാടും, നൃത്തം ചെയ്യും. അവളുടെ പേന, ആരും എടുക്കില്ല. സ്കൂളു മുഴുവൻ ഫസ്റ്റ്ബെല്ലടിക്കാൻ മറന്നങ്ങനെ തിരഞ്ഞുനടക്കുന്നതിനിടയിൽ, അലീനയുടെ തീരാത്ത കരച്ചിലിനിടയിൽ ചന്ദ്രൻമാഷ് പ്രഖ്യാപിച്ചു:

“അലീനക്കൊരു ഹീറോപ്പേന ഞാൻ വാങ്ങിക്കൊടുക്കാം...”





**കോട്ടയം ജില്ലയിലെ തളിര് സ്കോളർഷിപ്പ് വിതരണം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ശ്രീ പോൾ മണലിൽ നിർവഹിക്കുന്നു.**

# മിന്നാമിന്നി തേടുന്നതെന്തോ?

സാഗാ ജെയിംസ്

വര: സചീന്ദ്രൻ കാറഡുക്ക

മിന്നുന്ന മിന്നാമിന്നീ
തേടുന്നതെന്തേ നീയും
ദൂരേക്കു മാഞ്ഞു പോയ
സന്ധ്യതൻ സിന്ദൂരമോ?

ഓതിടാം നിന്നോട് ഞാൻ
ചങ്ങാതീ നൊന്തീടല്ലേ
സിന്ദൂരമലിഞ്ഞത്രേ
രാവിന്റെ മാറിൽ മെല്ലെ.

കാറ്റൊന്നൊളിഞ്ഞു നോക്കി
നാണിച്ചു ചിരിക്കവേ
ചെമ്പകപ്പൂമണത്തിൽ
നിലാവലിഞ്ഞു ചെമ്മേ.

മുല്ലകൾ വെണ്മയോലും
മെത്തയൊന്നൊരുക്കവേ
നീഹാരമലുക്കുകൾ
തുന്നിപ്പിടിപ്പിച്ചതിൽ.

രാക്കുയിൽ മൂളിടുമ്പോൾ
രാവേറെയായെന്നല്ലേ
പുലരാറാകും മുന്നേ
കൂടണഞ്ഞോളൂ സഖീ.





Author - Aaaaaaaaaa



# യാക്ക്: മലയോര ജനതയുടെ സഹചാരികൾ

റഫീഖ് പുതുപൊന്നാനി

**ഹിമാലയ മലനിരകളിലെ ഉയർന്ന പ്രദേശങ്ങളിൽ കാണപ്പെടുന്ന കാലിവർഗത്തിൽപ്പെടുന്ന ഒരു ജീവിയാണ് യാക്ക്. തണുപ്പുള്ള പ്രദേശങ്ങളിൽ മാത്രം വളരുന്ന യാക്കുകൾക്ക് ടിബറ്റൻ ജനതയിൽ വലിയ സ്ഥാനമാണുള്ളത്. മലയോരജനതയുടെ ഉപജീവനവുമായി വളരെ ബന്ധപ്പെട്ട ജീവിയാണിത്.**

യാക്ക് എന്ന ഒരു ജീവിയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. നീണ്ട മുടിയും നീളമുള്ള കൊമ്പുമുള്ള ജീവി. രൂപത്തിൽ കാളയെപ്പോലെ തോന്നിക്കും. ഏകദേശം 6 അടി വരെയാണ് നീളം.

ഹിമാലയ മലനിരകളിലെ ഉയർന്ന പ്രദേശങ്ങളിൽ കാണപ്പെടുന്ന കാലിവർഗത്തിൽപ്പെടുന്ന ഒരു ജീവിയാണ് യാക്ക്. ഹിമാലയൻ മേഖലയ്ക്കു പുറമേ ടിബറ്റൻ പീഠഭൂമി, റഷ്യ, മംഗോളിയ എന്നിവിടങ്ങളിലും യാക്കുകളെ കണ്ടുവരുന്നു.

## ടിബറ്റിലെ പശുവും ആനയും

തണുപ്പുള്ള പ്രദേശങ്ങളിൽ മാത്രം വളരുന്ന യാക്കുകൾക്ക് ടിബറ്റൻ ജനതയിൽ വലിയ സ്ഥാനമാണുള്ളത്.

പല കാര്യങ്ങളിലും നമ്മുടെ നാട്ടിൽ പശുവിനെപ്പോലെയാണ് അവർക്ക് യാക്ക്. മലയോരജനതയുടെ ഉപജീവനവുമായി വളരെ ബന്ധപ്പെട്ട ജീവിയാണിത്. നമ്മുടെ നാട്ടിൽ ആനകളെ നിർത്തുന്നതുപോലെ അവരുടെ ഉത്സവങ്ങളിൽ യാക്കുകളെയാണ് അണിയിച്ചൊരുക്കി നിർത്താറുള്ളത്.

## പേരിന്റെ പൊരുൾ

ബോസ് ഗ്രണ്ണിയെൻസ് (Bos grunniens) എന്നാണ് യാക്കിന്റെ ശാസ്ത്രീയനാമം. ചമരിക്കാള, മലങ്കാള തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നതും യാക്ക് തന്നെ. യാക്ക് ഒരു ഇംഗ്ലീഷ് വാക്കാണ്. മിക്കവാറും മറ്റെല്ലാ ഭാഷകളും യാക്ക് എന്ന പേര്

തന്നെ കടമെടുത്തു. ടിബറ്റൻ ഭാഷയിലെ ഗ്യാഗ് എന്ന പേരിൽ നിന്നാണ് യാക്ക് എന്ന പേരിന്റെ ഉത്പത്തി. എന്നാൽ രസകരമായ കാര്യം, ടിബറ്റൻ ഭാഷയിൽ ഇത് ആൺവർഗത്തിലെ ജീവികളെ വിളിക്കുന്ന പേരാണ്. പെൺ വർഗത്തെ വിളിക്കുന്നത് ഡ്രി അല്ലെങ്കിൽ നാക് എന്നാണ്. ഇംഗ്ലീഷിലാകട്ടെ ആണിനും പെണ്ണിനും യാക്ക് എന്ന വാക്കു തന്നെയാണ് ഉപയോഗിക്കുന്നത്.

എരുമകളേയും പശുക്കളേയുമൊക്കെ വളർത്തുന്നതുപോലെയാണ് യാക്കുകളേയും വളർത്തുന്നത്. പാലിനും ഇറച്ചിക്കും കൃഷിക്കും യാത്ര ചെയ്യാനുമാണ് ഇവയെ ഉപയോഗിക്കുന്നത്. മരങ്ങൾ വളരെ കുറവുള്ള ടിബറ്റിലും മറ്റും യാക്കുകളുടെ ചാണകമാണ് പ്രധാന ഇന്ധനം. നിലം ഉഴുതുന്നതിനും ഭാരം വഹിക്കുന്നതിനും നന്നായി ഉപയോഗപ്പെടുത്തുന്നു.

## പാലിനും ഇറച്ചിക്കും

യാക്കിന്റെ പാൽ പോഷകസമൃദ്ധമാണ്. വെണ്ണ ഉപയോഗിച്ചുള്ള പലതരം വിഭവങ്ങളും ഹിമാലയൻ മേഖലയിൽ സുലഭമാണ്. പർവ്വതങ്ങളിൽ ജീവിക്കാൻ അനുയോജ്യമായ കട്ടിയും നീളവും കൂടിയ രോമങ്ങൾ യാക്കുകൾക്കുണ്ട്.

വംശനാശ ഭീഷണിയുടെ നിഴലിൽ പർവ്വത പ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യർ ഇവയെ വളർത്തുക മാത്രമല്ല പാലിനും തുകലിനും ഇറച്ചിക്കും കമ്പിളിക്കുമായി കാട്ടിൽ വസിക്കുന്ന യാക്കുകളെ വേട്ടയാടുകയും ചെയ്യുന്നു. ഇത് വംശനാശത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

കാട്ടിൽ ജീവിക്കുന്ന യാക്കുകൾ വേനൽക്കാലങ്ങളിൽ സമുദ്രനിരപ്പിൽ നിന്ന് 6,000 മീറ്റർ ഉയരത്തിലുള്ള മലനിരകളിലാണ് താമസിക്കുന്നത്. തണുപ്പുകാലത്ത് യാക്കുകൾ കൂട്ടം കൂട്ടമായി താഴ്‌വാരങ്ങളിലെ തടാകങ്ങളിൽ വന്ന് പാർക്കുകയും ചെയ്യും.

യാക്കുകളുടെ എണ്ണത്തിൽ കുറവ് വന്നതോടെ 1990 മുതൽ ഇവയെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇറച്ചിക്കായി വേട്ടയാടുന്ന ചെന്നായ്ക്കളാണ് ഇവയുടെ മറ്റൊരു പ്രധാന എതിരാളി.

## യാക്ക് സഫാരി

യാക്കുകളെ വളർത്തുന്ന ജമ്മു കാശ്മീർ, ഹിമാചൽപ്രദേശ്, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങളിലെ ഒരു പ്രധാനപ്പെട്ട വിനോദമാണ് യാക്ക് സഫാരി. ഒട്ടകപ്പുറത്തും കുതിരപ്പുറത്തുമൊക്കെ കയറിപ്പോകുന്നതുപോലെ യാക്കുകളുടെ പുറത്ത് കയറി യാത്രചെയ്യുന്ന യാക്ക് സഫാരിക്കായി നിരവധി സഞ്ചാരികൾ അവിടങ്ങളിലെത്താറുണ്ട്.

യാക്ക് സഫാരിക്ക് പേരുകേട്ട സ്ഥലമാണ് ലഡാക്ക്. ലഡാക്കിലെ സുന്ദരമായ തടാകങ്ങളും പുൽമേടുകളുമൊക്കെ ആസ്വദിച്ചു കൊണ്ടുള്ള സഫാരി യാത്രക്കാർക്ക് മറക്കാനാവത്ത അനുഭവം സമ്മാനിക്കും. കുളുവും കുഫ്രിയുമാണ് ഹിമാചൽപ്രദേശിൽ യാക്ക് സഫാരിക്ക് പേരുകേട്ട സ്ഥലങ്ങൾ. യാക്ക് റേസിംഗ് ടിബറ്റൻ ജനതയുടെ സംസ്കാരത്തിന്റെ ഭാഗമാണ്. സഞ്ചാരികളെ ആകർഷിക്കാൻ യാക്ക് സ്കീയിംഗ്, യാക്ക് പോളോ എന്നീ വിനോദങ്ങളും അവർ നടത്താറുണ്ട്.







# അധിക അരമണിക്കൂർ പരിശീലനം ഗോപീചന്ദിനെ സൂപ്പർതാരമാക്കി

**സനിൽ പി തോമസ്**

**ആന്ധ്രയിലെ പ്രകാശം ജില്ലയിലെ നാഗന്തലയിൽ 1973 നവംബർ 11 നാണ് ഗോപീചന്ദിന്റെ ജനനം. പതിനൊന്നു വയസ്സു കഴിഞ്ഞപ്പോൾ ബാഡ്മിന്റൻ പരിശീലനം തുടങ്ങിയ ഗോപീചന്ദ് പ്രകാശ് പദുക്കോണിനുശേഷം ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൻ ചാമ്പ്യനായ ആദ്യ ഇന്ത്യക്കാരനായി.**

പ്രകാശ് പദുക്കോണിനു ശേഷം ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൻ ചാമ്പ്യനായ ആദ്യ ഇന്ത്യക്കാരൻ. പക്ഷേ, പുല്ലേല ഗോപീചന്ദ് ഇന്ന് കൂടുതൽ അറിയപ്പെടുന്നത് പരിശീലകൻ എന്ന നിലയിലാണ്. സൈനയെയും സിന്ധുവിനെയും കാശ്യപിനെയും ശ്രീകാന്തിനെയുമൊക്കെ ലോകോത്തര താരമാക്കി വളർത്തിയ പരിശീലകൻ. ഗോപീചന്ദ് ഓൾ ഇംഗ്ലണ്ട് ചാമ്പ്യനായപ്പോൾ ഒരു ലേഖകൻ എഴുതി, ആദ്യം റാക്കറ്റ് കൈയിലെടുത്തപ്പോൾ തന്നെ താൻ ഒരിക്കൽ ഈ നേട്ടം കൈവരിക്കുമെന്ന് ഗോപീചന്ദിന് അറിയാമായിരുന്നെന്ന്. എന്നാൽ അക്കാലത്ത് ഹൈദരാബാദിലെ ബാഡ്മിന്റൻ കളിക്കാരുടെ പരമാവധി ലക്ഷ്യം സംസ്ഥാന കിരീടം മാത്രമായിരുന്നു. താനൊന്നും ബാല്യത്തിൽ ഓൾ ഇംഗ്ലണ്ട് ചാമ്പ്യൻഷിപ്പിനെക്കുറിച്ചു കേട്ടിട്ടുപോലുമില്ലായിരുന്നു. ഗോപീചന്ദ് വിശദീകരിച്ചു.

അത്തരമൊരു സാഹചര്യത്തിൽ നിന്നാണ് ഗോപീചന്ദ് ബാഡ്മിന്റനിൽ ലോകം അംഗീകരിച്ച താരമായി വളർന്നത്. 1973 നവംബർ 11 നാണ് സുഭാഷ് ചന്ദ്രയുടെയും സുബ്ബരാവമ്മയുടെയും പുത്രനായി ഗോപീചന്ദ് പിറന്നത്. നാട്ടിൽ കുട്ടികൾക്കെല്ലാം അന്നു ക്രിക്കറ്റിലായിരുന്നു താത്പര്യം. ഗോപിയും ക്രിക്കറ്റ് കളിച്ചു. അച്ഛനാണ് ക്രിക്കറ്റുകളിയിൽ നിന്നു പിൻതിരിപ്പിച്ചത്. രണ്ടുകാരണങ്ങൾ ഉണ്ട്- ഒന്ന്, പൊരിവെയിലത്ത് ക്രിക്കറ്റ് കളിച്ച് ഗോപിക്കു സൂര്യതാപമേൽക്കുന്നതു പതിവായിരുന്നു. രണ്ടാമത്, ക്രിക്കറ്റ് കളിച്ച് വീടിനുചുറ്റിനുമുള്ള ജനൽ ചില്ലുകൾ തകർക്കുന്നതും നിത്യസംഭവമായിരുന്നു.

മാതാപിതാക്കൾ ഗോപിയെ ടെന്നിസ് കളിക്കാരനാക്കാനാണ് ആദ്യം ശ്രമിച്ചത്. പക്ഷേ, ടെന്നിസ് പരിശീലിക്കുന്നവരെല്ലാം ധനികരായിരുന്നു. പരിശീലനകേന്ദ്രത്തിന്റെ പാർക്കിങ് മേഖലയിൽ മുന്തിയ കാറുകളുടെ നിരതന്നെ കാണാമായിരുന്നു. അതുകൊണ്ട് ബാഡ്മിന്റനിലേക്കു മാറ്റി. ബാഡ്മിന്റൻ

പരിശീലിക്കുന്നിടത്തെ പാർക്കിങ് മേഖല ശൂന്യമായിരുന്നു. എല്ലാം സാധാരണക്കാർ.

ടെന്നിസെന്നോ ബാഡ്മിന്റനെന്നോ ഗോപി ചിന്തിച്ചില്ല. എന്തെങ്കിലും കളിക്കണം, അത്രമാത്രം. ഗോപിയുടെ ജ്യേഷ്ഠൻ രാജശേഖർ, ബാഡ്മിന്റൻ കളിക്കാരനായിരുന്നു. സംസ്ഥാന അണ്ടർ 15 ചാമ്പ്യനായിരുന്നു. ജ്യേഷ്ഠൻ പരിശീലനം തുടങ്ങി ഏതാനും മാസം കഴിഞ്ഞ് ഗോപിയും നാലുസുഹൃത്തുക്കളും പരിശീലനത്തിന് എത്തി. ആന്ധ്രയിലെ പ്രകാശം ജില്ലയിലെ നാഗന്തലയിലാണ് ഗോപീചന്ദ് ജനിച്ചത്. സെന്റ് പോൾസ് ഹൈസ്കൂളിലും എ. വി. കോളജിലും പഠിച്ചു.

പതിനൊന്നു വയസ്സു കഴിഞ്ഞപ്പോഴാണ് ബാഡ്മിന്റൻ പരിശീലനം തുടങ്ങുന്നത്. അമ്മയ്ക്ക് ഗോപിയെ പട്ടാളത്തിൽ ചേർക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ജ്യേഷ്ഠൻ പഠിക്കാനും മിടുക്കനായിരുന്നു. അഖിലേന്ത്യാതലത്തിൽ 101–ാം റാങ്കോടെ ജ്യേഷ്ഠൻ ഐ. ഐ. ടി. യിൽ അഡ്മിഷൻ വാങ്ങി. അടുത്തവർഷം ഗോപി സംസ്ഥാന എഞ്ചിനീയറിങ് പ്രവേശന പരീക്ഷ എഴുതിയപ്പോൾ കുറഞ്ഞ യോഗ്യതയായ 45 മാർക്കുപോലും കിട്ടിയില്ല. പക്ഷേ, സ്പോർട്സ് ക്വാട്ടയിൽ അവസരമുണ്ടായിരുന്നു. അതിനുപോകാതെ ബിരുദത്തിനു ചേർന്നു.





ഇതിനിടെ സയ്യിദ് മുഹമ്മദ് ആരിഫ് ഗോപീചന്ദിലെ ബാഡ്മിന്റൻ പ്രതിഭയെ തിരിച്ചറിഞ്ഞിരുന്നു. പിന്നീട് ബെംഗമുരു പദുകോൺ അക്കാദമിയിൽ പ്രകാശ് പദുകോണിന്റെ ശിക്ഷണം. 1991 ൽ മലേഷ്യയിൽ ഇന്ത്യൻ നിരയിൽ അരങ്ങേറുമ്പോൾ ടീമിലെ ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനായിരുന്നു. അവിടെ ആദ്യ ദിവസം തന്നെ ഇന്ത്യാക്കാർ പുറത്തായി. അന്ന് ഗോപീചന്ദ് ഉറക്കെപ്പറഞ്ഞു, ''ഈ ചൈനക്കാരെ ഒരിക്കൽ ഞാൻ പരാജയപ്പെടുത്തും.'' എല്ലാവരും പയ്യനെ കളിയാക്കി. പക്ഷേ ആ വെല്ലുവിളി ഗോപീചന്ദ് പിന്നീട് യാഥാർഥ്യമാക്കി.

എല്ലാവരും പരിശീലിക്കുന്നതുപോലെ പരിശീലിച്ചിട്ടു കാര്യമില്ലെന്നു മനസ്സിലാക്കിയ ഗോപി കൗമാരപ്രായത്തിൽത്തന്നെ അരമണിക്കൂർ നേരത്തെയെത്തി പരിശീലനം തുടങ്ങുമായിരുന്നു. മറ്റുള്ളവർ അറിയാതെ വിയർത്തവേഷം മാറി പുതിയതു ധരിച്ച് മറ്റുള്ളവർക്കൊപ്പം നിശ്ചിതസമയത്ത് വീണ്ടും ഇറങ്ങും. ഈ അധിക അരമണിക്കൂറാണ് വളരുന്ന ഓരോ താരത്തിനും ആവശ്യമെന്ന് ഗോപീചന്ദ് വിശ്വസിക്കുന്നു. കോച്ചിന്റെ റോളിൽ തന്റെ അധിക അരമണിക്കൂർ പരിശീലനം സമ്മാനിച്ച നേട്ടം ശിഷ്യർക്കും പ്രയോജനപ്പെടണമെന്ന് ആഗ്രഹിക്കുന്നു. അതിന് അവർക്കായി നേരത്തെയെത്തും.

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

എല്ലാ ആൺകുട്ടികളുടെയും ജീവിതത്തിൽ നിധി അന്വേഷിച്ച് പോകാനുള്ള ഒരു ആഗ്രഹം എന്നെങ്കിലും ഒരുദിവസം ഉണ്ടാകാറുണ്ട്. അത്തരമൊരു മോഹം ടോമിനെയും ആവേശിച്ചു. ജോയ് ഹാർപ്പറും സെൻറോഗേഴ്സും ടോമിനൊപ്പം നിധി അന്വേഷിക്കാനുള്ള ക്ഷണം നിരസിച്ചു. ഹക്കിൾബെറിയോട് സൂചിപ്പിച്ച നിമിഷം അത്യുത്സാഹത്തോടെ അവൻ സമ്മതം മൂളി. അവന് വിനോദം നൽകുന്നതും മുടക്കുമുതൽ ആവശ്യമില്ലാത്തതും, കഠിനാധ്വാനം ഇല്ലാതെ ധാരാളം പണം ലഭിക്കുന്നതുമായ ഏതൊരു തൊഴിലിനും ഹക്ക് എന്നും തയ്യാറായിരുന്നു.

''എവിടെയാണ് നമ്മൾ കുഴിച്ചുനോക്കുന്നത്?''


''എവിടെ വേണമെങ്കിലും ആകാം. നിധി പലപ്പോഴും ഒരു ചെറിയ പേടകത്തിലാക്കി ഉണങ്ങിയ മരത്തിന്റെ തായ്തടിയുടെ കീഴിൽ കുഴിച്ചിട്ടിരിക്കും. ചിലപ്പോൾ ഒറ്റപ്പെട്ട ദ്വീപുകളിലാകാം. മരച്ചുവട്ടിൽ രാത്രിയിൽ നിഴൽ പതിക്കാത്ത സ്ഥലത്താണ് കുഴിച്ചുനോക്കേണ്ടത്. പ്രേതബാധയുള്ള പഴയ വീടുകളുടെ തറയിലും കുഴിച്ചിട്ടിട്ടുണ്ടാകാം.'' ടോം വിശദീകരിച്ചു.

''ആരാണ് അവയൊക്കെ ഒളിപ്പിച്ചുവയ്ക്കുന്നത്?''

''കൊള്ളക്കാർ. അല്ലാതെ ആരാണ് അങ്ങനെ ചെയ്യുന്നത്?''

''എനിക്കറിയില്ല. പക്ഷേ





വര: റോണി ദേവസ്യ

എന്റെ പണം ആയിരുന്നെങ്കിൽ ഞാൻ കുഴിച്ചിടില്ല. അത് ചിലവാക്കി ജീവിതം ആസ്വദിക്കും.''ഹക്ക് തന്റെ ഇഷ്ടം വെളിപ്പെടുത്തി.

''ഞാനും അങ്ങനെതന്നെ ചെയ്യുമായിരുന്നു. പക്ഷേ കൊള്ളക്കാർ ഒളിച്ചുവയ്ക്കും. പിന്നീട് എടുത്ത് ഉപയോഗിക്കാമെന്ന് കരുതും. കുറേനാളുകൾ കഴിയുമ്പോൾ കുഴിച്ചിട്ട സ്ഥലവും അടയാളവും അവർ മറക്കും; അല്ലെങ്കിൽ അവർ മരിച്ചുപോകും. പണം കണ്ടെത്താനായി അവർ വരച്ചിട്ട പടങ്ങളും വരകളും സൂചനകളും മുദ്രകളും അടങ്ങുന്ന ഒരു പഴയ മഞ്ഞക്കടലാസ് വളരെ നാളുകൾക്കുശേഷം ആർക്കെങ്കിലും കിട്ടും.''

''നിനക്കു കിട്ടിയിട്ടുണ്ടോ?''

''ഇല്ല. പക്ഷേ എനിക്കറിയാം. അതൊരു മരത്തിന് കീഴിലായിരിക്കും.''

''എല്ലാം കൂടി ഒരു മരത്തിന് കീഴിലായിരിക്കുമോ? ഏത് മരത്തിനു കീഴിലാണെന്ന് നമ്മൾ എങ്ങനെ അറിയും?''

''എല്ലാത്തിന്റെയും കീഴിൽ കുഴിച്ചുനോക്കണം.''

''ടോമേ... വേനൽക്കാലം മുഴുവൻ കുഴിക്കേണ്ടി വരും.''

''അതെ... ഒരു പിച്ചളക്കുടം നിറയെ നൂറ് ഡോളർ നോട്ടുകളും, അല്ലെങ്കിൽ ദ്രവിച്ച് തുടങ്ങിയ ഒരു ചെറിയ പെട്ടിയിൽ രത്നങ്ങളും കിട്ടിയാലോ?''

ഹക്കിന്റെ കണ്ണുകൾ തിളങ്ങി.

''കൊള്ളാം, നീ എനിക്ക് നൂറ് ഡോളർ നോട്ടുകൾ മാത്രം തന്നാൽ മതി. രത്നങ്ങൾ എനിക്കു വേണ്ട.''

''ആ കുന്നിന്റെ അങ്ങേ വശത്തുള്ള ആ വലിയ മരത്തിന്റെ ചുവട്ടിൽ കുഴിച്ചാലോ?''

**അവർ അന്നുരാത്രി കൃത്യസമയത്ത് അവിടെ എത്തി. അവർ മരത്തിനു കീഴിൽ കാത്തിരുന്നു. ഏകാന്തമായ ഒരു സ്ഥലം. മർമരം പൊഴിക്കുന്ന ഇലകൾക്കിടയിൽ പ്രേതങ്ങൾ പിറുപിറുത്തു. ആത്മാക്കൾ ഇരുണ്ടമൂലകളിൽ പതുങ്ങിയിരുന്നു.**

ഹക്ക് സമ്മതം മൂളി. അവർ ഒരു മൺവെട്ടിയും ഒരു വളഞ്ഞ തുരുമ്പിച്ച പിക്കാക്സും ആയി നടന്ന്, അവിടെ ചെന്നു. അവിടെ ഒരു എൽവ് മരത്തിന് ചുവട്ടിൽ ഇരുന്ന് ക്ഷീണം അകറ്റി.

പുകയും വലിച്ചുള്ള ആ ഇരുപ്പ് സുഖകരമാണെന്ന് അവർ പറഞ്ഞു.

''ഹക്കേ... ഇവിടെ ഒരു നിധി കണ്ടെടുത്താൽ നിന്റെ വീതം ഉപയോഗിച്ച് നീ എന്തു ചെയ്യും?''

''ഞാൻ എല്ലാദിവസവും ഒരു സോഡാ കുടിക്കുകയും ഒരു പൈ തിന്നുകയും ചെയ്യും. പിന്നെ ഇവിടെ വരുന്ന സകല സർക്കസ്സും കാണാൻ പോകും. അങ്ങനെ സുഖകരമായ ഒരു ജീവിതം.''

''നീ ഒന്നും സൂക്ഷിച്ചു വയ്ക്കുന്നില്ലേ?''

''സൂക്ഷിച്ച് വയ്ക്കുക! എന്തിന്?''

''നിനക്ക് പിന്നീടും ജീവിക്കണ്ടായോ?''

''പ്രയോജനമില്ല. എന്റെ പപ്പാ പട്ടണത്തിൽ എത്തിയാലുടനെ അത് മുഴുവൻ തീർക്കും. അതുകൊണ്ട് ഞാൻ വേഗം ചിലവഴിക്കുന്നതാണ് നല്ലത്. നീ എന്തു ചെയ്യും ടോം?''

''ഞാൻ ഒരു പുതിയ ഡ്രം വാങ്ങും, ഒരു വാളും, ഒരു ചുവന്ന ടൈയും വാങ്ങും. പിന്നീട് വിവാഹം കഴിക്കും.''

''വിവാഹം കഴിക്കുക?''

''ടോം നിനക്ക് ഭ്രാന്തുണ്ടോ?''

''നീ കാത്തിരുന്ന് കാണണം.''

''നിനക്ക് ചെയ്യാവുന്ന ഏറ്റവും വലിയ മണ്ടത്തരം. എന്നും വഴക്കടിക്കാം. അത്രമാത്രം.''

''ഞാൻ വിവാഹം കഴിക്കുന്ന പെൺകുട്ടി വഴക്കുണ്ടാക്കില്ല.''

''പെൺപിള്ളേരെല്ലാം ഒരുപോലെയാണ്. ആകട്ടെ എന്താ അവളുടെ പേര്?''

''പിന്നെപ്പറയാം.''

അവർ അരമണിക്കൂറോളം വിയർത്തുകുളിച്ച് അധ്വാനിച്ചു. ഒരു ഫലവുമുണ്ടായില്ല. അവർ മറ്റൊരു സ്ഥലത്ത് ആഴത്തിൽ കുഴിച്ചുനോക്കി. എന്നിട്ടും ഒന്നും കിട്ടിയില്ല. അവസാനം ഹക്ക്, മൺവെട്ടിയുടെ പിടിയിൽ ചാരിനിന്ന് നെറ്റിയിലെ വിയർപ്പ് തുടച്ചു.

''നമുക്ക് തെറ്റുപറ്റി. പാതിരാത്രിയിൽ മരക്കമ്പിന്റെ നിഴൽ വീഴുന്നത് എവിടെയാണെന്ന് കണ്ടുപിടിച്ച് അവിടെ കുഴിക്കണം.''

''രാത്രിയിൽ തിരികെ വരാം.''

''അല്ലെങ്കിൽ ഈ കുഴികൾ ആരെങ്കിലും കണ്ടാൽ അവർക്ക് സംശയം ഉണ്ടാകും.''

''നമ്മുടെ പണിയായുധങ്ങൾ കുറ്റിക്കാട്ടിൽ ഒളിച്ചുവയ്ക്കാം.''

അവർ അന്നുരാത്രി കൃത്യസമയത്ത് അവിടെ എത്തി. അവർ മരത്തിനു കീഴിൽ കാത്തിരുന്നു. ഏകാന്തമായ ഒരു സ്ഥലം. മർമരം പൊഴിക്കുന്ന ഇലകൾക്കിടയിൽ പ്രേതങ്ങൾ പിറുപിറുത്തു. ആത്മാക്കൾ ഇരുണ്ടമൂലകളിൽ പതുങ്ങിയിരുന്നു. അങ്ങ് ദൂരെനിന്ന് ഒരു കുറുക്കന്റെ ഓരിയിടൽ ശബ്ദം. ഒരു മൂങ്ങ തന്റെ മരണത്തിന്റെ

മുഴക്കമുള്ള ശബ്ദത്തിൽ മൂളി. ഗഹനമായ ആ അന്തരീക്ഷം അവരെ നിശ്ശബ്ദരാക്കി. ഒരുവിധത്തിൽ പന്ത്രണ്ടുമണി ആയെന്ന് അവർ കണക്കുകൂട്ടി.

നിഴൽ വീഴുന്ന സ്ഥലം അവർ അടയാളപ്പെടുത്തി. അവിടെ കുഴിക്കാൻ തുടങ്ങി. അവരുടെ പ്രതീക്ഷകളും മോഹങ്ങളും വളർന്നു. പക്ഷേ നിരാശമാത്രം ഫലം.

''നമുക്ക് സ്ഥലം തെറ്റിക്കാണും. അല്ലെങ്കിൽ സമയം കണക്കുകൂട്ടിയത് തെറ്റിക്കാണും.''

ഹക്ക് തന്റെ മൺവെട്ടി താഴെ ഇട്ടു.

''ശരിയായ സമയം നമുക്ക് കണ്ടുപിടിക്കാനാകില്ല. മന്ത്രവാദികളും പ്രേതങ്ങളും സഞ്ചരിക്കുന്ന സമയമാണ്. ഇവിടെ വന്നതു മുതൽ എന്റെ പിന്നിലാരോ ഉണ്ടെന്ന് ഒരു തോന്നൽ.''

ഹക്ക് തന്റെ ഭയം വെളിപ്പെടുത്തി.

''എനിക്കും അങ്ങനെ തോന്നുന്നു. ഹക്കേ അവർ മരത്തിന്റെ കീഴിൽ നിധി കുഴിച്ചിടുമ്പോൾ അവർ ഒരു മരിച്ച മനുഷ്യനെയും അവിടെ കുഴിച്ചിടാറുണ്ട്.''

''ടോമേ, മരിച്ചവർക്ക് ചുറ്റും നടക്കാൻ എനിക്കിഷ്ടമല്ല.''

''എനിക്കും ഇഷ്ടമില്ല. നമുക്ക് ഇവിടെ നിന്ന് മറ്റൊരിടത്തേക്ക് പോകാം.''


''ശരിയാണ്. പോകാം.''

''എവിടേക്ക്?''

ടോം കുറേനേരം ആലോചിച്ചിട്ട് പറഞ്ഞു.

''പ്രേതബാധയുള്ള വീട്.''

''വേണ്ട. പ്രേതബാധയുള്ള വീടുകൾ എനിക്ക് ഇഷ്ടമില്ല. മരിച്ചവരേക്കാൾ ഭയാനകമാണ് പ്രേതങ്ങൾ. പ്രേതങ്ങൾ ശവക്കച്ചയിൽ ഒഴുകിവരും. നമ്മുടെ തോളിന് മുകളിലൂടെ ഒളിഞ്ഞു



**"ഒരുത്തനെ കൊലചെയ്ത സ്ഥലത്തുപോകാൻ ആരും ഇഷ്ടപ്പെടുന്നില്ല. പക്ഷേ ഇന്നുവരെ അത്തരം വീടുകളിൽ ആരും പ്രേതങ്ങളെ കണ്ടിട്ടില്ല. ചിലപ്പോഴൊക്കെ ജനലിനരികിലൂടെ ഒരു നീലവെളിച്ചം പോകുന്നത് മാത്രം കണ്ടിട്ടുണ്ട്." ടോം തന്റെ അറിവുകൾ വിളമ്പി.**

നോക്കി പല്ലിറുമ്മും. എനിക്ക് അതൊന്നും സഹിക്കാനാകില്ല ടോമേ...''

''പക്ഷേ, പ്രേതങ്ങൾ രാത്രിയിൽ മാത്രമേ സഞ്ചരിക്കാറുള്ളൂ. നമ്മൾ പകൽ നിധി കുഴിക്കുമ്പോൾ അവർ നമ്മളെ ശല്യപ്പെടുത്തുകില്ല.''

''അങ്ങനെയാണോ... പക്ഷേ, ആളുകൾ പ്രേതബാധയുള്ള വീടിന്റെ അടുത്തേക്ക് രാത്രിയിലും പകലും പോകാറില്ല.''

''ഒരുത്തനെ കൊലചെയ്ത സ്ഥലത്തുപോകാൻ ആരും ഇഷ്ടപ്പെടുന്നില്ല. പക്ഷേ ഇന്നുവരെ അത്തരം വീടുകളിൽ ആരും പ്രേതങ്ങളെ കണ്ടിട്ടില്ല. ചിലപ്പോഴൊക്കെ ജനലിനരികിലൂടെ ഒരു നീലവെളിച്ചം പോകുന്നത് മാത്രം കണ്ടിട്ടുണ്ട്.'' ടോം തന്റെ അറിവുകൾ വിളമ്പി.

''ശരി, എങ്കിൽ നമുക്ക് ഒഴിഞ്ഞുകിടക്കുന്ന പ്രേതം ബാധിച്ച ആ വീട്ടിൽ തന്നെ

കുഴിച്ചുനോക്കാം. ഒരു ഭാഗ്യ പരീക്ഷണം.''

അപ്പോഴേക്കും അവർ കുന്നിൻചരുവിലൂടെ നടന്ന് തുടങ്ങിയിരുന്നു. അങ്ങ് താഴെ നിലാവിൽ കുളിച്ച താഴ്‌വരയിൽ, പ്രേതബാധയുള്ള വീട് അവർക്ക് കാണാമായിരുന്നു. പുല്ലും കുറ്റിച്ചെടികളും തഴച്ചുവളർന്നുനിൽക്കുന്ന, വേലിക്കെട്ടുകൾ പൊളിഞ്ഞുവീണ ഒരു സ്ഥലം. വീടിന്റെ ചിമ്മിനി മിക്കവാറും ഇടിഞ്ഞു വീണതായിരുന്നു; ജനലുകളുടെ കണ്ണാടിച്ചില്ലുകൾ പൊട്ടിതകർന്നിരുന്നു; മേൽക്കൂരയുടെ മൂലയ്ക്ക് ഒരു വലിയ വിടവും ഉണ്ടായിരുന്നു.

അവർ അവിടേക്ക് തുറിച്ചുനോക്കി. ജനലിനരികിലൂടെ ഒരു നീലവെളിച്ചം പോകുന്നത് കാണാമെന്നുള്ള പ്രതീക്ഷയിൽ. വളരെ പതുങ്ങിയ സ്വരത്തിൽ സംസാരിച്ചുകൊണ്ട് അവർ വലതുവശത്തേക്കു തിരിഞ്ഞ് കാർഡിഫ് കുന്നിനെ മൂടിനിൽക്കുന്ന കുറ്റിക്കാടുകൾക്കിടയിലൂടെ ആ വീടിനെ ലക്ഷ്യമാക്കി നടന്നു.

അടുത്തദിവസം വെള്ളിയാഴ്ച ആയതിനാൽ അന്ന് പ്രേതബാധയുള്ള വീട്ടിൽ പോകാൻ കൊള്ളില്ലെന്ന് ഹക്ക് പറഞ്ഞു. തന്നെയുമല്ല കഴിഞ്ഞ രാത്രിയിൽ അവൻ കുറേ എലികളെ സ്വപ്നം കാണുകയും ചെയ്തിരുന്നു.

''ഓ... കുഴപ്പങ്ങൾ ഉണ്ടാകുമെന്നുള്ള സൂചന. അവർ കടിപിടി കൂടുകയായിരുന്നോ?''

''അല്ല.''

''എങ്കിൽ കുഴപ്പമില്ല, ഹക്കേ... ഉപദ്രവങ്ങൾ കാണും, പക്ഷേ നമ്മൾ സൂക്ഷിച്ച് നടന്ന് അവയിൽ നിന്ന് രക്ഷപ്പെടണമെന്നാണ് സ്വപ്നത്തിന്റെ അർഥം. ഇന്നത്തേക്ക് ഇത് അവസാനിപ്പിക്കാം. നമുക്ക് കളിക്കാം.''

അന്ന് പകൽ മുഴുവൻ അവർ റോബിൻ ഹുഡ് കളിച്ചുനടന്നു. ധനികരെയും രാജാക്കന്മാരെയും കൊള്ളയടിക്കുന്ന കഥാപാത്രമായ റോബിൻ ഹുഡിനെ ഹക്കിന് വളരെ ഇഷ്ടപ്പെട്ടു.

എങ്കിലും അവർ സസൂക്ഷ്മം ആ വീടിനെ നിരീക്ഷിക്കുകയും അടുത്ത ദിവസത്തെ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. (തുടരും)



കവിത

# കിളിയറിവ്

## സുരേന്ദ്രൻ കാടങ്കോട്

കിളികളുടെ കൂട്ടിൽ
കളികളായിതെന്താണ്?
കലപിലകൾ കൂട്ടി
കരളുകോർത്തിടുന്നു.

കിളികളുടെ പാട്ടിൽ
കവിതയായിതെന്താണ്?
കനിമരച്ചോട്ടിലെ
കനിവാകും കഥയാണ്.

കിളികളുടെ കണ്ണിൽ
കുളിരായിതെന്താണ്?
കാത്തുകാത്തൊരു കനി
കനൽച്ചോപ്പണിഞ്ഞത്.

കിളികളുടെ തൂവലിൽ
കാണുവതെന്താണ്?
കനമില്ലാ മനമാണ്
കനമുള്ള അറിവാണ്.



വര : ആശ ആർ

# മഹാഭാരതം

സുഗതകുമാരി

# യുദ്ധം മുറുകുന്നു



വര: ജയേന്ദ്രൻ

കർണന്റെ ആവനാഴിയിൽ ഒരു ഭീകരമായ അസ്ത്രം, അശ്വസേനൻ എന്ന പാതാള സർപ്പം, അസ്ത്രരൂപത്തിലെത്തി പതുങ്ങിക്കിടപ്പുണ്ട്. അർജുനന്റെ മർമം പിളർക്കുന്ന അമ്പുകൾ ഒരു നിമിഷം ഇളവില്ലാതെ പാഞ്ഞുവന്നുകൊണ്ടിരിക്കുന്നതിനിടയിൽ ബാണതപ്തനായ കർണൻ വില്ലു കാതോളംവലിച്ച് ആ ഘോരാസ്ത്രം തൊടുത്തുവിട്ടു. കൊള്ളിമീൻ ചാടി, എങ്ങും ഹാഹാകാരം മുഴങ്ങി. ''നീ ചത്തു അർജുനാ!'' എന്നു കർണൻ ഗർജ്ജിച്ചു. വിഷംതുപ്പിക്കൊണ്ടും ചുവന്നു കത്തിജ്ജ്വലിച്ചുകൊണ്ടും ഭയാനകമായ ആ നാഗാസ്ത്രം അർജുനന്റെ കണ്ഠത്തിനു നേർക്ക് ഇരമ്പി കുതിച്ചെത്തുകയായി. അതുകണ്ട പാർഥസാരഥി കളിയായി തൃപ്പാദത്താൽ തങ്ങളുടെ തേരിനെ ഒന്നു കീഴോട്ടമർത്തി. കുതിരകൾ മുട്ടുകുത്തി. തേരു താണു. അപ്പോഴേക്ക് പാഞ്ഞെത്തിയ നാഗാസ്ത്രം അർജുനന്റെ ശിരസ്സിലെ സുവർണകിരീടത്തെ തകർത്തെറിച്ചുകൊണ്ടു കടന്നുപോയി! പടക്കളത്തിൽ ആരവം മുഴങ്ങി! ആകാശത്ത് വാദ്യഘോഷങ്ങൾ കേൾക്കായി. വിണ്ണിൽനിന്ന് ശ്രീകൃഷ്ണശിരസ്സിൽ പൂമഴ പൊഴിഞ്ഞു. പൊന്മുത്തും രത്നങ്ങളും പതിച്ചതും ദേവേന്ദ്രനുവേണ്ടി വിശേഷാൽ നിർമിക്കപ്പെട്ടതും വിശുദ്ധവുമായ ആ ദിവ്യകിരീടം, ഇന്ദ്രൻ, അസുരനിഗ്രഹം കഴിഞ്ഞുവന്ന പുത്രനെ വാത്സല്യത്തോടെ അണിയിച്ചത്, കത്തിക്കറുത്തുടഞ്ഞ് ഭൂമിയിൽവീണ കാഴ്ച കാണികളെ അമ്പരപ്പിച്ചു. നിരാശനായ അശ്വസേനനാഗം കർണനോടു ചൊടിച്ചു. ''നീ നേരെ നോക്കി എയ്യാത്തതെന്ത്!'' അർജുനവധത്തിനായി സർപ്പം സ്വയം പറന്നടുത്തു. ഗരുഡന്റെ നേരേവരുന്ന പാമ്പിനെപ്പോലെ പാർഥന്റെ നേർക്കു ചീറിവന്ന അശ്വസേനനാഗം പാർഥന്റെ കൂരമ്പേറ്റു മൂന്നു കഷണങ്ങളായി ചത്തുവീണു.

കിരീടം വീണു മുടിചിതറിയ ശിരസ്സിൽ വെള്ളപ്പട്ടുകൊണ്ടു തലപ്പാവുകെട്ടി പാർഥൻ വില്ലെടുത്ത് നിവർന്നുനിന്നു. പാർഥസാരഥിയാകട്ടെ, നിലത്തിറങ്ങി സ്വന്തം കൈകളാൽ തന്നെ മണ്ണിലാഴ്ന്നുപോയ രഥചക്രങ്ങളെ ഉയർത്തി. ആ സമയം നോക്കി കർണൻ പാർഥനെ നോക്കിക്കൊണ്ടു തന്നെ കൂർത്തുമൂർത്ത പത്തമ്പുകൾ വാസുദേവ ശരീരത്തിലേക്കെയ്തു. കോപത്തോടെ പാർഥൻ ഉഗ്രബാണങ്ങളയച്ചു. കർണന്റെ പടച്ചട്ട പിളർന്നു ചോരയൊഴുക്കി. പ്രതികാരമായി കർണൻ വിഷംചീറ്റുന്ന പാമ്പിനെപ്പോലെ പന്ത്രണ്ടമ്പിനാൽ ശ്രീകൃഷ്ണനെയും തൊണ്ണൂറമ്പിനാൽ പാർഥനെയും കീറിപ്പിളർന്ന് ഉറക്കെച്ചിരിച്ചു. ഉടൻ അർജുനൻ പൊൻകെട്ടുള്ള ഇരുമ്പുകൂരമ്പുകൾ കർണന്റെ മാർത്തട്ടു നോക്കിയയച്ചു. ചട്ട കീറി, വില്ലു വീണ് കുറച്ചിട കർണൻ മയങ്ങിനി

ന്നാടിപ്പോയി. അർജുനൻ അമ്പെയ്യാതെ കാത്തുനിന്നു. അമ്പുകൾ പരക്കെയേറ്റു നിണം ചുരന്ന മെയ്യുമായി കർണ്ണൻ വീണ്ടും സർപ്പോഗ്രശരങ്ങൾ പൊഴിച്ചുതുടങ്ങി. പത്തമ്പുകൾ അർജുനന്റെ മെയ്യിൽ തറച്ചു. ഉഗ്രമായ ഒരമ്പു പാർഥസാരഥിയുടെ ദേഹത്തും തറച്ചുകയറി. ക്രോധാരക്താക്ഷനായി അർജുനൻ രൗദ്രമഹാസ്ത്രം പോലുള്ള ഇരുമ്പുബാണങ്ങൾ ഗാണ്ഡീവത്തിൽ തൊടുത്തു. അതിനു പ്രത്യസ്ത്രമായി ബ്രഹ്മാസ്ത്രം അയയ്ക്കുവാൻ തുടങ്ങിയ കർണ്ണൻ 'കാലമായി' എന്നു കാലൻ വിളിച്ചറിയിച്ചതുപോലെ മന്ത്രം മറന്ന് അശക്തനായി നിന്നുപോയി! ഉടൻ ഒരു കുലുക്കത്തോടെ കർണ്ണന്റെ തേരിന്റെ ഒരു ഉരുൾച്ചക്രം ചോരച്ചെളിമണ്ണിലാണ്ടു പോവുകയുമായി...! തേര് അനങ്ങാതായതും ബ്രഹ്മാസ്ത്രം മറന്നുപോയതും നാഗാസ്ത്രം നിഷ്ഫലമായതുമോർത്ത് കർണ്ണൻ വിഷാദിച്ചു; 'ധർമിഷ്ഠരെ ധർമം കാക്കുമെന്നു ചൊന്നതു വെറുതയല്ലേ?' എന്നു ശങ്കിച്ചു. 'ഹാ, ധർമം എത്ര പാലിച്ചാലും അതു തന്റെ ഭക്തരെ കാക്കുകയില്ല' എന്നു നിന്ദിച്ചു, പിന്നെ മൂന്ന് അത്യുഗ്രബാണങ്ങളെടുത്തെയ്ത് കർണ്ണൻ പാർഥസാരഥിയുടെ കൈയും പാർഥന്റെ മെയ്യും പിളർന്നു, എന്നിട്ടു പറഞ്ഞു. ''നോക്കൂ അർജുനാ, എന്റെ തേർച്ചക്രം താണുപോയി. അത് ഉയർത്തുന്നതുവരെ ബാണം എയ്യരുത്. ധർമം പാലിക്കുക. കൃഷ്ണനെയും നിന്നെയും ഞാൻ പേടിച്ചിട്ടല്ല പറയുന്നത്. പാണ്ഡവ, ധർമം പാലിക്കുക.''

ശ്രീവാസുദേവൻ പറഞ്ഞു, ''കർണ്ണാ, ഭാഗ്യം തന്നെ, നീ ധർമത്തെ സ്മരിക്കുന്നുവല്ലോ! ഒറ്റച്ചേലയുടുത്ത കൃഷ്ണയെ സഭയിലിട്ട് വലിച്ചിഴച്ചപ്പോൾ നിനക്കെന്തേ

**ലജ്ജകൊണ്ട് ഒന്നും മിണ്ടാനാവാതെ കർണ്ണൻ തുടരെ അമ്പുകൾ അയച്ചു. ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ചു. അർജുനൻ പ്രത്യസ്ത്രങ്ങളാൽ അവയെ സംഹരിച്ചു. എന്നിട്ടും കർണ്ണൻ സർവലോകഭയങ്കരവും തീക്ഷ്ണവുമായ ഒരു ദിവ്യാസ്ത്രം പാർഥന്റെ മാറിടത്തിലേക്കയച്ചു. അത് തുളഞ്ഞുകയറി വിറച്ചുനിന്നുപോയീ അർജുനൻ.**

ധർമം തോന്നാഞ്ഞൂ? ചൂതറിയാത്ത ധർമപുത്രനെ അക്ഷജ്ഞനായ ശകുനി കള്ളച്ചൂതിൽ വെന്നപ്പോൾ എവിടെപ്പോയിരുന്നു നിന്റെ ധർമം! ഭീമനു വിഷം കൊടുത്തതും അരക്കില്ലത്തിലിട്ടു ചുട്ടതും പാഞ്ചാലിയെ അപമാനിച്ചതും നീ അറിഞ്ഞിട്ടില്ലേ? പതിമൂന്നുവർഷം കഴിഞ്ഞ് പാണ്ഡവർ വന്നുചോദിച്ചപ്പോൾ പാതി നാടു കൊടുക്കേണ്ടാ എന്നു പറഞ്ഞവനല്ലേ നീ! അപ്പോൾ എവിടെപ്പോയിരുന്നു നിന്റെ ധർമം! മഹാരഥന്മാർ പലർകൂടി വളഞ്ഞ് കുട്ടിയായ അഭിമന്യുവിനെ വെട്ടിക്കൊന്നപ്പോൾ ഹേ കർണ്ണാ, എങ്ങുപോയീ നിന്റെ ധർമം!''

ലജ്ജകൊണ്ട് ഒന്നും മിണ്ടാനാവാതെ കർണ്ണൻ തുടരെ അമ്പുകൾ അയച്ചു. ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ചു. അർജുനൻ പ്രത്യസ്ത്രങ്ങളാൽ അവയെ സംഹരിച്ചു. എന്നിട്ടും കർണ്ണൻ സർവലോകഭയങ്കരവും തീക്ഷ്ണവുമായ ഒരു ദിവ്യാസ്ത്രം പാർഥന്റെ മാറിടത്തിലേക്കയച്ചു. അത് തുളഞ്ഞുകയറി വിറച്ചുനിന്നുപോയീ അർജുനൻ. ഉടൻ കർണ്ണൻ താഴത്തേക്കിറങ്ങി തേരുരുൾ പൊക്കുവാൻ തന്നാൽ ആവുന്നതു ശ്രമിക്കുകയായി.



ശാപഗ്രസ്തനായ കർണ്ണന് അതിന് സാധിക്കുന്നില്ല. പാർഥസാരഥി പറഞ്ഞു, ''പാർഥാ, കർണ്ണൻ തേരിൽ കയറുംമുമ്പ് വധിക്കൂ അവനെ!'' ഭഗവാനെ വന്ദിച്ച് വിജയൻ ആവനാഴിയിൽനിന്ന് അഞ്ജലികമെന്ന സമ്പൂജിതവും ഭയങ്കരവുമായ അസ്ത്രമെടുത്ത് ഗാണ്ഡീവത്തിൽ തൊടുക്കുകയായി. മഹർഷിമാർ 'സ്വസ്തി സ്വസ്തി' എന്നു ജപിച്ചു. മഹാസ്ത്രം ജ്വലിച്ചണഞ്ഞ് കൊടിയും കൊടിമരവും വീഴ്ത്തി കർണ്ണന്റെ ശിരസ്സു മുറിച്ചിട്ടു! സൈന്യത്തിൽ നിന്നു ഹാഹാരവമുയർന്നു. അസ്താദ്രിശൃംഗത്തിൽനിന്നു സൂര്യൻ പതിക്കുംപോലെ ആ തേജോമയമായ ശരീരം വിട്ട് മണികുണ്ഡലകിരീടഭൂഷിതവും പരമസുന്ദരവുമായ കർണ്ണമുഖം ചോരയും ചെളിയും കെട്ടിക്കിടക്കുന്ന രണഭൂമിയിൽ വീണുകിടന്നു തിളങ്ങി. മുറിഞ്ഞകണ്ഠത്തിൽ നിന്നു ചോരചീറ്റവേ ഒരു തേജസ്സ് ഉയർന്നുപൊങ്ങി സൂര്യബിംബത്തിൽ ലയിക്കുന്നതു ചിലർ അദ്ഭുതത്തോടെ കണ്ടു! വിജയശംഖനാദം മുഴങ്ങി. സൂര്യദേവൻ മേഘങ്ങളാൽ തന്റെ മ്ലാനമുഖം മറച്ചു. പാണ്ഡവസേനയിൽ വിജയഘോഷം മുഴങ്ങി.

അത്യന്തം ദുഃഖിതനായ ധൃതരാഷ്ട്രർ ചോദിച്ചു, ''സഞ്ജയാ, ഇതെല്ലാം കേൾക്കുവാൻ ഞാൻ ജീവിച്ചിരിക്കുന്നുവല്ലോ. പറയൂ, പിന്നീടെന്തുണ്ടായി?''

സഞ്ജയൻ പറഞ്ഞു, ''മഹാവീരനായ കർണ്ണൻ, സൂര്യൻ ആകാശത്തുനിന്നു പതിച്ചതുപോലെ ശിരസ്സറ്റുവീണതു കണ്ട് കൗരവസൈന്യം പിന്തിരിഞ്ഞോടി. ദുര്യോധനൻ മഹാദുഃഖത്തിലാണ്ടു. താൻ ആരിലാണോ പൂർണവിശ്വാസമർപ്പിച്ചിരുന്നത്, ആ മഹാരഥനായ ഉറ്റതോഴനും പ്രിയപ്പെട്ട അനുജൻ ദുശ്ശാസനനും മറ്റനേകം അനുജന്മാരും മഹാപ്രാജ്ഞനായ ദ്രോണാചാര്യരും വധിക്കപ്പെട്ടു കഴിഞ്ഞു. ഭീഷ്മപിതാമഹൻ സമയംകാത്ത് ശരശയ്യയിൽ കിടക്കുന്നു. മനസ്സു നിറയെ വൈരാഗ്യവുമായി ദുര്യോധനൻ സൂതനോടു കല്പിച്ചു, ''സൂത, പിൻപുറത്തുകൂടെ തേരുവിടുക. ഇരുപത്തയ്യായിരം സൈനികർ എന്നോടൊപ്പം വരട്ടെ. പിന്നിലൂടെയുള്ള ആക്രമണത്തിൽ ഞാനാ ഭീമാർജുനന്മാരെ കൊന്നൊടുക്കുന്നുണ്ട്.'' സൂതൻ ആവിധം ചെയ്തു. പിന്നിലൂടെ വന്ന കൗരവപ്പടയെക്കണ്ട് ഭീമൻ അട്ടഹാസത്തോടെ തിരിഞ്ഞേറ്റു. സിംഹഗർജനത്തോടെ ഗദയുമായി ചാടിയെത്തിയ ഭീമസേനൻ കാലാൾപ്പടയെ തച്ചുടച്ചു. ധൃഷ്ടദ്യുമ്നനും ധനഞ്ജയനും ശിഖണ്ഡിയും പാണ്ഡവസോദരന്മാരുമെല്ലാം തിരിഞ്ഞ് പടനിലത്തു നിരന്നപ്പോൾ കൗരവസൈന്യം പിന്തിരിഞ്ഞോടി. ദുര്യോധനന്റെ ഗർജനങ്ങൾക്കൊന്നും അവരെ തിരിച്ചെത്തിക്കാനായില്ല.

**പോർനിലത്ത് ചോരചിന്തി മരിച്ചുകിടക്കുന്ന വേളയിലും കർണമുഖത്തെ ദിവ്യസൗന്ദര്യതേജസ്സ് വിട്ടൊഴിഞ്ഞില്ല. പൊന്നിന്റെ നിറമുള്ള ആ ഉടൽ മിന്നിക്കൊണ്ടേയിരുന്നു. അഴകിയന്ന മുടിക്കെട്ടും തിലകവും കുണ്ഡലങ്ങളുമണിഞ്ഞ ആ പൂർണചന്ദ്രമുഖം ശോഭിച്ചുതന്നെ കാണായി.**

ശല്യർ പറഞ്ഞു, ''ദുര്യോധനാ, ചോരയും ജഡങ്ങളുംകൊണ്ട് ഭീകരമായ ഈ പടനിലം നോക്കൂ, എത്രയായിരംപേർ നമുക്കുവേണ്ടി ഇവിടെ ചത്തുവീണു! പിളർന്ന പൊൻചട്ടകളും പൊട്ടിയ വില്ലുകളും വാളും കത്തികളും വെഞ്ചാമരങ്ങളും ഉടഞ്ഞതേരുകളും ചോരയിൽ പുതഞ്ഞ കൊടികളും അറ്റുപോയ വാളേന്തിയ കരങ്ങളും ഒഴുകുന്ന ചോരപ്പുഴയും– മതി. നമുക്കു ശിബിരത്തിലേക്കു പോകാം.''

''ഹാ കർണാ, കർണാ!'' എന്നു വീണ്ടും വീണ്ടും വിളിച്ചു കണ്ണീരൊലിപ്പിച്ചു നിൽക്കുന്ന ദുര്യോധനനെ ഉറ്റവർ നിർബന്ധിച്ച് ശിബിരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

പോർനിലത്ത് ചോരചിന്തി മരിച്ചുകിടക്കുന്ന വേളയിലും കർണമുഖത്തെ ദിവ്യസൗന്ദര്യതേജസ്സ് വിട്ടൊഴിഞ്ഞില്ല. പൊന്നിന്റെ നിറമുള്ള ആ ഉടൽ മിന്നിക്കൊണ്ടേയിരുന്നു. അഴകിയന്ന മുടിക്കെട്ടും തിലകവും കുണ്ഡലങ്ങളുമണിഞ്ഞ ആ പൂർണചന്ദ്രമുഖം ശോഭിച്ചുതന്നെ കാണായി. വിരിമാറിടത്തിൽ പൊന്മാലയും കനത്തതോളുകളിൽ തോൾവളയും അമ്പുകളേറ്റു പിളർന്ന പൊൻചട്ടയും ചോരയിൽ മുങ്ങിയ പട്ടാടയുമായി സർവാലങ്കാരഭൂഷിതനായി ഉറങ്ങിക്കിടക്കുന്ന ദേവരാജനെപ്പോലെ ആ മഹാവീരൻ ചോരച്ചെളിയിൽ ചത്തുകിടന്നു. ചുവന്നു കലങ്ങിയ കണ്ണുകളുമായി സൂര്യദേവൻ പടിഞ്ഞാറേക്കടലിൽ മുങ്ങി.

സഞ്ജയനിൽനിന്ന് ഈ വിവരണമെല്ലാം കേട്ട ധൃതരാഷ്ട്രർ തളർന്നുവീണുപോയി. ശോകാർത്തയായ ഗാന്ധാരീദേവിയും 'ഹാ കർണ! കർണ!!' എന്നു വിളിച്ചു മണ്ണിൽവീണു കരഞ്ഞു. പാണ്ഡവരുടെ കൈനിലയിൽ വിജയാഹ്ലാദത്തെക്കാളധികം ആശ്വാസമായിരുന്നു നിറഞ്ഞുനിന്നത്. യുധിഷ്ഠിരൻ പറഞ്ഞു, ''പതിമൂന്നുവർഷത്തിനുശേഷം എനിക്കിന്നു സ്വസ്ഥമായി ഉറങ്ങാം. ഹേ ശ്രീവാസുദേവാ, അങ്ങയുടെ കൃപയാൽ അർജുനന് ഈ കർമം ചെയ്യുവാൻ സാധിച്ചു.അങ്ങയ്ക്ക് ഒരായിരം നമസ്കാരം!'' (തുടരും)

ഇളം തളിര്


ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

# ദ ഇമ്മോർട്ടൽ ലൈഫ് ഓഫ് ഹെൻറിയറ്റ ലാക്ക്സ് - ഒരു ആസ്വാദനം

## (The Immortal Life of Henrietta Lacks)

**നന്ദന ആഗി**
**ലെക്കോൾ ചെമ്പക, ശ്രീകാര്യം പി ഒ, തിരുവനന്തപുരം.**






മനുഷ്യരാശിയിലെ ആദ്യത്തെ മരണമില്ലാത്ത കോശങ്ങളുടെ (സെല്ലുകൾ) പേര് ഹീലാ എന്നാണ്. ലോകത്തുള്ള ഹീലാസെല്ലുകളെല്ലാം അടുക്കിവച്ചാൽ ഭൂമിയെ മൂന്നുതവണ ചുറ്റാനുള്ള നീളം അവയ്ക്കുണ്ട്. അത്രയധികം ഹീലാസെല്ലുകൾ ശാസ്ത്രലോകം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

എന്നാൽ എവിടെനിന്നാണ് ഇവ വന്നത്? ആധുനിക വൈദ്യശാസ്ത്രത്തിന് മുതൽക്കൂട്ടായ അനവധി പരീക്ഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും കാരണമായ ഇവയ്ക്കുപിന്നിൽ ഒരു കഥയുണ്ട്. ആ കഥയാണ് ഈ പുസ്തകം പറയുന്നത്.

ഹെൻറിയറ്റ ലാക്ക്സ് എന്ന കറുത്തവർഗക്കാരിയായ യുവതിയിൽ നിന്നാണ് ഈ സെല്ലുകൾ വരുന്നത്. മാരകമായ കാൻസർ (Cervical cancer) ബാധിച്ച് 1951ൽ ഇവർ മരണമടഞ്ഞു. ചികിത്സയ്ക്കായെത്തിയ ജോൺ ഹോപ്കിൻസ് ആശുപത്രിയിലെ പരീക്ഷണങ്ങൾക്കായാണ് ഹെൻറിയറ്റയുടെ ശരീരത്തിൽ നിന്ന് കാൻസർ ബാധിച്ച സ്ഥലത്തുനിന്നും സെല്ലുകൾ ഡോക്ടർമാർ എടുക്കുന്നത്.

ജോർജ് ഗെയ് (George Gey) എന്ന ശാസ്ത്രജ്ഞനും ഭാര്യയായ മാർഗരറ്റും ആദ്യത്തെ മരണമില്ലാത്ത മനുഷ്യകോശ

ങ്ങളെ വികസിപ്പിച്ചെടുക്കാനുള്ള പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ജോൺ ഹോപ്കിൻസിൽ വരുന്ന ഒട്ടുമിക്ക കാൻസർ രോഗികളുടെയും കോശങ്ങൾ ഇവർ പരീക്ഷണത്തിനു വിധേയമാക്കുമായിരുന്നു. മേരി കുബിസെക്ക് എന്ന ചെറുപ്പക്കാരിയായിരുന്നു ഇതിൽ അവരെ സഹായിച്ചിരുന്നത്. എല്ലാ സെല്ലുകളും തന്നെ വൈകാതെ മരിച്ചുപോയിരുന്നു.

പരീക്ഷണങ്ങളിൽ തുടർച്ചയായ പരാജയം മാത്രം ഉണ്ടായ മേരിയുടെ മുന്നിൽ ഹെൻറിയറ്റയുടെ സെല്ലുകൾ എത്തിയപ്പോൾ അതും ഒരു സാധാരണ സെല്ലിനെപ്പോലെയാകുമെന്ന് മേരി കരുതി. എല്ലാ സെല്ലുകൾക്കും പേരു നൽകുന്നതുപോലെ അവരുടെ പേരിലെ രണ്ടു വാക്കുകളിൽനിന്നും ആദ്യത്തെ രണ്ടക്ഷരമെടുത്ത് ഹീലാ (Hela-Henrietta Lacks) എന്നവർ അതിന് പേരിട്ടു.



എന്നാൽ സമയം ഏറെയായിട്ടും അവ ജീവിച്ചിരുന്നു. സെല്ലുകൾ മരിച്ചില്ലെന്നു മാത്രമല്ല, അവ അനിയന്ത്രിതമായി വളരാൻ തുടങ്ങി. ശാസ്ത്രമേഖലയിൽ വിപ്ലവം സൃഷ്ടിച്ച കോശങ്ങളുടെ തുടക്കമായിരുന്നു അത്.

ഏറെ വൈകാതെ ഹെൻറിയറ്റ രോഗത്തിനു കീഴടങ്ങി. പക്ഷേ അവരുടെ സെല്ലുകൾ വളർന്നുകൊണ്ടിരുന്നു. എന്നാലിത് അവരുടെ കുടുംബത്തിലാരും തന്നെ അറിഞ്ഞിരുന്നില്ല.

ഹെൻറിയറ്റയുടെ അനുവാദം ഇല്ലാതെയാണ് അവ ഡോക്ടർമാർ എടുത്തത്. ഹെൻറിയറ്റയുടെ മരണത്തിനു ശേഷം ഇരുപത്തിയഞ്ചുവർഷം കഴിഞ്ഞാണ് അവരുടെ മക്കൾ തങ്ങളുടെ അമ്മയുടെ സെല്ലുകൾ ഇന്നും ജീവിച്ചിരിപ്പുണ്ട് എന്ന വിവരം അറിയുന്നത്. അതവരുടെ ജീവിതം എന്നെന്നേക്കുമായി മാറ്റിമറിച്ചു.



ഹെൻറിയറ്റ ലാക്ക്സ്, ഡേവിഡ് ലാക്ക്സ്

പോളിയോ വാക്സിൻ പരീക്ഷണം, ഹീമോഫിലിയ, ലുക്കീമിയ, പാർക്കിൻസൺസ് ഡിസീസ് അങ്ങനെ നിരവധി രോഗങ്ങളെക്കുറിച്ച് പഠിക്കാനും മരുന്നുകൾ വികസിപ്പിക്കാനും ഹീലാ സഹായിച്ചു. ധാരാളം ശാസ്ത്ര പ്രബന്ധങ്ങൾ ഹീലയെക്കുറിച്ചെഴുതപ്പെട്ടു. വൈദ്യശാസ്ത്രത്തിന്റെ പുരോഗതിയിൽ ഹീലയുടെ സംഭാവന ചെറുതല്ല.

ഹെൻറിയറ്റയുടെ കഥയെക്കുറിച്ച് ചിന്തിക്കുമ്പോൾ അന്ന് അമേരിക്കയിൽ നിലനിന്ന വംശീയതയെക്കുറിച്ച് പറയേണ്ടതുണ്ട്. കറുത്തവർഗക്കാരെ രണ്ടാംതരക്കാരായിക്കണ്ടിരുന്ന വളരെ ക്രൂരമായ സാമൂഹിക പശ്ചാത്തലത്തിലാണ് ഹെൻറിയറ്റ ജീവിച്ചിരുന്നത്. ഹെൻറിയറ്റക്കോ അവരുടെ ഭർത്താവായ 'ഡേ' എന്ന ഡേവിഡിനോ മതിയായ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. കറുത്തവർഗക്കാരോടുള്ള അവഗണനയും സാമൂഹിക വേർതിരിവും മൂലം ഹെൻറിയറ്റയ്ക്ക് ആവശ്യമായ ചികിത്സപോലും കിട്ടിയില്ല. അതുകൊണ്ടു തന്നെ പലവിധ അസുഖങ്ങളും അവരെ അലട്ടിയിരുന്നു. രോഗികളുടെ, പ്രത്യേകിച്ച് കറുത്തവരുടെ ശരീരഭാഗങ്ങളോ കോശങ്ങളോ ഉപയോഗിക്കുമ്പോൾ അവരുടെ അനുവാദം വാങ്ങുന്ന പതിവ് 1950കളിൽ ഇല്ലായിരുന്നു. കൂടാതെ അവരിൽ ചെയ്യുന്ന ചികിത്സകളെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുമൊന്നും അവർക്ക് അറിവില്ലായിരുന്നു.

ശാസ്ത്രത്തിന്റെയും മനുഷ്യരുടെയും വംശീയതയുടെയും നൈതികതയുടെയും കഥ ആഴത്തിൽ ചർച്ചചെയ്യുന്നൊരു പുസ്തകമാണ് ദി ഇമ്മോർട്ടൽ ലൈഫ് ഓഫ് ഹെൻറിയറ്റ ലാക്ക്സ്. റെബേക്ക സ്ക്ലൂട്ടിന്റെ ചിന്തിപ്പിക്കുന്ന എഴുത്ത് നമുക്ക് വേറിട്ടൊരു കാഴ്ചപ്പാട് നൽകും.

ശാസ്ത്രവിഷയങ്ങൾ മനസ്സിലാകുംവിധം രസകരമായി അവതരിപ്പിക്കാൻ റെബേക്കയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ലാക്ക്സ് കുടുംബത്തെക്കുറിച്ചും ദാരിദ്ര്യത്തെക്കുറിച്ചും ഈ പുസ്തകം പറയുന്നുണ്ട്. വളരെ രസകരമായ രീതിയിൽ ചരിത്രവും ശാസ്ത്രവും ജീവിതകഥകളും ഉള്ള ഈ പുസ്തകം ഞാൻ വളരെയധികം ആസ്വദിച്ചു. ഇത് നിങ്ങൾക്കും ഇഷ്ടപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.





# ഞങ്ങൾ പകർത്തിയത്

**ഫോട്ടോ : ശ്രീഹരി എസ് ജെ,**
**ക്ലാസ്സ് 10,**
**ലിറ്റിൽ ഫ്ളവർ ഇ എം എച്ച് എസ് എസ്,**
**ഇടവ.**



# വര, ക്രാഫ്റ്റ്



അൽഫെറിന കെ എ,
ക്ലാസ്സ് 9,
അമൃത സാൻസ്ക്രിറ്റ് എച്ച് എസ് എസ്,
പാരിപ്പള്ളി, കൊല്ലം.



അനുഗ്രഹ അനിൽ,
ക്ലാസ് 8 ബി,
ഗവ. എച്ച് എസ് എസ്,
തട്ടത്തുമല.



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# തളിര് സ്കോളർഷിപ്പ് പരീക്ഷ - അനുഗ്രഹ് വി കെയ്ക്കും നിനവ് ഡി ആറിനും ഒന്നാം റാങ്ക്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ തളിര് സ്കോളർഷിപ്പ് പരീക്ഷയിലെ സംസ്ഥാനതല വിജയികളെ പ്രഖ്യാപിച്ചു.


സീനിയർ വിഭാഗത്തിൽ എറണാകുളം തൃക്കാക്കര ജി വി എച്ച് എസ് എസിലെ അനുഗ്രഹ് വി കെയും ജൂനിയർ വിഭാഗത്തിൽ പാലക്കാട് മാന്നനൂർ എ യു പി സ്കൂളിലെ നിനവ് ഡി ആറും ഒന്നാം റാങ്ക് കരസ്ഥമാക്കി. സീനിയർ വിഭാഗത്തിൽ കൊല്ലം ചിതറ ജി ജി എച്ച് എസ് എസിലെ ദുർഗ്ഗ അനിൽ പി രണ്ടാം റാങ്കും മലപ്പുറം കാലിക്കറ്റ് സർവ്വകലാശാല ജി എം എച്ച് എസ് എസിലെ ശ്രീനന്ദ് സുധീഷ് മൂന്നാം റാങ്കും കരസ്ഥമാക്കി.

ജൂനിയർ വിഭാഗത്തിൽ കണ്ണൂർ പാനൂർ യു പി എസിലെ  ദേവ്കിഷൻ സി രണ്ടാം റാങ്കും കാസർഗോഡ് ചെമ്മനാട് ജി യു പി എസിലെ അർജ്ജുൻ എ കെ മൂന്നാം റാങ്കും നേടി.

പതിനായിരം രൂപയും ഫലകവും സാക്ഷ്യപത്രവുമാണ് ഒന്നാം സ്ഥാനത്തിന് അർഹരായവർക്കു ലഭിക്കുന്ന സ്കോളർഷിപ്പ്. യഥാക്രമം 5000 രൂപ, 3000 രൂപയാണ് രണ്ടും മൂന്നും സ്ഥാനക്കാർക്കുള്ള സ്കോളർഷിപ്പ്. ജില്ലാതല വിജയികൾ ഉൾപ്പടെ എഴുതിയ 2500ഓളം കുട്ടികൾക്ക് തളിര് സ്കോളർഷിപ്പ് ലഭ്യമായിട്ടുണ്ട്.

## സീനിയർ വിഭാഗം

ഒന്നാം റാങ്ക്



അനുഗ്രഹ് വി കെ

രണ്ടാം റാങ്ക്



ദുർഗ്ഗ അനിൽ

മൂന്നാം റാങ്ക്



ശ്രീനന്ദ് സുധീഷ്

## ജൂനിയർ വിഭാഗം

ഒന്നാം റാങ്ക്




നിനവ് ഡി ആർ

രണ്ടാം റാങ്ക്



ദേവ്കിഷൻ സി

മൂന്നാം റാങ്ക്



അർജ്ജുൻ എ കെ

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 June 2021
Regd KL/TV (N)/399/2021-2023 Published on 29-05-2021 Vol:27, Issue:06, ₹20

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276,
Mob : 8547971483
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം, സാഹിതി തിരുവനന്തപുരം തുടങ്ങിയ ഇടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ACCOUNT NUMBER : 67178297569. IFSC : SBIN0000941

ഈ അക്കൗണ്ട് നമ്പരിലേക്ക് പണം അയച്ചാലും പുസ്തകങ്ങൾഅയച്ചുതരുന്നതാണ്.

## തളിര്



കുട്ടികളുടെ മാസിക
വില 20രൂപ
**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: **8547971483.**

ACCOUNT NUMBER : **30583524448**. IFSC : **SBIN0004360**